# A SKETCH OUT OF MY FATHER

Born on July 29, 1939 (few hours after midnights) in a small backward village (at that time) named Vilayil near Areacode in Malappuram district, alike every ordinary children my father also had to face the unreading hazards of life.

He was the member of a middle class family, but his parents owned a big house (Nalukkettu) and I suppose evey soom of this was occupied by his relatives and their children. He was brought up in a joint family.

Christened as Govindan Nair, he had to part his mother at the age of eight After that he was looked after by his kuttiedathi (elder sister).

He had his primery education in Govt school in Areacode and joined High school at Merayur (where we are residing) for secondery studies. He passed the seam dary acomination in high markes.

After that he was in search of a job for support up the family. First he got a small job of packing things in a small shop. Ever now I watch with what artistic skill he covers various things (books, presentation, grocery). After that he worked as a bill collector in a society for some time. He stated his career as a clerck in NCC at Calicut leaving the job of Bill collector, working in NCC for two years he got job in civil supplies Dept. Every one advised him not accept this job but he took a decision of his own and accepted it. Even now he says the impact that strong decision had in his life. Gradually getting promotions he worked in various posts in various pleace (Kazargode to Ernakulam)

In 1969 he got married with sarojini member of some what afftent family. After the marriage he decided to reside at Marayar near to my mother's house where he could have enough travelling teuilitier and other feuilition like power and water.



He survices three children a daughter, son and myself. I am the your gest child of him and I frequently obtained special treatment from him due to this.

In 1994 he retired as city sationing office of Calicut and now he in engaged in a small business in CLT.

Ever now he wred to tell me sweet memorise of his child hood. The experience during this fousney to the school through the puddy filds and hille. He also remember the great festival at manjeri.

He is the guide spint and light of my life ■

# അനിവാര്യമായ ചരിത്ര പുനഃസംവിധാനം



ഓസ്കാർ വൈൽഡ് ഒരിക്കൽ പറഞ്ഞു. "ചരിത്രം സൃഷ്ടിക്കാൻ ഏതു വിഡ്ഢിക്കും കഴിയും, പക്ഷേ അത് ആലേഖനം ചെയ്യാൻ ഒരു പ്രതിഭാശാലി തന്നെ വേണം." കഴിഞ്ഞ കാലസംഭവങ്ങളുടെ എഴുതപ്പെട്ട രേഖയാണ് ചരിത്രം. ചരിത്ര രചന നിർവ്വഹിക്കുന്നവർ, പ്രതിഭകളാവട്ടെ, അല്ലാതിരിക്കട്ടെ ചരിത്ര രചനയിൽ പലപ്പോഴായി കടന്നു വന്നതും, മനപ്പൂർവ്വം കൂട്ടിച്ചേർത്തതുമായ സംഭവങ്ങൾ ഇന്നും ചരിത്രാന്വേഷികൾ വസ്തുതകൾ അറിയാതെ പഠിച്ചുകൊണ്ടിരിക്കുകയാണ്.

ഇന്ത്യൻ ചരിത്രത്തെ വികലമാക്കിയതിൽ ബ്രിട്ടീഷുകാരായ ചരിത്രകാരന്മാർക്ക് ചെറുതല്ലാത്ത പങ്കുണ്ട്. എന്നു മാത്രമല്ല അവസരം കിട്ടുമ്പോഴൊക്കെ പ്രബലരായ ഹിന്ദു മുസ്ലിം സമുദായങ്ങളെ ഐക്യപ്പെടുന്നതിൽ നിന്നകറ്റാൻ തന്ത്രപൂർവ്വം അവർ ശ്രമങ്ങൾ നടത്തുകയും ചെയ്തിട്ടുണ്ട്. ഭിന്നിപ്പിച്ചു ഭരിക്കുക എന്ന നൂതന

ഭരണരീതി ബ്രിട്ടീഷുകാരന്റെ മനോമുകുരത്തിൽ ഉദിച്ചതുതന്നെ ഹിന്ദുക്കളെയും, മുസ്ലിംകളെയും ഒരേകകത്തിന്റെപ്രതലത്തിൽ നിന്നകറ്റുന്നതിനു വേണ്ടിയായിരുന്നു.

ബ്രിട്ടീഷ് ചരിത്രകാരന്മാർ തന്ത്രപൂർവ്വം ചരിത്രം മെനയുകയും അബദ്ധങ്ങൾ ചരിത്രത്തിൽ കൂട്ടി എഴുതുകയും ചെയ്തതിന്റെ ഫലം വർത്തമാന ഭാരതം അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. വിദ്യാഭ്യാസത്തിലൂടെയാണ് ഭിന്നിപ്പിച്ചു ഭരിക്കുക എന്ന നയം ഭംഗിയായി നിർവ്വഹിക്കാൻ അവർക്ക് കഴിഞ്ഞത്. കഴ്സൺ പ്രഭുവിന് ലണ്ടനിൽ നിന്ന് വന്ന കത്തിടപാടുകളിൽ ഇങ്ങനെ കാണാം. "ഇന്ത്യയിലെ ബുദ്ധിജീവികളെ രണ്ടു വിഭാഗമായി നമുക്ക് ഭിന്നിപ്പിക്കണം. സമുദായങ്ങളെ തമ്മിൽ തെറ്റിക്കുന്ന രീതി വിദ്യാഭ്യാസ രംഗത്ത് കൂടുതൽ ശക്തമായി നടപ്പാക്കണം". (G.P. Hamilton to Curzon 1888) ഹിന്ദുക്കളുടെയും മുസ്ലിംകളുടെയുമിടയിൽ പൊതുവായി ഒരു വികാരമുണ്ടാവാതിരിക്കാനാണ് ബ്രിട്ടീഷുകാർ ഈ കുതന്ത്രം ചെയ്തത്.

ഇന്ത്യാ ചരിത്രരചനയിൽ ഒരുപാട് വൈകൃതങ്ങൾ സ്ഥലം പിടിച്ചിട്ടുണ്ട്. ആംഗ്ലേയ ചരിത്രകാരന്മാർ അവരുടെ രചനയിൽ പുരാതന ഇന്ത്യയെ ഹിന്ദു കാലഘട്ടമെന്നും മധ്യകാല ഇന്ത്യയെ മുസ്ലിം കാലഘട്ടമെന്നും ചിത്രീകരിക്കുന്നു. പക്ഷേ ആധുനിക ഇന്ത്യയെ ക്രിസ്ത്യൻ കാലഘട്ടമെന്ന് വിശേഷിപ്പിക്കാതെ ഹിന്ദുഭൂരിപക്ഷത്തെ തങ്ങളുടെ പക്ഷം ചേർക്കാൻ ശ്രമിക്കുകയും ചെയ്യുന്നു. പുരാതനകാലം സുവർണ്ണകാലഘട്ടമായിരുന്നുവെന്നും എഴുതിവെക്കാൻ ഈ ചരിത്രകാരന്മാർക്ക് പ്രയാസമുണ്ടായിട്ടില്ല.

സ്വാതന്ത്ര്യസമരചരിത്രത്തിലെ സ്മരിക്കപ്പെടേണ്ട സംഭവങ്ങൾ ചരിത്രത്തിൽ നഷ്ടപ്പെട്ടതും, മനപ്പൂർവ്വം നഷ്ടപ്പെടുത്തിയതും ചരിത്രാന്വേഷകരായ വിദ്യാർത്ഥികൾ അറിഞ്ഞിരിക്കേണ്ട വസ്തുതകളാണ്. വികലമാക്കപ്പെട്ട ചരിത്രത്തിന്റെ പിൻബലമാണ് ഹിന്ദു വർഗ്ഗീയവാദികൾക്ക് തകർക്കപ്പെട്ട ബാബരി മസ്ജിദ് രാമക്ഷേത്രമാണെന്നതിനുള്ള തെളിവായി നിരത്താനുള്ളത്. ബി.ബി. ലാലിനെ പോലെയുള്ള വർഗ്ഗീയ വാദികളായ ചരിത്രകാരന്മാരുടെ പിൻബലം ഈ വാദങ്ങൾക്ക് ശക്തി പകരുന്നുമുണ്ട്.



ഔറംഗസേബ് അയോധ്യാ ആക്രമണം നടത്തിയെന്നും അദ്ദേഹത്തിന്റെ സൈന്യം ഗുരു ഗോവിന്ദ് സിംഗിന്റെ സൈന്യവുമായി ഏറ്റുമുട്ടി എന്നും ചരിത്രത്തിലൊരിടത്ത് രേഖപ്പെടുത്തിയിരിക്കുന്നു. അതേ സമയം ഗുരുഗോവിന്ദ് സിംഗ് ജനിച്ചത് 1666 ഡിസംബർ 26നാണ്. ഔറംഗസേബും, ഗോവിന്ദു സിംഗുമായി ഏറ്റുമുട്ടിയത് 1659 ൽ ആണെന്ന് ഡോ: രാധെശ്യാം ശുക്ല പറയുന്നു. സർ ജാദനാഥ് സർക്കാർ 'ദ ഹിസ്റ്ററി ഓഫ് ഔറംഗസേബ്' എന്ന പുസ്തകത്തിൽ ഔറംഗസേബ് അയോധ്യയിലേക്ക് സൈന്യത്തെ അയച്ചതായി യാതൊരു തെളിവുമില്ലെന്ന് സമർത്ഥിക്കുന്നു. പലപ്പോഴായി മുസ്ലിം രാജാക്കന്മാരെ ക്ഷേത്രം തകർത്തവരും മതപരിവർത്തനം നടത്തിയവരുമായി ചിത്രീകരിച്ചിരിക്കുന്നു. അക്ബറും, ജഹാംഗീറും, ടിപ്പുവുമൊക്കെ ക്ഷേത്രങ്ങൾക്ക് ജാഗീർ കൊടുത്തതായി ചരിത്രത്തിൽ കാണാം.

'ഭിന്നിപ്പിച്ച് ഭരിക്കൽ' പദ്ധതിയെ പിന്തുണക്കുന്ന ജയിംസ് മില്ലിനെ പോലെയുള്ള ബ്രിട്ടീഷ് ചരിത്രകാരന്മാരുടെ വികല ചരിത്ര വീക്ഷണങ്ങളുടെ ചിത്രങ്ങൾ ബിപിൻചന്ദ്ര, എ. ആർ. ദേശായ് തുടങ്ങിയ ഭാരതീയ ചരിത്രകാരന്മാർ വിശകലനം ചെയ്തിട്ടുണ്ട്. സാഹോദര്യത്തിന്റെ വിഷ വിത്തിടാൻ ബ്രിട്ടീഷുകാർ ശ്രമിച്ചിട്ടുണ്ട്. ദേശീയോദ്ഗ്രഥനത്തിന്റെ വെളിച്ചം കാണൽ തങ്ങളുടെ അവസാന നാളുകളുടെ എണ്ണപ്പെടലാവുമെന്ന് ബ്രിട്ടീഷുകാർ കണക്ക്കൂട്ടിയിരുന്നു. അതുകൊണ്ടു തന്നെ ചരിത്രത്തെ വളച്ചൊടിക്കാൻ അവസരം കിട്ടുമ്പോഴൊക്കെ അവരതിന് ശ്രമം നടത്തിയിട്ടുണ്ട്. ബ്രിട്ടീഷ് ചരിത്രകാരനായ എ.കണ്ണിംഗ്ഹാം തന്റെ പുസ്തകത്തിൽ ഇങ്ങനെ എഴുതുന്നു "അയോധ്യയിലെ പ്രസിദ്ധമായ ജന്മഭൂമിക്ഷേത്രം നിലം പരിശാക്കാനുള്ള പോരാട്ടം ദിവസങ്ങളോളം നീണ്ടു നില്ക്കുകയുണ്ടായി. നാലായിരം ഹിന്ദുക്കൾ കൊല്ലപ്പെട്ടു. പക്ഷേ, ബാഖിഖാന് ക്ഷേത്രത്തിൽ പ്രവേശിക്കാൻ കഴിഞ്ഞില്ല. ക്ഷേത്രം പീരങ്കിയുപയോഗിച്ച് നശിപ്പിക്കുവാനെ അദ്ദേഹത്തിനു കഴിഞ്ഞുള്ളു". യഥാർത്ഥത്തിൽ ഇങ്ങനെയൊരു പ്രസ്താവനക്ക് തെളിവില്ലെന്ന് അന്വേഷണത്തിൽ വ്യക്തമായതായി സുരീന്ദർ കൗർ, തപൻ സന്ന്യാൽ എന്നിവർ 'മതേതരനായ ബാബർ' എന്ന പുസ്തകത്തിൽ പ്രസ്താവിക്കുന്നു. ചരിത്ര വസ്തുതകളെ മുഴുവൻ തകിടം മറിക്കുന്ന രീതിയിലാണ് പ്രൊഫ:അമർനാഥ് കുറിച്ചുവെച്ചത്. അദ്ദേഹത്തിന്റെ 'സം മിസ്സിംഗ് ചാപ്റ്റേഴ്സ് ഓഫ് വേൾഡ് ഹിസ്റ്ററി' എന്ന പുസ്തകത്തിൽ താജ് മഹൽ, ചെങ്കോട്ട തുടങ്ങി ഇന്ത്യക്കകത്തും, പുറത്തും തല ഉയർത്തി നില്ക്കുന്ന സൗധങ്ങളൊക്കെ പുരാതന ഹൈന്ദവക്ഷേത്രങ്ങളാണെന്ന് പ്രസ്താവിച്ചിരിക്കുന്നു.

ചുരുക്കത്തിൽ വികലമായ ചരിത്രം ചരിത്രാന്വേഷിയെ ചിന്താകുഴപ്പത്തിലെത്തിക്കുന്നു. യഥാർത്ഥ ചരിത്രപുനസംവിധാനമാണ് ഇന്നിന്ത്യക്കാവശ്യം. വർഗ്ഗീയവാദവും, വിഘടന വാദവും വളർത്തുന്ന പരസ്പര ശത്രുതക്ക് വഴിമരുന്നിടുന്ന പുസ്തകങ്ങൾ കലാലയങ്ങളിൽ വിദ്യാർത്ഥികൾ പഠിച്ചുകൊണ്ടിരിക്കുന്നു. "മതമെന്നാൽ ദേശങ്ങളുടെയും, ഭാഷകളുടെയും, ജാതിയുടെയും അതിരുകൾക്കതീതമായി മനുഷ്യന്റെ മസ്തിഷ്കത്തെയും, മനസ്സിനെയും, ആത്മാവിനെയും നിയന്ത്രിക്കുകയും, പരിവർത്തിക്കുകയും ചെയ്യുന്ന ശക്തിയാണ്" എന്ന ധാരണയുടെ നഷ്ടം സമൂഹം അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. പരസ്പര സ്നേഹവും, സാഹോദര്യവും, നാനാത്വത്തിൽ ഏകത്വത്തിന്റെ പ്രായോഗീകമായ ചിത്രവും ഇന്ത്യ ആഗ്രഹിക്കുന്നു. ■

STUDY

dept. of journalism
MENON LAKSHMY BHUVANENDRA

# CURRENT TRENDS IN TELEVISION

The rapid and mind boggling proliferation of new communication technologies in recent years has been described in colourful language as Third wave, Information super Highway, Wired world, called Planet, Information Explosion and So on In the backdrop of the media explosion and changing cultural landscape in the country, television and other electronic media are becoming more important than ever. Television is often referred to as a 'Window to the world' while describing its role and relevance as a communicator.

Television may be only slightly older than independent India, but its efficiency as a medium for outstrips anything we know. Never before has this magic window meant so much to so many people around the world. It has altered lifestyles, in fact life itself. Some see this as the beginning of the second Dark Ages but to most it represents the onset of an exciting new millennium where entertainment is the ultimate nirvana, and information the ultimate power tool.



In India, the last one year has witnessed several changes. After decades of delay and dilly dallying by successive Governments, the much awaited prasar Bharati Act finally found light of the day. Despite allegations that it was passed in haste and in a hush. hush manner the public rejoiced in autonomy for Doordarshan and Akashavani. But sadly when the Prasar Bharati Board was announced, it appeared as if the search had ended in a geriatric

ward. The recent demise of the chairman Nikhil Chakrabarthy before he could make a significant impact on the broadcasting scenario is to be noted in this context . It is early days yet, but one is apt to wonder if the Prasar Bharati will live upto our expectations, particularly in the face of open criticism by the BJP Government.It remains to be seen if the Prasar Bharati Board will function as an independent organisation on the lines of B B C or if it would degenerate into an extended arm of the Govt, with the passage of time. That will be the final test.

Now a word on cable Television, which has literally brought the world to our parlour, and made a viewer truly and international citizen without any frodntiers Quick to realise the potential of a vast Indian audience, many new channels have mushroomed all over. Today India has the world's second largest cable-TV network after CHINA. Indeed competition among the channels is so intense that small channels find it difficult to survive. The big ones like B.B.C and star plus with deeper pockets are hopeful of a bonanza in future but as of now continue to pile up losses. This is due to the high costs involved in starting a new channel - around 150 crores of rupees.

One hears many people talking about a "Cultural Invasion from the sky." They seem to forget that a country of our size and traditions cannot be and should not be a mere victim of foreign influences. There is no doubt to my mind that the future of T.V lies in its ethnocentricity. Local progamming will have an edge over the others. Let the foreign media bring their money but they will need our programming.

India is on the threshold of a major entertainment revolution. By the end of the century we are likely to have HDTV (High Definition Television), which would rival 35mm film in quality. The next step will be multimedia. A Composite T.V set will be wired to Computer databases, Pay T.V channels and will also receive radio broadcasts. with rapid development in telecommunication technology, Multimedia will be the favourite toy of upwardly mobile Indians.

The next couple of years will definitely witness many changes in the T.V world. But one thing is certain. Tomorrow belongs to the viewer. They will virtually have the world at their doorstep. ■

# ജനാധിപത്യത്തിൽ നീതിന്യായം

*A dream that everyone agreed to dream, And now I think there actually is a country called India - Midnight's Children*



സങ്കൽപങ്ങളിലും സ്വപ്നങ്ങളിലും ചിതറിക്കിടന്നിരുന്ന ഒരു രാഷ്ട്രത്തിൻെറ യാഥാർത്ഥ്യവൽക്കരണം ഇന്ത്യയിൽ സാധ്യമായി എന്ന ഉള്ളറിവുണ്ടായത് കൊണ്ടായിരിക്കണം റുഷ്ദി ഈ വരികൾ എഴുതിയത്. ഭാവനയിൽ നിന്ന് ഒരു രാഷ്ട്രസ്വരൂപത്തെക്കുറിച്ചുള്ള കൽപ്പിതകഥകൾ ഇന്ത്യൻ ദർപ്പണത്തിലേക്ക് തിരിക്കുമ്പോൾ അത് യാഥാർത്ഥ്യമാവുന്നത് ഇവിടുത്തെ ജനാധിപത്യവും നീതിന്യായവ്യവസ്ഥയും തമ്മിൽ കെട്ട്പിണഞ്ഞ് കിടക്കുന്ന വിചിത്രവും, എന്നാൽ നിർമ്മാണാത്മകവുമായ വ്യതിരിക്തതകൊണ്ടാണ് എന്ന് രാഷ്ട്രത്തിൻെറ അമ്പതാം കവലയിൽ വെച്ച് നാം ഒട്ടു കിതപ്പോടെ സമ്മതിച്ച് കൊടുക്കുന്നുണ്ട്. അത്കൊണ്ടാണ് ഇന്ത്യയുടെ സ്വാതന്ത്ര്യ - സുവർണ്ണ ജൂബിലി ജനാധിപത്യത്തിൻെറ കൂടി അമ്പതാം വാർഷികമാവുന്നത്.

ഇന്ത്യനവസ്ഥയിൽ ജനാധിപത്യം ഒരു ഭരണമാർഗ്ഗമല്ല, ജീവിതരീതികൂടിയാവുന്നു എന്ന തിരിച്ചറിവിൽനിന്നാണ് ജനാധിപത്യത്തെയും നീതിന്യായത്തെയും കുറിച്ചുള്ള വിചിന്തനങ്ങൾ തുടങ്ങേണ്ടത്. ഇത്തരമൊരു ശ്രമത്തിനിടയിൽ ഇന്ത്യൻ ജനതയുടെ നീതിബോധമാണ് ഇവിടുത്തെ ജനാധിപത്യത്തിൻെറ അടിത്തറ എന്നും തിരിച്ചറിയപ്പെടേണ്ടതുണ്ട്. വൈരുദ്ധ്യങ്ങൾക്ക് ഒരു ഏകീകൃതഭാവം ദർശിക്കാവുന്ന ഇവിടെ, ഗ്രാമാന്തരങ്ങളിൽ പോലും, ജനാധിപത്യത്തിൻെറ ആഴ്ന്നിറങ്ങിയ വേരുകൾ കാണാനാവും. ഇന്ത്യനവസ്ഥയുടെ വ്യത്യസ്ഥ സവിശേഷതകളെക്കുറിച്ച് ആഴത്തിലുള്ള അറിവ് നമ്മുടെ ഭരണഘടനാ നിർമ്മാതാക്കൾക്കും ദേശീയ നയരൂപീകർക്കുമുണ്ടായത്കൊണ്ടാണ് ഇത് സാദ്ധ്യമായത്.

ബാലറ്റ് പേപ്പറിന് മുന്തിയ പരിഗണന നൽകി ജനതയുടെ വിവേചനാധികാരത്തെ (Discretionery power) പുകഴ്ത്തുക എന്നതാണ് ഇവിടുത്തെ ജനാധിപത്യരീതി. ജനാധിപത്യം എണ്ണും തുടങ്ങുന്നത് ജനങ്ങളിൽ നിന്നാണ്. ഇവിടെ ഇന്നോളം നടന്ന തിരഞ്ഞെടുപ്പുകൾ പിന്തുടർന്നതും ഈ രീതി തന്നെ. വോട്ടിംഗിലൂടെ ഒരു പ്രതിനിധിയെ തിരഞ്ഞെടുക്കുവാൻ ഇവിടുത്തെ പൗരസമൂഹം എന്നും ബദ്ധശ്രദ്ധരായിരുന്നു.

പക്ഷേ പുകഴ്ത്തലുകളിൽ മാത്രം പ്രശ്നങ്ങളുടെ മർമ്മം തിരിച്ചറിയപ്പെടുന്നില്ല. ലോകരാഷ്ട്രങ്ങളിൽ പലതും ഒരു ഭരണരീതിക്ക് വേണ്ടി വിയർപ്പൊഴുക്കുമ്പോൾ, രാഷ്ട്രങ്ങളുടെ രാഷ്ട്രമായ ഇന്ത്യക്ക്, വീഴ്ചകൾക്കി

ടക്കും, ഉയർത്തിക്കാട്ടുവാൻ ഒരു ഭരണരീതി ഉണ്ട് എന്നത് സമ്മതിച്ച്കൊടുക്കണം.

**വിമർശിക്കപ്പെടുന്ന ജനാധിപത്യരീതികൾ:-**

പരമാധികാരം ആത്യന്തികമായി ജനങ്ങളിലാണെങ്കിലും രാജ്യത്തിൻെറ ഫെഡറൽ ഭരണസംവിധാനം പഴുതുകളുടേത് മാത്രമാവുന്നു എന്ന് സംശയിക്കേണ്ടിയിരിക്കുന്നുവോ? തിരഞ്ഞെടുക്കപ്പെടുന്ന പ്രതിനിധികളിൽ അധികാരം കേന്ദ്രീകരിക്കപ്പെടുമ്പോൾ അവിടെ അഴിമതി ഒരു സർവ്വനാശിനിയായി കടന്ന് വന്ന അവസ്ഥയാണ് കാലിക രാഷ്ട്രീയവിശേഷങ്ങൾ. ദേശീയ രാഷ്ട്രീയത്തിൽ പടർന്ന് കയറിയ 'അഴിമതി ജ്വരം' ജനാധിപത്യത്തിന് ഭീഷണമാവുന്നിടത്തേക്ക് ഹവാലയുടെയും സെൻറ് കിറ്റ്സിൻെറയും രൂപത്തിൽ പടർന്ന്കയറിയപ്പോൾ പലപ്പോഴും പ്രതിക്കൂട്ടിൽ കയറ്റപ്പെട്ടത് നമ്മുടെ ഭരണവ്യവസ്ഥയാണ്. ഉള്ള നിയമങ്ങൾ 'റിജിഡ്' ആയി പ്രയോഗിക്കുവാൻ ഭരണഘടനാ സാധുതയില്ല എന്ന് ഒരു വശത്തും നിയമങ്ങളിലെ പഴുതുകൾ തേടുന്ന രാഷ്ട്രീയക്കാർ മറുവശത്തുമായി വാദങ്ങൾ മുറുകി. നെഗറ്റീവ് വോട്ടിൻെറയും റീകാളിങ്ങിൻെറയും പ്രസക്തി ഇവിടെ ചർച്ച ചെയ്തു. അഞ്ച് വർഷത്തേക്ക് ഒരു പ്രതിനിധിയെ തിരഞ്ഞെടുത്തയക്കുമ്പോൾ ജനങ്ങളും ജനപ്രതിനിധിയും തമ്മിലുള്ള ബന്ധത്തിന് അഞ്ചാണ്ടുകളുടെ വൈദൂര്യം കൈവരുന്നു.

ജനാധിപത്യത്തിൽ പരമാധികാരം ജനങ്ങൾക്കെന്ന അവസ്ഥയിൽ, ഇന്ത്യയിൽ പരമാധികാരം കേന്ദ്രീകരിക്കപ്പെടുന്നത് ജനങ്ങളിലല്ല ചില കുത്തക രാഷ്ട്രീയ പാർട്ടികളിലാണ് എന്ന തിരിച്ചറിവുണ്ടാകുന്നു. ഇന്ത്യൻ പൗരനും അവന് ജനാധിപത്യം വകവെച്ച് നൽകുന്ന അധികാരത്തിനുമിടയിൽ ഇവിടെ രാഷ്ട്രീയപാർട്ടികൾ ഒരു തടസ്സമാവുന്നു. തിരഞ്ഞെടുക്കപ്പെട്ട പാർട്ടികൾ ഭരണം നേടിയെടുക്കുവാൻ കക്ഷിരാഷ്ട്രീയത്തിലെ നെറികെട്ട രീതികൾ പിന്തുടരുന്നത് മറ്റൊരു വീഴ്ചയാണ്. ഈ രീതികൾ, അസ്ഥിരമായ സർക്കാറുകൾക്കും അത്വഴി അസ്ഥിരമായ ഭരണരീതിക്കും പിറവി നൽകുന്നു.

അമ്പത് വർഷം പ്രായമായ ഇന്ത്യൻ ജനാധിപത്യം ഇന്നും നിലനിൽക്കുന്നത് നിരക്ഷരരും ദരിദ്രരുമായ ഒരു വിഭാഗത്തിൻെറ വോട്ടിന്മേലാണ് എന്ന ക്രൂരസത്യം എല്ലാ പുകഴ്ത്തലുകൾക്കും മങ്ങലേൽപ്പിക്കുവാൻ പോന്നതാണ്, ഈ ക്രൂരസത്യം പലപ്പോഴും ഭരണവർഗ്ഗത്തിൻെറ ബോധ മണ്ഡലത്തെ അലോസരപ്പെടുത്താറില്ല എന്നത് മറ്റൊരു വസ്തുത!

ഇന്ത്യൻ ജനാധിപത്യം തുറന്ന്വിട്ട ഭൂതമാണ് ഹൈന്ദവ ഫാഷിസം. ജനാധിപത്യത്തിൻെറ രക്തമൂറ്റിക്കുടിച്ച് വളരുന്ന ഫാഷിസം ഭീഷണമാവുന്നത് രാഷ്ട്രത്തിൻെറ സാംസ്കാരിക അടിത്തറക്ക്തന്നെയാണ്. മനം പുരട്ടിയ രാഷ്ട്രീയ റൊമാൻറിസങ്ങളിൽ ഫാഷിസ്റ്റുകൾ ഇന്ത്യൻ പൗരനെ തളച്ചിടുമ്പോൾ അവന് നഷ്ടമാവുന്നത് ഒരു ബഹുരാഷ്ട്രമായ (Pluralistic country) മായ ഇന്ത്യയിൽ സഹിഷ്ണുവാകുവാനുള്ള മന:സാന്നിദ്ധ്യമാണ്.

**നീതിന്യായം ഇന്ത്യൻ ദർപ്പണത്തിൽ**

ജനതയുടെ നീതിബോധമാണ് ജനാധിപത്യത്തിൻെറ ശക്തി. ഇന്ത്യനവസ്ഥയിൽ നീതിന്യായം വ്യത്യസ്ഥമായ പരിപ്രേക്ഷ്യങ്ങൾക്ക് സാധ്യത നൽകുന്നു. അടിസ്ഥാനഘടകങ്ങളായ ഭക്ഷണം, പാർപ്പിടം, വസ്ത്രം എന്നിവയിൽ നിന്ന് തുടങ്ങി രാഷ്ട്രീയത്തിൻെറ സമൂർത്ത മേഖലകളിലേക്ക് എത്തുമ്പോൾ നമുക്ക് നീതി എന്നത് നീതിനിഷേധത്തിന് കൊടുക്കുന്ന പര്യായപദമാണോ എന്ന് സംശയിക്കേണ്ടിവരുന്നു. നീതിന്യായം കോടതിയുമായി ബന്ധപ്പെട്ടതാണ് എന്ന് സമ്മതിക്കുമ്പോൾ ഇന്ത്യനവസ്ഥയിൽ നീതിബോധം സൃഷ്ടിച്ച്വിട്ടത് കുറെ 'ഗോവർദ്ധന'ന്മാരെയാണ്.

പൗരന്മാർക്ക് തുല്യനീതി ഉറപ്പ്വരുത്തേണ്ട ഭരണരുടെ കർത്തവ്യത്തെക്കുറിച്ച് അന്യായങ്ങൾ കൈമുതലാക്കിവെക്കുന്ന അതേ ലാഘവത്തോടെ നാം ഒച്ചവെക്കുന്നു. ഭരണഘടന വിഭാവനം ചെയ്യുന്ന തുല്യനീതി ജനാധിപത്യത്തിന് ഭീഷണിയാവുന്നിടംവരെ എത്തിയിരിക്കുന്നു.

ജനാധിപത്യരീതിയിലെ പഴുതുകളിലൂടെ അനർഹരായ പലരും ഉന്നതങ്ങളിൽ കയറിപ്പറ്റി നെറികെട്ട രീതികൾ പിന്തുടർന്നു. അഴിമതി ഒരു ദേശീയ അപമാന (National humiliation)മായി മാറി. പൗരൻെറ നീതിബോധത്തിൻെറ കാവൽക്കാരായ കോടതി രംഗത്ത് വരുന്നത് ഇവിടെയാണ്.

**ന്യായാസനത്തിൻെറ ഇടപെടലുകൾ:-**

ലെജിസ്ലേച്ചറും ജുഡീഷ്യറിയും സ്വരച്ചേർച്ചയിൽ വർത്തിച്ചിരുന്ന ഇവിടെ, ചില രാഷ്ട്രീയ പ്രമാദിത്തകേസുകളിൽ സുപ്രീം കോടതി നിർണ്ണായകമായ ചില വിധികൾ നടത്തിയതോടെ വിവാദത്തിന് തുടക്കമായി. അതിര് കടന്ന വിധികളും അന്വേഷണ ഏജൻസികളെ ശാസിക്കുന്നിടംവരെയും കാര്യങ്ങളെത്തിയപ്പോൾ ലെജിസ്ലേച്ചർ ആലസ്യം വിട്ടുണരുകയും 'ജുഡിഷ്യൽ ആക്ടിവിസ'ത്തിന് ഇവിടെ ഗതികിട്ടുകയും ചെയ്തു. ജനാധിപത്യത്തെ മൊത്തവൽക്കരിക്കുമ്പോൾ ന്യായാസനങ്ങൾ നിർണ്ണായകമാവുമെങ്കിൽ ലെജിസ്ലേച്ചറിനെയും ജുഡീഷ്യറിയെയും ഒറ്റക്കായി എടുക്കുമ്പോൾ പരസ്പര സഹവർത്തിത്വത്തിൻെറ ഒരു രീതിയും ആവശ്യമായി വരുന്നു.

ഹവാല, സെൻറ് കിറ്റ്സ് തുടങ്ങി പ്രമാദമായ ചില കേസുകളിൽ രാഷ്ട്രീയപ്രാധാന്യമുള്ള ചില വിധികൾ ജുഡീഷ്യറി നടത്തിയപ്പോൾ അത് ലെജിസ്ലേച്ചറിൻെറ മേലുള്ള ആധിപത്യശ്രമമായി തള്ളിക്കളയുന്നതിന് പകരം, ന്യായാസനങ്ങളുടെ വിവേചനബുദ്ധിയോടെയുള്ള ഇടപെടലുകളായി അംഗീകരിക്കാൻ ഇവിടെ വളരെ കുറച്ച് വിചക്ഷണരേ ഉണ്ടായുള്ളൂ. പൗരൻെറ നീതിബോധത്തിന് മുകളിൽ ഇളക്കം തട്ടാതെ കാത്ത് സൂക്ഷിക്കേണ്ട ന്യായാസനങ്ങൾക്ക് നേരെ രാഷ്ട്രീയ ലക്ഷ്യം വെച്ച് അപവാദങ്ങൾ ഉയർത്താനേ നമ്മുടെ രാഷ്ട്രീയബോധത്തിന് സാധിച്ചുള്ളൂ.

അമ്പത് വർഷത്തെ ജനാധിപത്യ പാരമ്പര്യം നമ്മുടെ രാഷ്ട്രീയ ബോധത്തെ തത്വവൽക്കരിക്കുകയോ ന്യായത്തിന് നേർക്ക് ഒരു മൂന്നാം കണ്ണ് നൽകുകയോ ചെയ്തിട്ടില്ല. ഈ ഒരു തിരിച്ചറിവിൽ നിന്നുടലെടുക്കുന്ന അസ്വസ്ഥത ജനാധിപത്യബോധത്തിൻെറ അരക്ഷിതത്വത്തിനും കാരണമാവുന്നു എന്നതാണ് വസ്തുത. നീതിയും ന്യായവും ഭത്സിക്കപ്പെടുന്നിടത്ത്

(രാഷ്ട്രീയത്തിന്റെ ഉന്നതങ്ങളിലായാലും പൗരന്റെ വ്യക്തി താൽപര്യങ്ങളിലായാലും) അവിടെ കോടതികൾ ഉണരണം. അതാണ് ജനാധിപത്യത്തിന്റെ താൽപ്പര്യവും നീതിബോധത്തിന് പ്രസക്തിയുമാവുന്നത്. രാഷ്ട്രീയത്തിന്റെ ഉന്നതങ്ങൾ നീതിബോധത്തിന് മുകളിലാവരുത്. ജനതയുടെ പൊതുവും സ്വൈര്യവുമായ വ്യവഹാരങ്ങൾക്ക് 'ജുഡീഷ്യൽ ആക്ടിവിസം' തടസ്സമാവുന്നിടത്ത് നമുക്ക് 'ലക്ഷ്മണരേഖ' വരയ്ക്കാം.

### നീതി ജനാധിപത്യരീതിയിൽ

രാഷ്ട്രീയമേഖല മാറ്റിവെച്ച്, പൗരന്റെ സ്വകാര്യ ജീവിത വ്യവഹാരങ്ങളിൽ ജനാധിപത്യം ഒരു ജീവിതരീതിയായി കടന്നുവരുന്നത് ചർച്ച ചെയ്യപ്പെടേണ്ടതാണ്. ഇത്തരം ഒരു ശ്രമത്തിന് മുതിരുന്നത് ഇന്ത്യൻ ദേശീയത ഇന്ന് നേരിടുന്ന പ്രശ്നങ്ങളെ മൊത്തവൽക്കരിക്കൽകൂടിയാവും.

പല ഉത്തരേന്ത്യൻ സ്റ്റേറ്റുകളിലും വടക്കു-കിഴക്കൻ സംസ്ഥാനങ്ങളിലും ജനാധിപത്യം ഒരു ജീവിതരീതിയല്ല എന്നത് ഒരു ദുരന്തയാഥാർത്ഥ്യമാണ്. ബീഹാറിൽ ഭൂവുടമകളുടെ സായുധസംഘടന കുടിയാന്മാരെ വകവരുത്തുന്ന കണക്കുകൾ മാത്രം മതിയാവും ഈ വസ്തുതക്ക് അടിവരയിടാൻ. ഫ്യൂഡലിസത്തിന്റെ തിരുശേഷിപ്പുകൾ ഇന്നും അണയാതെ ജ്വലിക്കുന്നുണ്ട് പല ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിലും. ദരിദ്ര ഗ്രാമീണ ജനത അവരുടെ വിശപ്പടക്കാൻ ഏത് അധമ ഏർപ്പാടുകൾക്കും തയ്യാറാവുന്നു. ജനാധിപത്യം വേരുപിടിക്കാത്ത മണ്ണെന്ന് എഴുതിത്തള്ളാനാവുമെങ്കിലും പ്രശ്നങ്ങളുടെ കാതൽ ചില സ്ഥായിയായ ഇടങ്ങളിൽ ചെന്നെത്തുന്നു. പട്ടിണി, മാറാവ്യാധികൾ, നിരക്ഷരത തുടങ്ങി എന്നും അസ്വസ്ഥപ്പെടുത്തുന്ന പ്രശ്നങ്ങളാണ് അവ. ജനാധിപത്യം മാറ്റിനിർത്തുകയാണെങ്കിൽകൂടി നീതിബോധം എന്താണ് എന്ന്കൂടി ഇവർക്കറിയില്ല.

1) ഇവിടെ ഒരു നിഗമനത്തിന് സാധ്യത കൈവരുന്നു. ജനാധിപത്യം വേര് പിടിക്കുന്നിടത്ത് മാത്രമേ നീതിയും ന്യായവും നിലനിൽക്കുകയുള്ളൂ എന്ന്. നിലവിൽ, ജനാധിപത്യരീതിയുടെ അഭാവത്തിൽ ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിലെ പല ഗ്രാമങ്ങളിലും നീതിനിഷേധത്തിന്റെ നിലവിളികളുയരുന്നു. ഇന്ത്യനവസ്ഥയിൽ ജനാധിപത്യവും നീതിന്യായവും തമ്മിലുള്ള നിഷേധിക്കാനാവാത്ത ബന്ധത്തെ ഇത് കുറിക്കുന്നു.

2) മറ്റൊന്ന്, നിലവിൽ ജനാധിപത്യം ഉള്ളിടത്ത് നീതി നിഷേധിക്കപ്പെട്ട കാരണംകൊണ്ട് ജനാധിപത്യം തകർച്ച നേരിടുന്ന അവസ്ഥയാണ്. വടക്കു-കിഴക്കൻ സംസ്ഥാനങ്ങൾ, കാശ്മീർ, പഞ്ചാബ് തുടങ്ങിയവ ഇതിനുദാഹരണങ്ങളാണ്. ഇവിടങ്ങളിൽ തുടർച്ചയായ നീതിനിഷേധം ജനതയെ വിഘടനവാദത്തിലേക്ക് നയിച്ചു. ഈ വിധ്വംസക - വിഘടനനീക്കങ്ങൾ ജനാധിപത്യരീതിയെ ഉലച്ച്കളഞ്ഞു. ബോഡോ - ഉൾഫ തുടങ്ങിയ ഖണ്ഡിതവാദക്കാരുടെ മനസ്സ് നിഷേധിക്കപ്പെടുന്ന നീതികൊണ്ട് വ്രണിതമാണ്. രാഷ്ട്രത്തിന്റെ കേന്ദ്രധാരയിലേക്ക് ഈ ജനതയെ കൊണ്ട്വരാൻ ഒരു സർക്കാറും ശ്രമിക്കുന്നില്ല എന്നത് മറ്റൊരു ദുരന്തസത്യം. പ്രാദേശികവും വ്യക്തിപരവുമായ അസ്വസ്ഥതകളിൽ നിന്നാണ് വിഘടനവാദവും ഭീകരവാദവും ജന്മമെടുക്കുന്നത് എന്നാണ് ഇന്ത്യനവസ്ഥ നൽകുന്ന പാഠം.

### ഫാഷിസം ഉയർത്തുന്ന ഭീഷണികൾ:-

മതങ്ങളാണ് ഇന്ത്യൻ ജനാധിപത്യത്തിന്റെ ദൗർബ്ബല്യമെന്നൊരു വാദം അടുത്തിടെയായി ഉയർന്നിരുന്നു. ഇവിടെ അരങ്ങേറിയ വർഗ്ഗീയ കലാപങ്ങളിൽ പലതിനേയും അത്തരമൊരു പരിപ്രേക്ഷ്യത്തിൽ വീക്ഷിക്കുവാനേ ഇവിടുത്തെ ബുദ്ധിജീവികൾ തയ്യാറായുള്ളൂ.

രാഷ്ട്രീയവും മതവും തമ്മിൽ നിഷേധിക്കാനാവാത്ത ബന്ധം ഉണ്ടെങ്കിൽ കൂടി പരസ്പരം ചൂഷണത്തിന്റെ പ്രശ്നം വന്നപ്പോൾ മാത്രമാണ് ഇവ തമ്മിലുള്ള ഘർഷണം തുടങ്ങിയത്.

ഇന്ത്യയിൽ മതമല്ല രാഷ്ട്രീയത്തെ ദുരുപയോഗം ചെയ്യുന്നത്. രാഷ്ട്രീയം മതത്തെ ദുരുപയോഗം ചെയ്യുകയാണ്. ഏകസംസ്കാരത്തിന്റെയും ആര്യസംസ്കൃതിയുടെയും പേരിൽ യൂറോപ്യൻ ഫാഷിസത്തിന്റെ പതിപ്പ് ഇവിടെ അരങ്ങ് തകർക്കുന്നു. യൂറോപ്പിൽ ഫാഷിസം ദേശീയതയെ കൂട്ട്പിടിച്ചപ്പോൾ ഇന്ത്യയിൽ അവർ കൂട്ട് പിടിച്ചത് മതത്തെയാണ്. ഒരു നുണ ആയിരം തവണ ആവർത്തിക്കുമ്പോൾ സത്യമാവുമെന്ന ഗീബൽസിയൻ സിദ്ധാന്തം തന്നെയാണ് ഫാഷിസത്തിന്റെ ഇന്ത്യൻ മുഖം സ്വീകരിക്കുന്നത്. അവിശ്വാസിയാണെങ്കിൽ കൂടി സിംഹാസനത്തിന്റെ സംരക്ഷണത്തിന് വിശ്വാസത്തിന്റെ സഹായം തേടാമെന്ന ഇറ്റാലിയൻ രാഷ്ട്രമീമാംസകൻ മാക്യവെല്ലിയുടെ സിദ്ധാന്തത്തിന്റെ പ്രായോഗികവൽക്കരണവും ഇവിടെ സാദ്ധ്യമാവുന്നുണ്ട്.

പൈതൃകത്തിന്റെ പേരിൽ ഇന്ത്യൻ മണ്ണിൽ ഹൈന്ദവത വേരുകളിറക്കുമ്പോൾ 15 കോടി ന്യൂനപക്ഷത്തിന്റെ അസ്ഥിത്വത്തിന് മേൽ ചോദ്യങ്ങളുയർത്തുന്നു. ഭീഷണിയുടെ പുതിയ പാഠങ്ങളായിരിക്കും ഒരുപക്ഷേ, വരും നൂറ്റാണ്ടിൽ ഇന്ത്യയിലെ പ്രബല ന്യൂനപക്ഷത്തെ വരവേൽക്കുക!

അസ്വസ്ഥജടിലമായ ഇന്ത്യൻ പൗരമനസ്സ് സ്വത്വസമ്പൂർണ്ണതയിലെത്തിയതും രാഷ്ട്രീയപക്വതയാർന്നതുമായ ഒരു അവസ്ഥയിലേക്കുള്ള വളർച്ച സാദ്ധ്യമാവണമെങ്കിൽ ജനാധിപത്യത്തെയും നീതിന്യായത്തെയും കുറിച്ചുള്ള ആഴത്തിലുള്ള വിചക്ഷണം വേണ്ടിയിരിക്കുന്നു. നിരക്ഷരതയും അവബോധത്തിന്റെ അഭാവവും ജനാധിപത്യത്തിന് ഭീഷണികളുയർത്തുന്നുണ്ട്. ഓരോ ഇന്ത്യക്കാരനും കൂടുതൽ സിനിക്കാവാനാണ് ശ്രമിക്കുന്നത്. ദാരിദ്ര്യരേഖ കൃത്യമായി വരച്ചിട്ട നാം ഒരു ധിഷണാരേഖ (intellectual line) ഇന്ത്യൻ മനസ്സിന് കുറുകെ വരയ്ക്കാൻ തയ്യാറായിട്ടില്ല. കൂടുതൽ വിചിന്തനം ചെയ്യപ്പെടുമ്പോൾ ഇന്ത്യനവസ്ഥയിൽ കൂടുതൽ പഴുതുകൾ കണ്ടെത്തിയേക്കാം. ഈ പഴുതുകളെ ജനാധിപത്യത്തിന്റെ തത്വങ്ങൾ കൊണ്ട് തന്നെ അടക്കപ്പെടുമ്പോൾ ഇവിടെ ഒരു ജനാധിപത്യരീതിയും അത്വഴി ഒരു ജനാധിപത്യസമൂഹവും രൂപമെടുക്കും. ■

ഒന്നാംവർഷം ബി. എ., സോഷ്യോളജി
പി. കെ. അബ്ദുൽ ഹക്കീം
അഹ്മ്മദ് കബീർ



# കടംകഥയാവുന്ന ബാല്യം

പതിവിലും നേരത്തെയാണ് അമ്മു ഉണർന്നത്. മമ്മിയോട് ഒരുപാട് വർത്തമാനം പറയണമെന്നുണ്ട്. എന്നും പുലരും മുമ്പേ ബേഗും തൂക്കി മമ്മി പോയ്മറഞ്ഞിരിക്കും. മറ്റെന്നാളാണ് 'എക്സിബിഷൻ' കഴിയുന്നത്. ക്ലാസ്സിലെ എല്ലാവരും കണ്ടിരിക്കുന്നു. കൂടാതെ പുതിയ ജോഡി ഷൂ വാങ്ങണം..........നിറംപിടിപ്പിച്ച ഒരായിരം കിനാവുകളുമായി അമ്മു അടുക്കളയിലേക്കോടി. പക്ഷേ, 'ആയ'യുടെ കരുവാളിച്ച മുഖമാണ് അവളെ വരവേറ്റത്. അമ്മ ഇന്നും നേരത്തെ പോയിരിക്കുന്നു. ഇനി വൈകുംവരെ കാത്തിരിപ്പേ ശരണം!

ഇന്നിൻെറ കുരുന്നുകളുടെ നൊമ്പരങ്ങളാണിത്. ചിറകടിച്ചുയരേണ്ട ബാല്യസങ്കൽപ്പങ്ങളും കൗമാര മോഹങ്ങളും കരിഞ്ഞു പോയിരിക്കുന്നു. ഭൗതീകതയുടെയും വികസനത്തിൻെറയും പുറം പൂച്ചിൽ നമുക്കെന്തൊക്കെയോ നഷ്ടമാവുന്നു. കുഞ്ഞു മനസ്സുകളുടെ നിഷ്കളങ്കമായ മുഖം പ്രസാദിപ്പിക്കാൻ നമുക്കാവുന്നില്ല. കുഞ്ഞുന്നാളിലെ വികൃതികുസൃതികൾ നമുക്കൊരു ഹരമായിരുന്നെങ്കിലും ഇന്നത് കടങ്കഥയായിരിക്കുന്നു.

വിവിധ തലങ്ങളിലൂടെ നമ്മുടെ കുഞ്ഞുങ്ങളിലെ 'കുട്ടിത്തം' നഷ്ടമായിക്കൊണ്ടിരിക്കുന്നു. കുഞ്ഞുങ്ങളെ കുറിച്ചുള്ള രക്ഷിതാക്കളുടെ അമിത പ്രതീക്ഷയും, പൊങ്ങച്ചവുമാണ് കൊച്ചനുജന്മാരെ ഈ പരുവത്തിലാക്കിയത്. കുട്ടികളുടെ മാനസിക പഠന നിലവാരവും, താൽപ്പര്യവും ഒന്നും പരിഗണിക്കാതെ ഉയർന്ന ബിരുദങ്ങൾക്കായി ഉന്നത സ്ഥാപനങ്ങളിൽ പിൻവാതിൽ പ്രവേശനം നേടി തിരുകിക്കയറ്റുന്നത് 'സ്റ്റാറ്റസ് സിമ്പലാ'യിരിക്കുന്നു.



എടുത്താൽ പൊങ്ങാത്ത പുസ്തകക്കെട്ടും പേറി അതിരാവിലെ കുരുന്നുകൾ യാത്രയാവുന്നു- ഇംഗ്ലീഷ് മീഡിയങ്ങളിലേക്ക് ....

അതികാലത്തു തന്നെ കുളിച്ചൊരുങ്ങി അനുമോൻ കാത്തിരിക്കുകയാണ് വീട്ടുമുറ്റത്തെത്തുന്ന സ്കൂൾ വാഹനത്തെ- അകലെ നിന്നും വാഹനത്തിൻെറ ഇരമ്പൽ കേൾക്കുമ്പോൾ തന്നെ അവൻെറ ഉള്ള് പിടക്കും. ക്ലാസ്സിലെ 'പെരുമാറ്റച്ചട്ടങ്ങൾ' കർശനമായും പാലിച്ചിരിക്കണം. ഇന്നലെ പഠിപ്പിച്ച ഇംഗ്ലീഷ് പദങ്ങളത്രയും തൊണ്ട തൊടാതെ ഉരുവിടണം. അല്ലെങ്കിൽ അടിയും 'ഇംപൊസിഷനും'. ഇടക്ക് ഇടമുറിയാത്ത പരീക്ഷപരീക്ഷണങ്ങൾ. മലയാളം പറയരുത്. അത് 'കൾച്ചറി'ന് ഇടച്ചിലാണ്. 'ഇരുപത്തി നാല്' (Twenty Four) എന്ന് എണ്ണമറിയാത്തതിന് കറിക്കത്തികൊണ്ട് കുത്തി കുടൽ മാല പുറത്തെടുത്ത കൽക്കത്തയിലെ അമ്മയുടെ കഥ നമുക്ക് മന:പൂർവ്വം മറക്കാം. എട്ട് മണിക്കൂർ നീണ്ട ഓപ്പറേഷനിലൂടെയാണ് ആ കുട്ടി ഭാഗ്യത്തിന് രക്ഷപ്പെട്ടത്! ഒടുവിൽ, നിരങ്ങി നീങ്ങുന്ന വാഹനത്തിലിരുന്ന് തളർന്ന കൈകാട്ടി 'റ്റാറ്റാ' പറയുമ്പോൾ അമ്മയുടെ ഹൃദയം നിർവൃതിയടയുന്നു. അനുമോൻെറ മനസ്സിലോ പകയുടെ കടലിരമ്പവും......എവിടെയാണ് ബാല്യം?

ഇതുകൊണ്ടൊന്നും തീരുന്നില്ല വൈകിട്ട് തിരിച്ചു വരുമ്പോഴേക്കും ട്യൂഷൻമാഷ് കാത്തിരിക്കുന്നുണ്ടാവും. ഇന്നലത്തെ 'ഹോംവർക്ക്' കാണിക്കണം. 'റൈംസ്' ഈണത്തിൽ ചൊല്ലണം..........എന്തൊരു പിരിമുറുക്കം. സ്നേഹത്തിൻെറ തീച്ചൂളയിൽ വെന്ത് വെണ്ണീറാകുന്ന ബാല്യം!! പള്ളിക്കൂടം വിട്ട് വരുമ്പോൾ ചങ്ങാതിമാരോട് ബഡായിവിട്ട് പ്രകൃതിയോട് പ്രണയിച്ച് ഉത്സാഹത്തിമർപ്പിൽ വീടണയാനുള്ള സൗഭാഗ്യം നമ്മുടെ കുട്ടികൾക്ക് പൊയ്പ്പോയിരിക്കുന്നു. നടവരമ്പിലൂടെ 'ബാലൻസ്' നടത്തവും ഇടവഴിയിലെ കിളിപ്പാട്ടും സ്വപ്നം മാത്രമായി മാറിയിരിക്കുന്നു. 'നടത്തം'ഇന്നില്ല, ഉള്ളത് 'നടനം'മാത്രം!

ഉദ്യോഗസ്ഥ ദമ്പതികളുടെ തിരക്കുപിടിച്ച ജീവിതത്തിന് കുരുതി കൊടുക്കപ്പെടുന്നത് പാവം കുരുന്നുകളാണ്. രാവിലെ ഓഫീസിൽ പോകുമ്പോൾ'ആയ'യുടെ ശിക്ഷണത്തിലാണിവർ. കുന്നുകണക്കിനുള്ള വീട്ടുപണികൾക്കിടയിൽ 'മുതലാളിക്കുഞ്ഞി'നെ നോക്കാൻ അവർക്കെവിടെ നേരം? കുട്ടികൾക്ക് മൂന്ന് വയസ്സ് വരെ നിർമ്മലമായി നിറഞ്ഞൊഴുകേണ്ട സ്നേഹസാന്ത്വനങ്ങൾ ഇവിടെ പകൽക്കിനാവു മാത്രം. ഇതുവഴി കുട്ടികളുടെ സ്വഭാവരൂപീകരണം അവതാളത്തിലാകുന്നു. കൂടാതെ ആയയുടെ ക്രൂരവിനോദങ്ങളും. 'അമ്മയോട് കേട്ടതിന് കുഞ്ഞിനോട്' എന്നതായിരിക്കും അവരുടെ നിലപാട്. സ്വാതന്ത്ര്യത്തിൻെറ അനന്തമായ ആകാശത്ത് ചിറകടിച്ചുയരേണ്ട ബാല്യം ഇവിടെ 'ഗ്രിൽസി'നുള്ളിൽ അടച്ചു പൂട്ടപ്പെടുന്നു. ഇതിൻെറ ആധുനികോത്തരതയാണ് 'ഡെകെയർ സെൻററു'കൾ. സ്നേഹം മൊത്തമായും ചില്ലറയായും ഇവിടെ വിറ്റഴിക്കപ്പെടുന്നു.



*എല്ലാ പിരിമുറുക്കങ്ങളിൽ നിന്നും കുതറിമാറാനുള്ള സ്വാതന്ത്ര്യത്തിൻെറ സുവർണ്ണകാലമായാണ് അബിമോൻ ഒഴിവുകാലത്തെ കാണുന്നത്. തുള്ളിക്കളിച്ച് മനംകുളിരുമ്പോഴുണ്ടാവുന്ന ആനന്ദം നിറഞ്ഞൊഴുകുന്ന കുളക്കരയിൽ സ്വതന്ത്രമായി കൈകാലിട്ടടിച്ച് ആഘോഷിക്കുന്ന കാലം. ചാറ്റൽ മഴയിലും കൊടുംചൂടിലും കൂട്ടുകാരൊന്നിച്ച് ക്രിക്കറ്റ് കളിക്കാനുള്ള ദിവസങ്ങൾ. അതെ, അബിമോൻ കാത്തിരുന്ന ഒഴിവുകാലം വന്നണഞ്ഞതേയുള്ളൂ. പിറ്റേന്ന് കൂടെവന്ന താടിക്കാരനെ ഡാഡി*

*പരിചയപ്പെടുത്തി-ട്യൂഷൻമാഷാണ്, കഴിഞ്ഞ പരീക്ഷയിലെ 'പനി' മാറ്റാൻ 'മാത്സി'നും, 'സയൻസി'നും സ്പെഷ്യൽ ട്യൂഷൻ . അവധി 'അനവധി'യില്ലെന്ന് ഈ രക്ഷിതാക്കളെന്തേ ചിന്തിക്കാത്തത്?*

ഇത്തരം പ്രകൃതികളിൽ വളരുന്ന കുട്ടികൾ സങ്കീർണ്ണമായ മാനസിക സംഘർഷം അനുഭവിക്കുന്നവരാണെന്ന് മന:ശാസ്ത്രജ്ഞർ ഈയിടെ നടത്തിയ പഠനം വ്യക്തമാക്കുന്നു. ഇവർ കുറ്റവാളികളും സാമൂഹ്യവിരുദ്ധരും ആകാനുള്ള സാധ്യത കൂടുതലത്രെ. രക്ഷിതാക്കളും അശാസ്ത്രീയ പാഠ്യപദ്ധതി 'നൂറ്റിയൊന്നാവർത്തി'ക്കുന്ന സർക്കാരും തന്നെയാണിവിടെ കുറ്റവാളികൾ. അയലത്തെ കുട്ടിയെപോലെ തന്റെ പൊന്നുമോനും 'ഡിസ്റ്റിംഗ്ഷൻ' വാങ്ങി ജയിക്കണമെന്ന ദുർവാശി എന്തു മാത്രം സങ്കുചിതമാണ്! നമ്മുടെ കുട്ടികളെ നാം തന്നെയാണ് നശിപ്പിച്ചുകൊണ്ടിരിക്കുന്നത്. 'കൗൺസ്സിലറു'ടെ മുമ്പിൽ നിന്ന് അമ്മയെ ചൂണ്ടി "ഈ സ്ത്രീ എന്നെ ഇതുവരെ തിരിഞ്ഞു നോക്കിയിട്ടില്ല"എന്ന് അരുമമക്കൾ പറയാനുള്ള കാരണവും മറ്റൊന്നല്ല.



നാട്ടിൻ പുറങ്ങളിൽ നിന്ന് നാൽക്കവലകളിലേക്ക്. തിക്കിത്തിരക്കിനിടയിൽ 'സാറേ.........വല്ലതും തരണേ.........' എന്ന ദീനരോദനം കേട്ട് തിരിഞ്ഞു നോക്കിയപ്പോൾ കണ്ടത് പിച്ചപ്പാത്രവുമായി മിഴിച്ച് നോക്കുന്ന പിഞ്ചുപൈതലിനെയാണ്. ചോരവറ്റിയ ആ കണ്ണുകളിൽ നിഷ്കളങ്കതയും ദൈന്യതയും തുറിച്ചു നിന്നിരുന്നു. അയാൾ ഒരു നിമിഷം നിസ്സഹായനായി നിന്നു. പിന്നെ ചില്ലറ തപ്പി ഒരു നാണയത്തുട്ട് പാത്രത്തിലേക്കെറിഞ്ഞ് വേഗം നടന്നു നീങ്ങി....തിരയൊടുങ്ങാത്ത നഗരത്തിരക്കിലേക്ക്...

പുസ്തകസഞ്ചിയുമായി പാഠശാലയിലെത്തേണ്ട അക്ഷരമധുനുകരേണ്ട ഈ പൈതങ്ങൾ പക്ഷേ, നഗരത്തിന്റെ മൂലയിൽ ഞെരിഞ്ഞൊടുക്കുന്നത് ഒരിക്കലും തിരിച്ചുവരാത്ത ബാല്യമാണ്. ഇത് ദാരിദ്ര്യത്തിന്റെ പരിണിതിയാണെങ്കിലും ഒരു പരിധിവരെ തെണ്ടൽ ബിസിനസ്സാക്കിയവരും ഇല്ലാതില്ല. ഹോട്ടലിലും, അന്യന്റെ അടുക്കളയിലും തൊഴിലിന് എന്ന പേരിൽ കുട്ടികളെ മുതലാളിക്ക് പണയപ്പെടുത്തുന്നവരും വിരളമല്ല. മണ്ണടിഞ്ഞ അടിമ കച്ചവടത്തിന്റെ ആധുനിക രൂപം! ഒട്ടിയവയർ കാട്ടി "എന്റെ കുഞ്ഞെങ്കിലും വിശപ്പറിയാതെ ജീവിക്കട്ടെ" എന്ന് പറയുമ്പോൾ അവരോട് സഹതപിക്കാനല്ലാതെ നമുക്കെന്ത്



കഴിയും? 'ദാരിദ്ര്യരേഖ' റെയിൽപ്പാളങ്ങളെ പോലെ നീണ്ടു നീണ്ടു പോവുകയാണ്....ഈ കുട്ടികൾ ഒടുവിൽ 'സ്വവർഗ്ഗരതി'ക്കും മറ്റു അനാശാസ്യങ്ങൾക്കും അടിമകളായിത്തീരുന്നത് നിത്യസംഭവമാണ്.

എന്നാൽ കുട്ടികളെ തട്ടിക്കൊണ്ടുപോയി മുഖത്ത് ആസിഡൊഴിച്ചും പീഡിപ്പിച്ചും വികൃതമാക്കി യാചകരാക്കുന്ന ഗൂഢ സംഘങ്ങളും പ്രവർത്തിക്കുന്നുണ്ട്. അംഗവൈകല്യമുണ്ടാക്കി ചൂഷണം ചെയ്യുന്ന കൊടുംക്രൂരന്മാരുണ്ട്. ചൂഷിത പീഢിത ബാല്യങ്ങളുടെ ഭീതിദമായ ചിത്രമാണിതെല്ലാം. കുട്ടികളെ കൊണ്ട് പണിയെടുപ്പിക്കുന്നത് അവസാനിപ്പിക്കുന്നതിന് 95-96 വർഷത്തേക്കുള്ള പദ്ധതിവിഹിതം 50 ദശലക്ഷം രൂപയിൽ നിന്ന് 800 ദശലക്ഷം രൂപയായി കേന്ദ്രഗവൺമെൻറ് വർദ്ധിപ്പിച്ചിട്ടുണ്ട്. "ക്ലേശപൂർണ്ണമായ സാഹചര്യങ്ങളിൽ പണിയെടുക്കുന്ന രണ്ട് ദശലക്ഷം കുട്ടികളെ രണ്ടായിരമാണ്ടോടു കൂടി മോചിപ്പിക്കു"മെന്ന ഒരു പ്രധാനമന്ത്രിയുടെ പ്രസ്താവനയിൽ നിന്ന് ഇതിന്റെ ഞെട്ടിക്കുന്ന കഥകൾ നമുക്ക് വായിച്ചെടുക്കാം.

അനൗദ്യോഗിക കണക്കനുസരിച്ച് 200 ദശലക്ഷത്തിലധികം കുട്ടികൾ ഇന്ത്യയിൽ പണിയെടുത്തു ജീവിക്കുന്നു. ഉത്തർപ്രദേശിൽ പതിനഞ്ച് ലക്ഷം കുട്ടികൾ ഗ്ലാസ്സ്, കാർപ്പറ്റ്, പൂട്ടു നിർമ്മാണം എന്നീ വ്യവസായങ്ങളിൽ മാരകരോഗങ്ങൾക്ക് അടിമകളായി പണിയെടുക്കുന്നു. 1994ൽ അന്താരാഷ്ട്ര തൊഴിൽ സംഘടന (ILO)യും ഇന്ത്യാഗവൺമെൻറും തമ്മിലുണ്ടാക്കിയ കരാർ പ്രകാരം കുട്ടികളെകൊണ്ട് പണിയെടുപ്പിക്കുന്നത് അവസാനിപ്പിക്കുകയും ക്രമേണ ബാലവേല ഇല്ലാതാക്കുകയും ചെയ്യേണ്ടതുണ്ട്. 6നു 14നും മധ്യേപ്രായമുള്ള 82.2 ദശലക്ഷം കുട്ടികൾ ഇവിടെ സ്കൂൾ മുറ്റം കാണാത്തവരാണ്!

ചില സാമൂഹിക സന്നദ്ധ സംഘടനകൾ ബാലവേലക്കും, അതി

## കുരുക്കിലായ കുരുന്നുകൾ

കുഞ്ഞുമോഹങ്ങൾ കിളിർത്തിരുന്ന കുട്ടിക്കാലത്ത് കുസൃതിത്തരങ്ങളെ കുറിച്ചുള്ള മധുരസ്മരണകൾ മുതിർന്നാലും നമ്മുടെ മനോമുകരത്തിൽ മുനിഞ്ഞു കത്തിക്കൊണ്ടിരിക്കും. "വളർന്നാലും നമ്മുടെ മനസ്സിൽ ഒരു 'കുഞ്ഞ്' ബാക്കിയുണ്ടാവണം".

അല്ലലും അലട്ടലും അറിയാതെ പൊയ്പ്പോയ ആ വസന്തകാലത്തെ നമുക്കെങ്ങനെ മറക്കാൻ കഴിയും?

കോൺക്രീറ്റു കാടുകളിലും ഫ്ളാറ്റിടുക്കിലും കഴിയുന്ന ഇന്നിന്റെ ഉണ്ണികൾക്ക് 'ഉണ്ണിപ്പുര' അന്യമാണ്. എന്തിനേറെ, ഉണ്ണാനും, ഉറങ്ങാനും പോലും അവർക്കുണ്ടോ നേരം? അതികാലത്ത് ഉണരുമ്പോൾ അവർ കേൾക്കുന്നത് സ്കൂൾ വണ്ടിയുടെ 'കീപീ' ശബ്ദം; വൈകിട്ട് തിരിച്ചെത്തുമ്പോൾ കാണുന്നത് ട്യൂഷൻ മാഷിന്റെ ചീർത്ത മുഖവും........

കാലത്തിന്റെ അനുസ്യൂതമായ ചാക്രിക ചംക്രമണത്തിൽ അവരുടെ സ്വപ്നച്ചിറകുകൾ കരിഞ്ഞു വീഴുന്നു; മോഹദലങ്ങൾ പൊഴിഞ്ഞു പോവുന്നു. സ്വസ്ഥമായി ഇരിക്കാനും, സ്വൈരമായി വിഹരിക്കാനും, ഒന്നുറക്കെ ചിരിക്കാൻ പോലും നേരം കിട്ടാത്ത ഈ കൊച്ചനുജന്മാരിൽ നിന്നും നമുക്കെന്തെങ്കിലും പ്രതീക്ഷിക്കാനാവുമോ?

പുസ്തകക്കെട്ട് പേറുന്ന 'ചുമട്ടുകാരും', 'ഹോം വർക്ക്' ചെയ്യുന്ന 'വർക്കേഴ്സും'-ഇത്രയുമായാൽ'മോഡേൺ ചിൽഡ്രൺ'ന്റെ രേഖാചിത്രമായി.

അശാസ്ത്രീയമായ പാഠ്യപദ്ധതിയെയാണ് ആദ്യം കുരിശിലേറ്റേണ്ടത്. പിന്നെ, 'ഇത്തിരി' പോന്ന കുഞ്ഞിൽ നിന്നും 'ഒത്തിരി' പ്രതീക്ഷിക്കുന്ന രക്ഷിതാക്കളേയും. ഇതുവഴി അപകർഷതയുടെ അടിമകളായിത്തീരുകയാണ് നാളെയുടെ നാമ്പുകൾ.

കടലാസുവഞ്ചിയുടെ കമനീയതയും, മാരിവില്ലിന്റെ മാസ്മരികതയും മതിവരുവോളം അവർ ആസ്വദിക്കട്ടെ. അമ്പിളിയമ്മാവന്റെ നിലാവെളിച്ചവും, സൂര്യബിംബത്തിന്റെ ചുടുതെളിച്ചവും അവർ വേറിട്ടനുഭവിക്കട്ടെ.

അമിത സ്നേഹം തീർത്ത കുരുക്കിൽകുരുങ്ങിയ കുരുന്നുകൾക്ക് ആഹ്ലാദിക്കാൻ അവസരം കൊടുത്തില്ലെങ്കിൽ എങ്ങനെയാണ് അവർക്ക് പാഠപുസ്തകത്തിൽ ശ്രദ്ധിക്കാനാവുക?



ക്രമങ്ങൾക്കുമെതിരെ ശബ്ദമുയർത്തിയതിനെ തുടർന്ന് എം.എസ്. ഗുരുപാദസ്വാമി ചെയർമാനായി ഈ പ്രശ്നത്തെപ്പറ്റി പഠനങ്ങളും സർവ്വേയും നടന്നു. അങ്ങനെ 1986ൽ ചൈൽഡ് ലേബർ(പ്രൊഹിബിഷൻ ആൻറ് റെഗുലേഷൻ ആക്ട്) പ്രാബല്യത്തിൽ വന്നു. പ്രസ്തുത നിയമത്തിലെ മൂന്നാംവകുപ്പ് പ്രകാരം ആറ് തൊഴിൽ മേഖലകളിൽ ബാലവേല നിരോധിച്ചിരിക്കുന്നു. എന്നാൽ ഈ നിയമത്തിന് ഒരു ദൗർബല്യമുണ്ട്. അതായത് ഒരു കമ്പനിയുടമക്ക് അദ്ദേഹത്തിന്റെ കുടുംബങ്ങളെകൊണ്ട്കമ്പനി ജോലികൾ ചെയ്യിപ്പിക്കുന്നതിന് അനുമതി നൽകുന്നു എന്നതാണത്. ഇത് അനേകം തെരുവുമക്കൾക്ക് മുതലാളിയുടെ 'അരുമസന്തതി'കളാവാൻ ഭാഗ്യം നൽകുന്നു! ചില കഴുകക്കണ്ണുകൾ പരമചൂഷണത്തിനുള്ള പഴുതായി ഇത് ദുരുപയോഗപ്പെടുത്തുന്നു എന്നതാണ് ദയനീയം!

ഭരണഘടനയുടെ 24-ാം വകുപ്പ് പ്രകാരം 14 വയസ്സിനുതാഴെ പ്രായമുള്ള കുട്ടികളെ ഒരു വ്യവസായശാലയിലും ജോലിക്കാരായി നിയമിക്കാൻ പാടില്ലെന്നാണ്. 14 വയസ്സുവരെ ഓരോ ഇന്ത്യൻ പൗരനും സൗജന്യവിദ്യാഭ്യാസം എന്നതും ഉദ്ധ്യതകാര്യവും നമ്മുടെ മഹത്തായ ഭരണഘടനയുടെ തങ്കത്താളുകളിൽ അവശേഷിക്കുന്നു എന്നതെത്ര ഭാഗ്യം!

നൂല് പൊട്ടിയ പട്ടം പോലെ സ്വൈര്യമായി പറന്നുകളിക്കേണ്ട ബാല്യകാലം ചില ചില്ലകളിൽ തങ്ങി തേങ്ങുന്ന ഞരക്കവും മൂളലുമാണ് കേട്ടുകൊണ്ടിരിക്കുന്നത്. ഇതിന് താൽക്കാലിക പരിഹാരമെന്നോണം തെരുവുകുട്ടികളുടെ പുനരധിവാസം, പ്രാഥമിക വിദ്യാഭ്യാസത്തിന്റെ സൗജന്യ നിർബന്ധവൽക്കരണം, നഴ്സറിതല പഠന നിരോധനം, അപായ മേഖലകളിൽ പണിയെടുക്കുന്ന കുട്ടികളുടെ മോചനം, കുട്ടികളുടെ പുരോഗതിക്കും, വളർച്ചക്കും വേണ്ടി പദ്ധതി വിഹിതം വർദ്ധിപ്പിക്കൽ എന്നിവ ചൂണ്ടിക്കാട്ടാം. ഇനിയൊരിക്കലും തിരിച്ചുകിട്ടാത്ത ഈ അതുല്യാനന്ദ ബാല്യകാലം നമ്മുടെ പൊന്നുമക്കൾക്ക് തിരിച്ചുകൊടുക്കാൻ ഇനിയെങ്കിലും നമ്മൾ മടി കാട്ടാതിരിക്കുക. ▪

# മാധ്യമങ്ങളിലെ സ്ത്രീ സാന്നിധ്യം

ബി. എ. ഒന്നാം വർഷം, ഇംഗ്ലീഷ്
സൽവ. കെ. പി.

പെണ്ണായാൽ പൊന്നു വേണം, അല്ലെങ്കിൽ ഷേവിംഗ് ബ്ലേഡിൻെറ മൂർച്ച നോക്കണം. പിന്നെ ആഫ്റ്റർ ഷേവിൻെറയും സോപ്പിൻെറയും ഗുണമേന്മ പെണ്ണിൻെറ സൗന്ദര്യമനുസരിച്ചാണ്. ഇങ്ങനെ എത്രയെത്ര 'ചുമതലകളാണ്' സ്ത്രീ ശരീരത്തിന് പരസ്യങ്ങളിലുള്ളത്.

പ്രേമവും പെണ്ണുമില്ലെങ്കിൽ സിനിമകൾ വിജയിക്കുകയില്ല. ഭാര്യ, അമ്മ, കാമുകി, സഹോദരി തുടങ്ങി പുരുഷന്മാരോട് തികച്ചും വിധേയത്വം പുലർത്തുന്ന കഥാപാത്രങ്ങൾ. അല്ലെങ്കിലവൾ ദേവത, പൂജിക്കപ്പെടേണ്ടവൾ. ഇനിയുമൊരു വിഭാഗം 'എതിർലിംഗമില്ലാത്ത' വേശ്യ, പിഴച്ചവൾ.

വികാരത്തിൻെറ എരിവും പുളിയും ഇല്ലെങ്കിൽ സ്ത്രീസംബന്ധമായ വാർത്തകൾ ആരും വായിക്കുന്നില്ല. അവളെ അപ്പത്തെയും ആഭരണത്തെയും പോലെ 'വിൽപനക്കും' 'വാണിഭത്തി'നുമുള്ള ചരക്കാക്കിയിരിക്കുന്നു മാധ്യമങ്ങൾ.

സൗന്ദര്യത്തിൻെറ ഭംഗി നഷ്ടപ്പെടുത്തുന്ന സുന്ദരീമത്സരങ്ങൾ, പാചകവും ഗൃഹാലങ്കാരവും ഫാഷനും വർണ്ണത്താളുകളിൽ നിരത്തുന്ന വനിതാ പ്രസിദ്ധീകരണങ്ങൾ; ഇവയൊക്കെയാണ് ലോകത്ത് ജീവിക്കാൻ പെണ്ണിനെ പ്രാപ്തയാക്കുന്നത്.

പത്രങ്ങൾ, പരസ്യങ്ങൾ സിനിമകൾ ആനുകാലികങ്ങൾ തുടങ്ങി സമൂഹത്തിൻെറ കണ്ണാടി എന്നറിയപ്പെടുന്ന മീഡിയകളിൽ യാഥാർത്ഥത്തിൽ സ്ത്രീത്വം ചൂഷണം ചെയ്യപ്പെടുന്നുണ്ടോ? അതോ കലഹപ്രിയരുടെയും സമത്വവാദികളുടെയും ജൽപനങ്ങളോ?

സാമൂരിൻസ് ഗുരുവായൂരപ്പൻ കോളേജ് അദ്ധ്യാപിക ഡോ: എം. സ്നേഹപ്രഭ, മാതൃഭൂമി വരാന്ത പതിപ്പിൻെറ എഡിറ്റർ ഇൻചാർജ്ജ് ഡോ. പി.ബി. ലൽക്കാർ എഴുത്തുകാരായ പി. രാമനുണ്ണി, ബി.എം. സുഹ്റ, വി.ആർ. സുധീഷ്, കൽപറ്റ നാരായണൻ സാമൂഹിക പ്രവർത്തക വി.പി. സുഹ്റ ജാമിഅ മില്ലിയ യൂണിവേഴ്സിറ്റിയിൽ നിന്ന് കമ്മ്യൂണിക്കേഷനിൽ ബിരുദാനന്തര ബിരുദം നേടിയ വിനിഗീത എന്നിവർ പ്രതികരിക്കുന്നു.


ഡോ. പി. ബി. ലൽകാർ


വി. പി. സുഹ്റ

മാധ്യമങ്ങളിൽ സ്ത്രീ ചൂഷണം ചെയ്യപ്പെടുന്നുണ്ടോ?

"മറ്റു മേഖലകളിലുള്ള പോലെ മാധ്യമങ്ങളിലുമുണ്ടെന്നല്ലാതെ അതിൽ പ്രത്യേകം ചൂഷണം ചെയ്യപ്പെടുന്നില്ല. അതുപോലെ സൗന്ദര്യമത്സരങ്ങളും ചൂഷണത്തിനുള്ള പ്രഖ്യാപിത വേദിയാകുന്നില്ല. അമിത പ്രാധാന്യം നൽകി സ്തീ ചൂഷണത്തെ സെമിനാറിനും മാഗസിനുകളിലെ ചർച്ചക്കുമൊക്കെയെടുക്കാവുന്ന വെറുമൊരു വിഷയമാക്കിയിരിക്കുന്നു." ഡോ: സ്നേഹപ്രഭയുടേതാണീ വാക്കുകൾ.

എന്നാൽ വി.പി. സുഹ്റയുടെ അഭിപ്രായത്തിൽ, സാമൂഹ്യ പരിഷ്കരണരംഗത്ത് മാധ്യമങ്ങളുടെ പങ്ക് ശ്ലാഘനീയമാണെങ്കിലും ചൂഷണത്തിലും അവ മുൻപന്തിയിലുണ്ട് എന്നാണ്. പരസ്യങ്ങളാണിതിൽ ഒന്നാമത്. വ്യക്തിയെന്ന നിലമാറി വസ്തുവായിട്ടാണവളെ മാധ്യമങ്ങൾ അവതരിപ്പിക്കുന്നത്. സ്ത്രീ സംബന്ധമായ വാർത്തകൾ പ്രസിദ്ധീകരിക്കുമ്പോൾ പത്രനിയമങ്ങൾ പലപ്പോഴും വിസ്മരിക്കപ്പെടുന്നു. അവയുടെ അവതരണശൈലി അവളെ ഭയപ്പെടുത്തുകയും തന്നിലേക്ക് ഒതുങ്ങിക്കൂടാൻ പ്രേരിപ്പിക്കുകയും ചെയ്യുന്നു. തൻെറ നേരെയുള്ള അക്രമങ്ങളെ എങ്ങനെ നേരിടണമെന്ന് ഒരു പത്രവും മാസികയും പറ

ബി. എം. സുഹ്റ





യുന്നില്ല. ജീവിതത്തിലെ പ്രതികൂല സാഹചര്യങ്ങളോട് പൊരുതുന്ന പൊരുതി ജയിക്കുന്ന സ്ത്രീയെ സിനിമകളിൽ നമുക്ക് കാണാനാവില്ല. മറിച്ച്, ആനുകാലികങ്ങളിലും നോവലുകളിലുമൊക്കെയുള്ള പോലെ വിധേയത്വം കാണിക്കുന്ന സ്ത്രീയെ കാണാം. പെണ്ണിനെ '0' വട്ടത്തിൽ തളച്ചിടുന്നു വനിത പ്രസിദ്ധീകരണങ്ങൾ. "മീഡിയകളിൽ സ്ത്രീകളല്ല, ശാരീരികമായി പ്രദർശിപ്പിക്കപ്പെടുമ്പോൾ (Physical exposed) അവരുടെ ലൈംഗികതയാണ് ചൂഷണം ചെയ്യപ്പെടുന്നത്", കെ.പി. രാമനുണ്ണി പറയുന്നു. പുരുഷന്മാരുടെ കാര്യത്തിലുമിത് സംഭവിക്കുന്നുണ്ട്. ഇന്ത്യൻ നിയമ പ്രകാരം ലൈംഗികത പണത്തിന് വേണ്ടി ഉപയോഗിക്കുന്നത് തെറ്റാണ്. വേശ്യാവൃത്തി കുറ്റകരമാവുന്ന പോലെ കച്ചവടലാഭത്തിനാകുമ്പോൾ മുൻ പറഞ്ഞതും തെറ്റാണ്. ലൈംഗികത ധനാഗമന മാർഗ്ഗമാവുമ്പോൾ സ്വകാര്യവും പവിത്രവുമായ സ്ത്രീ പുരുഷ ബന്ധത്തിന്റെ ജൈവിക ഘടനക്കാണ് കോട്ടം തട്ടുന്നത്. വ്യക്തിനിഷ്ടമായ സൗന്ദര്യബോധത്തിന് നീളവും വീതിയും അളവുകോലാവുമ്പോൾ മനുഷ്യന്റെ സ്വത്വം ചോദ്യം ചെയ്യപ്പെടുന്നു. ഇങ്ങനെ മനുഷ്യ വ്യക്തിത്വത്തെ ചൂഷണം ചെയ്ത് സൗന്ദര്യമത്സരങ്ങൾ താത്വികമായ പ്രശ്നം സൃഷ്ടിക്കുന്നു. സുന്ദരിയാവാൻ മാത്രം പ്രേരിപ്പിച്ചുകൊണ്ട് ഏറ്റവും സ്ത്രീ വിരുദ്ധമായി പുറത്തിറങ്ങുന്ന വനിതാ പ്രസിദ്ധീകരണങ്ങൾ പുരുഷാധിപത്യ സ്വഭാവമുള്ളതാണ്." അദ്ദേഹം അത്ഭുതപ്പെടുന്നു.

പി.ബി. ലൽക്കാറിന്റെ അഭിപ്രായത്തിൽ മീഡിയ സ്ത്രീകളെ ദുരുപയോഗം ചെയ്യുകയാണ്. "ദൃശ്യമാധ്യമങ്ങൾ സ്ത്രീയെ ലൈംഗികതയുടെ പ്രതീകമായ് ചിത്രീകരിക്കുമ്പോൾ പ്രിൻറഡ് മീഡിയ അവളുടെ അടിമത്ത മനസ്ഥിതി മുതലെടുത്ത് സർക്കുലേഷൻ വർദ്ധിപ്പിക്കുന്നു. കാർട്ടൂണുകളും കോമിക്കുകളും ഇതിന്റെ ഉദാഹരണങ്ങളാണ്. വനിതാ പ്രസിദ്ധീകരണങ്ങളുടെ മുഖമുദ്രമായ സരള വായനക്കുള്ള രചനകൾ പുരുഷാധിപത്യത്തിന്റെ സൃഷ്ടിയാണ്. സിനിമകളിൽ സ്ത്രീ അവിഭാജ്യ ഘടകമാണെങ്കിലും സ്ത്രീകേന്ദ്രീകൃതസിനിമകൾ ഉണ്ടാകുന്നില്ല. ഈ സമീപനമാണ് സ്ത്രീയെ കച്ചവട വസ്തുവാക്കുന്നത്." ലൽകാർ പ്രതികരിക്കുന്നു.

"മീഡിയകൾ എപ്പോഴും സ്ത്രീയെ ചൂഷണം ചെയ്തിട്ടേയുള്ളൂ." ബി.എം. സുഹ്റയുടെ വാക്കുകളിൽ അമർഷം. "പത്രങ്ങൾ വിരളമായി സത്യം പുറത്ത് കൊണ്ടുവരുന്നുണ്ടെങ്കിലും അവയ്ക്ക് വൈകാരികചായ നൽകി, രസിപ്പിക്കുന്ന വിധത്തിലാണ് അവതരിപ്പിക്കുന്നത്. അങ്ങനെ നാടുമുഴുവൻ ചർച്ച ചെയ്താലുള്ള പരിണിതിയെക്കുറിച്ച് പക്ഷേ അവർ ബോധവാന്മാരല്ല. എന്തിനും ഏതിനും സ്ത്രീയെ പ്രദർശിപ്പിക്കുന്ന പരസ്യങ്ങളിലെ ഉല്പന്നങ്ങൾക്കായി കുട്ടികൾ കരയുമ്പോൾ നിസ്സഹായരാവുന്ന അമ്മമാരുടെ എണ്ണം ഏറിവരികയാണ്. ജീവിതത്തെ മറ്റൊന്നായി തെറ്റിദ്ധരിപ്പിക്കുന്നതിൽ വനിതാ പ്രസിദ്ധീകരണങ്ങൾ വിജയിച്ചിരിക്കുന്നു."

വി.ആർ. സുധീഷിന്റെ അഭിപ്രായത്തിൽ മാധ്യമങ്ങൾ എല്ലാ വർഗ്ഗങ്ങളെയും ചൂഷണം ചെയ്യുന്നുണ്ട്. "നഷ്ടമാവുന്ന ശൈശവവും ഇല്ലാതാവുന്ന വാർദ്ധക്യവും അവയുടെ സൃഷ്ടിയാണ്. യാഥാർത്ഥ്യത്തെ മറച്ച് സങ്കല്പത്തെ കാണിക്കുകയാണവർ. വനിതാ പ്രസിദ്ധീകരണങ്ങൾ, സമ്പന്നരുടെ അകത്തളങ്ങളും അധഃസ്ഥി

ധ്യമങ്ങളിൽ പൊതുവെ
ുന്നുണ്ടെങ്കിലും, പുരു
തന്ത്ര്യവും സ്ത്രീക്ക്
ാണ്ടാണ് 'സ്ത്രീ ചൂ
ുന്നത് എന്നാണ്.
ിൻെറ ദർപ്പണങ്ങളാണ്
മോഹങ്ങളും സ്വ
ുവിടെയുമെന്നപോലെ
ച്ചുകാണുന്നു എന്നു മാ
ധുകത്വവും വൈകാരിക
ുങ്കിൽ, ഉല്പന്നങ്ങൾക്ക്
ക്കളും, സിനിമക്ക് പ്രേ
തപ്രസിദ്ധീകരണ ങ്ങൾ
ാരെയും ലഭിക്കുകയില്ല
ിക്കുന്നു. ഇതിനായി
ചൂഷണം ചെയ്യപ്പെടുന്ന
ൾ. മാധ്യമരംഗത്ത് നിന്നു
നെ പ്രതിരോധിക്കാൻ സ
ഴിയുമോ?

യയും സാധിക്കും, അ
ഉണർവ്വ് ഉണ്ടായിട്ടുണ്ട്.
ന ഉയർത്തിക്കൊണ്ടു വരി
ണ്ടത്" കല്പറ്റ പറയുന്നു.
ത്ത ചലചിത്രോത്സവം
യായ തെളിവാണെന്ന് അ
ത്ഥിക്കുന്നു. അവിടെ സ്
സ്ത്രീകേന്ദ്രീകൃത സിനി
ആയിരുന്നു മുൻതൂക്കം.
ധസ്ഥരായിരുന്നു.

ഗമിക്കുന്നു എന്ന് നമ്മൾ
മൂഹം പുരോഗമിക്കാത്തി
ീഡിയകൾ സ്ത്രീകളുടെ
ന്നിട്ട് കാര്യമൊന്നുമില്ല."
ാക്കറ്റ് പുറത്തുകൊണ്ടു
തീകളാണ്. വാർത്തകൾ
എത്തിക്കുന്നതിൽ കവി
ാട്ടവും അതുകൊണ്ട് ഉണ്ടാ
ല്ല കുടുംബിനിയാവുക
് സ്ത്രീക്ക് ഉത്തമം. ഈ
ിതാ പ്രസിദ്ധീകരണങ്ങൾ
ഹായിക്കുകയും ചെയ്യുന്നു.
ഹപ്രഭയ്ക്ക് മറ്റുള്ളവരിൽ
ത്യസ്തമായ അഭിപ്രായം.
നുഭവിച്ചതിനെ ചിത്രീകരി
് കഥാപാത്രങ്ങൾക്ക് കൂ
ിവുപകരാൻ സ്ത്രീകൾക്ക്
ും. ഉദ്ദേശ്യ ശുദ്ധിയും
ഥയുമുള്ള സ്ത്രീകൾ ഈ
വരികയാണെങ്കിൽ ചൂ



ഷണത്തിനെതിരെ ഒരു പോംവഴിയാണ് ഇത് എന്നാണ് കിനാവിൻെറ കർത്താവായ ബി.എം. സുഹ്റായുടെ അഭിപ്രായം. എങ്കിൽ തന്നെയും ഒരു പരിധി മാത്രമേ സാധിക്കു എന്നാണ് വി.പി. സുഹ്റയുടെ പക്ഷം. "കാരണം ഒരു സ്ഥാപനത്തിൻ കീഴിൽ സ്വതന്ത്ര പ്രവർത്തനം സാധ്യമല്ല."

ഈയിടെയായി സ്ത്രീകൾ, മാധ്യമ രംഗത്തേക്ക് വരാൻ കൂടുതൽ താൽപര്യമെടുക്കുന്നുണ്ട്." വി.ആർ. സുധീഷ് പറയുന്നു. എങ്കിലും ശക്തമായ മുന്നേറ്റമുണ്ടെങ്കിലേ മാറ്റത്തിന് സാധ്യമാവു. പുരുഷാധിപത്യ സ്വഭാവമുള്ള ലോകത്തിൽ മാധ്യമങ്ങൾ സ്ത്രീകളുടെ കൈയിൽ വരുന്നത് സയൻസ് ഫിക്ഷൻ പോലെ സാങ്കല്പികമായ അവസ്ഥയാണ് എന്നാണ് വിനിഗീതയുടെ അഭിപ്രായം.

"കാഴ്ചപ്പാടിലെ ഗുണമാണ് അവതരണത്തിൻെറ മേന്മക്കും സ്വീകാര്യതക്കും ആവശ്യം. അതുകൊണ്ട് മനസ്സിന് ആരോഗ്യമുള്ള സ്ത്രീകളാണ് മാധ്യമങ്ങളിൽ വരേണ്ടത്, സ്ത്രീകൾക്കും രണ്ടു വിധത്തിലും ആവാം". സെക്സ്റാക്കറ്റിനെ ഉദാഹരിച്ചുകൊണ്ട് കെ.പി. രാമനുണ്ണി സമർത്ഥിച്ചു. പി.ബി. ലൽക്കാറിൻെറ അഭിപ്രായത്തിൽ ദൃശ്യമാധ്യമങ്ങൾക്കാണ് അച്ചടി മാധ്യമങ്ങളേക്കാൾ പ്രചാരമുള്ളത്. "അവിടെ സ്ത്രീ പ്രാതിനിധ്യം കൂടണം. ഈ രംഗത്ത് വെറും 2% സ്ത്രീകളെ ഉള്ളൂ. സ്ഥാപന സ്ഥാപിത താൽപര്യങ്ങൾ സ്വതന്ത്രപ്രവർത്തനത്തിന് തടസ്സം നിൽക്കുന്നുണ്ടെങ്കിലും പ്രാതിനിധ്യം കൂടുമ്പോൾ സ്വതന്ത്രമായി പ്രവർത്തിക്കാനുള്ള ചുറ്റുപാട് താനേ വരും. അപ്രകാരം മാധ്യമങ്ങളിലെ ചൂഷണത്തെ പ്രതിരോധിക്കാൻ സാധിക്കുകയും ചെയ്യും".

എങ്കിലും ഈ മാധ്യമരംഗത്തേക്ക് വരാൻ സ്ത്രീകൾ മടിക്കുന്നു. പുരുഷാധിപത്യവും രാത്രികാലങ്ങളിലെ ജോലിയുമാണ് ഈ രംഗത്ത് സ്ത്രീ പ്രാതിനിധ്യം കുറയുന്നതിന് പെട്ടെന്ന് കണ്ടെത്താവുന്ന കാരണങ്ങൾ. ഇവ മാത്രമാണോ തടസ്സങ്ങൾ? ഇവ തന്നെ എത്രത്തോളം ബാധിക്കും?

കേരളത്തെ സംബന്ധിച്ചിടത്തോളം ആത്യന്തികമായി സമൂഹത്തിൻെറ ചിന്താഗതിയിലാണ് മാറ്റം വരേണ്ടത് എന്ന് എല്ലാവരും സമ്മതിക്കുന്നു.

"100% സാക്ഷരരായ കേരളത്തിൽ മാധ്യമരംഗത്തിറങ്ങാൻ സ്ത്രീകൾ മടിക്കുമ്പോൾ ഉത്തരഭാരതത്തിൽ മറിച്ചാ

കെ. പി. രാമനുണ്ണി





ണ് സ്ഥിതി. ഇവിടെ സ്ത്രീക്ക് നിർഭയമായി സഞ്ചരിക്കാൻ സാധിക്കുന്നില്ല. തനിച്ചാണെങ്കിലും അല്ലെങ്കിലും വിലക്ഷണങ്ങളായ പലതും നേരിടേണ്ടി വരുന്നു" വിനിഗീത പറയുന്നു.

കേരളത്തിനു പുറത്തു പഠിച്ച വിനിഗീത അവിടെത്തന്നെ തുടരാനാഗ്രഹിക്കുന്നതും ഇക്കാരണത്താലാണ്.

"കേരളത്തിലെ സാംസ്ക്കാരിക സ്ഥിതികൾ മാറിയെങ്കിലേ ഇത്തരം രംഗങ്ങളിൽ സ്ത്രീക്ക് പുരോഗതിയുണ്ടാവൂ. സന്ധ്യകഴിഞ്ഞാൽ ഒറ്റക്ക് യാത്ര ചെയ്യാൻ പോലും അവൾക്ക് സാധിക്കുന്നില്ല" വി.ആർ. സുധീഷ് കുറ്റപ്പെടുത്തുന്നു.

"മറ്റുള്ളവർ എന്തു ചെയ്യുന്നു, എവിടെ പോകുന്നു, എപ്പോൾ വരുന്നു എന്ന് മഷിയിട്ടു നോക്കുന്ന സമൂഹത്തിന് ഈ രംഗത്തിറങ്ങുന്ന സ്ത്രീകളെ ഒരിക്കലും അംഗീകരിക്കാനാവില്ല. വി.പി. സുഹ്റ അമർഷം രേഖപ്പെടുത്തുന്നു. "രാത്രി കാലങ്ങളിലെ ജോലിയും ഒറ്റക്കുള്ള യാത്രയും സമൂഹം സ്ത്രീകൾക്കും അനുവദിച്ചു കൊടുക്കേണ്ടതുണ്ട്." പി.ബി ലൽക്കാർ ആവശ്യപ്പെടുന്നു. വലിയമാറ്റങ്ങൾ കേരളത്തിൻെറ സാമൂഹ്യഘടനയിലുണ്ടായിട്ടില്ല. ഇതിന് കാരണങ്ങൾ അന്വേഷിക്കുന്നു രാമനുണ്ണി. കെ.പി. രാമനുണ്ണിയുടെ അഭിപ്രായത്തിൽ പാലായനവും അതിജീവനവും സംസ്കാരത്തിൻെറ ഭാഗമാക്കിയ കേരളീയന് സാംസ്ക്കാരിക ഉന്നതിയല്ല നിലനില്പ്പാണ് പ്രധാനം എന്ന് കാണുന്നു. ഇതായിരിക്കാം അമിതമായ വേർതിരിവിനും വികലമായ ലൈംഗിക ബോധത്തിനും ഇടവരുത്തിയത് എന്നും ചരമ വാർഷികത്തിൻെറ കർത്താവ് കണ്ടെത്തുന്നു.

പുരുഷാധിപത്യമാണ് വലിയൊരു കാരണമെങ്കിലും മറ്റുചില തടസ്സങ്ങൾ കൂടി ചൂണ്ടിക്കാണിക്കുകയാണ് വിനിഗീത. "മീഡിയകൾക്കനുസരിച്ച് മാറുമെങ്കിലും ശാരീരിക ശേഷി (Physical Capacity) ഒരു പ്രധാന ഘടകമാണ്. ചലചിത്ര സംവിധാന രംഗത്ത് ഭാരമുള്ള ക്യാമറകൾ വഹിച്ച് നടക്കാൻ സ്ത്രീകൾ ബുദ്ധിമുട്ടുന്നു. ബീറ്റാ ക്യാമറകൾ ഇതിനു പരിഹാരമാണ്. പക്ഷേ സ്ത്രീകളെകൂടി പരിഗണിച്ചായിരിക്കണം ഉപകരണ നിർമ്മാണം. മറ്റൊന്ന് ത്യാഗസന്നദ്ധതയാണ്. എപ്പോഴും കുടുംബത്തെ ശ്രദ്ധിക്കുന്ന കുടുംബിനിയാവാൻ കഴിയില്ല. ജീവിത പങ്കാളിയുടെയും കുടുംബത്തിൻെറയും പിന്തുണ വളരെയധികം ആവശ്യമാണ് അവർക്ക്. മാധ്യമരംഗത്ത് പ്രവർത്തിക്കുന്ന പങ്കാളിയാണെങ്കിൽ പോലും പുരുഷൻെറ അഹന്തയും മേധാവിത്വ സ്വഭാവവും വളരെയധികം പ്രശ്നങ്ങളാണ് ഉണ്ടാക്കുന്നത്. ദാമ്പത്യ തകർച്ചയും ഒറ്റയാനായി തുടരാനുള്ള പ്രവണതയും ഈ രംഗത്ത് കൂടാനുള്ള കാരണം ഇതാണ്."

പി.ബി. ലൽക്കാറിൻെറ അഭിപ്രായത്തിലും ത്യാഗമനസ്ഥിതി ഈ രംഗത്ത് വളരെ ആവശ്യമാണ്. "കുടുംബവും സമൂഹവും അവളെ പിന്തുണക്കുകയും വേണം. റിപ്പോർട്ടിങ്ങ് ഫീൽഡിൽ സ്ത്രീകളുടെ വർദ്ധിച്ച സാന്നിദ്ധ്യം, വാർത്തകളുടെ നിജസ്ഥിതി അറിയൽ എളുപ്പമാക്കും. നിഷ്പക്ഷമായും സമൂഹത്തിന് ഗുണകരമാവുന്ന രീതിയിലും പ്രവർത്തിക്കുക, കുടുംബ ജീവിതത്തെ പ്രതികൂലമായി ബാധിക്കുമെന്ന ഭയം വേണ്ട. പെൺകുട്ടികൾ ഈ രംഗത്തേക്ക് കടന്നു വരണം" ലൽക്കാർ പറഞ്ഞു.

പുരുഷമേധാവിത്വവും അസമയങ്ങളിലെ ജോലിയുമല്ലാതെ വിചാരപരമായ കാരണങ്ങൾ അന്വേഷിക്കുകയാണ് കെ.പി. രാമനുണ്ണി. "വാർത്തകൾ ആധികാരികതയുള്ളതാണ്. അധികാരമാവട്ടെ എപ്പോഴും പുരുഷൻെറ ഭാഗത്തുമാണ്. സ്ത്രീകളുടെ വാക്കുകൾക്ക് ആധികാരികത നൽകാത്തതാവാം അവർ പത്രമാധ്യമരംഗത്തേക്കിറങ്ങാൻ മടിക്കുന്നത്. സർവ്വത്ര കാലുവാരലും കുതന്ത്രങ്ങളുമുള്ള മേഖലയാണ് ദൃശ്യമാധ്യമ രംഗം. അതായിരിക്കാം അവിടെയും സ്ത്രീ പ്രാതിനിധ്യം കുറയാൻ കാരണം."

എന്നാൽ അവസരം ലഭിക്കാത്തതാണ് ഈ മേഖലയിൽ സ്ത്രീകൾ കുറയാൻ കാരണമെന്നാണ് വി.പി. സുഹ്റയുടെ പക്ഷം. "സ്വതന്ത്രമായും നിഷ്പക്ഷമായും പ്രവർത്തിക്കുമ്പോൾ അടിച്ചമർത്തലുകളും ഭീഷണികളും നേരിടേണ്ടി വരുന്നു. സമയക്ലിപ്തയുള്ള ജോലിയല്ല എങ്കിലും രാത്രികാലങ്ങളിലെ ജോലി ഇതിൻെറ മാത്രം പ്രത്യേകതയല്ല. അതൊരു പ്രശ്നമായി തോന്നേണ്ടതുമില്ല.

മറ്റുമേഖലകളിലും നൈറ്റ് ഡ്യൂട്ടി ഉണ്ടെങ്കിലും അവിടങ്ങളിൽ അതിനു

വി. ആർ. സുധീഷ്



ള്ള സൗകര്യങ്ങളുമുണ്ട്. ആശുപത്രികളിലും മറ്റും സ്ത്രീ ജീവനക്കാർക്കായി പ്രത്യേകം ഹോസ്റ്റലുകളുണ്ട്. ത്യാഗമനസ്ഥിതി വളരെയധികം ആവശ്യമായ ഇത്തരം പ്രവർത്തനങ്ങളിൽ പണമല്ല. സമൂഹത്തിൻെറ ഉന്നമനമാണ് ലക്ഷ്യമെന്ന് ഉറപ്പിക്കുക. ആത്മാർത്ഥതയും ഉദ്ദേശ്യശുദ്ധിയും തൻേറടവും ഉള്ളവരായിരിക്കുക. കുടുംബത്തിൽ നിന്നുള്ള അകൽച്ച സ്വഭാവികമാണെങ്കിലും അവരുടെ കൂടി പിന്തുണ നേടിയെടുക്കുക". സുഹ്റയുടെ നിർദ്ദേശം.

മുമ്പത്തേക്കാൾ സ്ത്രീകൾ ഇന്ന് ഈ രംഗത്തേക്ക് കടന്നു വരുന്നുണ്ട്. വി.ആർ സുധീഷ് അഭിപ്രായപ്പെടുന്നു. "മീഡിയ പ്രവർത്തനം മുഴുസമയ പ്രവർത്തനമാണ്. ധിഷണാപരമായി പിന്നോക്കമായവരും ഗാർഹികമായ കെട്ടുപാടുകളും സഹജമായ ബുദ്ധിമുട്ടുകളുമാവാം സ്ത്രീകളെ പിന്നോക്കം വലിക്കുന്നത്.

**കൽപറ്റ നാരായണൻ**



എന്നാൽ കല്പറ്റയുടെ അഭിപ്രായത്തിൽ കുടുംബവും ശാരീരിക ശേഷിയും തടസ്സങ്ങളാണെങ്കിലും സ്ത്രീകൾക്ക് ഈ രംഗത്ത് സാധ്യത കൂടും. കാരണം ചിലവഴിക്കപ്പെടാത്ത ഊർജ്ജമുണ്ട് അതിൽ. അതുകൊണ്ട് ഈ രംഗത്തേക്ക് സ്ത്രീകൾ കടന്നുവരണമെന്നു തന്നെയാണ് അവരുടെ അഭിപ്രായം.

ഒരുപാട് തെറ്റിദ്ധരിക്കുകയും മനസ്സിലാക്കപ്പെടാതെ പോവുകയും ചെയ്ത തൊഴിൽ രംഗമാണ് മാധ്യമ പ്രവർത്തനം. ഓരോ നാണയത്തിനും രണ്ട് വശമുണ്ടെന്നപോലെ ഇതിലും നേരും നെറികേടുമുണ്ട്. സംസ്ക്കരിക്കുന്നതും സംഹരിക്കുന്നതുമുണ്ട്.



**വിനിഗീത**



സ്ത്രീയും പുരുഷനും നിറഞ്ഞതാണ് ലോകം. ഒരു വിഭാഗത്തിനു മാത്രം എന്തെങ്കിലും ചെയ്യുക അസാധ്യമാണ്. അതുകൊണ്ടുതന്നെ പുരുഷനെ പോലെ സ്ത്രീക്കുമാത്രം ചെയ്യാവുന്ന കുറേ കാര്യങ്ങൾ മാധ്യമരംഗത്തുമുണ്ട്, ഒരുമിച്ച് ചെയ്യാവുന്നതും. തീർച്ചയായും വരും നൂറ്റണ്ടിൽ മാറ്റങ്ങൾ ഒന്നൊന്നായി വന്നെത്തുമ്പോൾ, മാധ്യമരംഗങ്ങളിൽ, പ്രസിദ്ധീകരണരംഗത്തും ദൃശ്യ-ശ്രവ്യ മാധ്യമരംഗത്തും, സ്ത്രീ സാന്നിദ്ധ്യം സജീവമായി തീരാതിരിക്കില്ല. മാധ്യമരംഗത്തും സ്ത്രീകൾക്കായ് ചെയ്യാൻ സാദ്ധ്യതയുള്ള മേഖലകളുണ്ട്. ഇത് കണ്ടെത്താൻ, വിശകലനം നടത്താൻ ലോകത്തെ അറിയിക്കാൻ, സ്ത്രീപക്ഷം രംഗത്ത് വരേണ്ടതില്ലേ? നേരും നെറികേടും വേർതിരിച്ചറിഞ്ഞ്, പുരുഷാധിപത്യലോകത്തിന് മുന്നിൽ ഉച്ചത്തിൽ വിളിച്ചു പറയാൻ, അതൊരുപാടാളുകളെ കേൾപ്പിക്കാൻ, സ്ത്രീ മുന്നേറ്റം അനിവാര്യം തന്നെ. മൊത്തം സാമൂഹ്യ ഘടനയിൽ മാറ്റം കുറിക്കാൻ, ഈ മാധ്യമപ്രവേശം സഹായിക്കാതിരിക്കില്ല. ■

എം. എ. രണ്ടാംവർഷം, ഹിസ്റ്ററി
ബി. എസ്. നിസാമുദ്ദീൻ

ലേഖനം

രാഷ്ട്രം

# മതേതരത്വത്തിന്റെ ലക്ഷ്യാർത്ഥങ്ങൾ

സ്വാതന്ത്ര്യത്തിന്റെ അമ്പതാം വാർഷികം ആഘോഷിക്കുമ്പോഴും മതേതരത്വത്തിന്റെ അർത്ഥം, വ്യാപ്തി, പ്രസക്തി എന്നിവയെ സംബന്ധിച്ച് നമുക്കിടയിൽ അവ്യക്തത നിലനിൽക്കുന്നു എന്നത് വിരോധാഭാസമാണ്. ഇന്ത്യയുടെ പ്രധാനമന്ത്രി എന്ന നിലയിൽ താങ്കളുടെ ഏറ്റവും വലിയ കർത്തവ്യം എന്താണെന്ന് ആൽബർട്ട് ഐൻസ്റ്റീൻ ഒരിക്കൽ ജവഹർലാൽ നെഹ്റുവിനോട് ചോദിക്കുകയുണ്ടായി. നെഹ്റു നൽകിയ മറുപടി ഇപ്രകാരമായിരുന്നു: 'വ്യത്യസ്ത മതങ്ങൾ നിലനിൽക്കുന്ന സമൂഹത്തിൽ ഒരു മതേതര രാഷ്ട്രം കെട്ടിപ്പടുക്കുക'.

ഇന്ത്യാചരിത്രത്തിലെ വിവിധ കാലഘട്ടങ്ങളെ വിശകലനം ചെയ്യുകയാണെങ്കിൽ ഹിന്ദു-മുസ്ലിം പ്രശ്നത്തിനുള്ള ഉത്തരം ഭരണാധികാരിയിലാണ്; മതത്തിലല്ല എന്ന് നമുക്ക് കാണാൻ സാധിക്കും. മതപരമായ പരിഗണനകളില്ലാതെയാണ് ഭരണാധികാരികൾ തമ്മിൽ ഏറ്റുമുട്ടിയത്. മൗലാനാ അബ്ദുൽകലാം ആസാദ് ഒരിക്കൽ



പറഞ്ഞതുപോലെ, രക്തബന്ധമുള്ള സഹോദരന്മാർ തമ്മിൽ ഏറ്റുമുട്ടിയപ്പോഴും 'പൊതുവായ ഒരു വികാരം' നിലനിന്നിരുന്നു. ഈ 'പൊതുവായ വികാരം' പ്രകൃതിക്ഷോഭം, വൈദേശികാക്രമണം തുടങ്ങിയ വിപത്ഘട്ടങ്ങളിൽ ഇപ്പോഴും നമുക്ക് കാണാം. ഗ്രാമീണ ഇന്ത്യയിലാണ് ഈ വികാരം കൂടുതൽ ശക്തമായി കാണാൻ സാധിക്കുന്നത്.

ഇന്നത്തെ രീതിയിലുള്ള സങ്കീർണമായ ഹിന്ദു-മുസ്ലിം വിഭജനം ബ്രിട്ടീഷ് ഭരണത്തിന്റെ സംഭാവനയാണെന്നതിനോട് പലരും വിയോജിക്കുന്നു. ലഫ്റ്റനന്റ് ജനറൽ കോക്കിന്റെ "ഭിന്നിപ്പിച്ചു ഭരിക്കുക" (Divide and Rule) യെന്ന നയത്തിന്റെ അടിസ്ഥാനത്തിൽ ഭരണാധികാരികൾ ഊന്നിയത് അഭിപ്രായവ്യത്യാസങ്ങളിലാണ്, മറിച്ച് സമാനതകളിലല്ല. ഇന്ത്യാ ചരിത്രത്തിലെ വിവിധ കാലഘട്ടങ്ങൾ തന്നെ 'ഹിന്ദു' (Ancient), 'മുഹമ്മദൻ' (Medieval), 'ബ്രിട്ടീഷ്' (Modern) എന്നിങ്ങനെ വിഭജിക്കപ്പെട്ടു.

ബ്രൂസ് എൽജിൻ പ്രഭു ഇന്ത്യയിൽ വൈസ്രോയി (1862-63) ആയിരുന്നപ്പോൾ, സ്റ്റേറ്റ് സെക്രട്ടറിയായിരുന്ന വുഡ്സ് ലണ്ടനിൽ നിന്ന് അദ്ദേഹത്തിന് ഇപ്രകാരം എഴുതി: "ഇന്ത്യക്കാരെ തമ്മിലടിപ്പിച്ചുകൊണ്ടുമാത്രമേ നമ്മുടെ അധികാരം നിലനിർത്താൻ സാധിക്കുകയുള്ളൂ. ഇന്ത്യക്കാർ യോജിക്കുന്നത് എല്ലാ വിധത്തിലും തടയണം".

ഒന്നാം സ്വാതന്ത്ര്യസമരം നടന്നു

കൊണ്ടിരിക്കുമ്പോൾ, ഐക്യത്തോടെയുള്ള ഹിന്ദു-മുസ്ലിം മുന്നേറ്റത്തെ ചെറുക്കുന്നതിനുവേണ്ടി മുസ്ലിം പള്ളികളും ഹൈന്ദവക്ഷേത്രങ്ങളും മലിനപ്പെടുത്തുകയോ തകർക്കുകയോ ചെയ്യണമെന്ന നിർദ്ദേശത്തിനു മറുപടിയായി, ഗവർണർ ജനറൽ കാനിംഗ് പ്രഭു 1857 നവംബർ 21ന് നിയന്ത്രണസമതി (Board of control) ചെയർമാൻ വെർണൺ സ്മിത്തിന് ഇങ്ങനെ എഴുതി: "ഒരുപിടി ഇംഗ്ലീഷുകാരെ വെച്ച് നമുക്ക് നൂറ്റിഅമ്പത് മില്യൻ ജനങ്ങളെയാണ് ഭരിക്കേണ്ടത്. നാം ഇന്ത്യൻ ജനതയെ മതപരവും രാഷ്ട്രീയവുമായി ഭിന്നിപ്പിക്കുകയും ഭരണംകൊണ്ട് അവരെ ഭയപ്പെടുത്തി നിർത്തുകയും നമ്മുടെ ലക്ഷ്യങ്ങളെക്കുറിച്ച് അവർക്ക് സംശയങ്ങളില്ലാതിരിക്കുകയും ചെയ്യുന്നതിലൂടെ ഈ കർത്തവ്യം ഭംഗിയായി നിറവേറ്റാൻ നമുക്ക് സാധിക്കും."

1908 ഡിസംബർ 17ന് തെക്കെ ഇന്ത്യയിലെ ബംഗനപള്ളിയിൽ നവാബ് സയ്യിദ് ഗുലാം അലിഖാൻ മൂന്നാമന്റെ സ്ഥാനാരോഹണചടങ്ങിൽ പങ്കെടുത്ത മദ്രാസ് ഗവർണർ ആർതർ വെല്ലസ്ലി പറഞ്ഞു: "ഭരണാധികാരികളോട് കൂറ് കാണിക്കണമെന്ന് ഖുർ-ആൻ നിങ്ങളോട് ആജ്ഞാപിക്കുന്നു. ഖുർ-ആന്റെ ആജ്ഞ നിങ്ങളുടെ ജീവിതത്തിൽ മാർഗദർശകമാവുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു."

ഇന്ന് മതേതരത്വത്തിന് വ്യത്യസ്തമായ ലക്ഷ്യാർത്ഥങ്ങളാണ് ഇന്ത്യയിലുള്ളത്. മതേതരത്വം ചിലപ്പോൾ ഏകതയുമായി കൂട്ടികുഴയ്ക്കപ്പെടുന്നുണ്ട്. കൃത്രിമ മതേതരത്വമെന്നും ന്യൂനപക്ഷ പ്രീണനമെന്നും ചിലർ ഇതിനെ പരിഹസിക്കുന്നു. "മതത്തിൽ നിന്നുള്ള രാഷ്ട്രത്തിന്റെ മോചനം", "എല്ലാ മതങ്ങൾക്കും തുല്യത", "ബഹുമുഖ സംസ്കാരം" എന്നിങ്ങനെ വിവിധ രീതികളിൽ മതേതരത്വം നിർവചിക്കപ്പെട്ടിട്ടുണ്ട്. ഡോ. സാക്കിർ ഹുസൈന്റെ അഭിപ്രായത്തിൽ "ഒരാളുടെ മതത്തെപറ്റിയോ ജാതിയെപറ്റിയോ ചിന്തിക്കാതിരിക്കുന്നതാണ് മതേതരത്വം". മുൻ പ്രധാനമന്ത്രി ചന്ദ്രശേഖറിന്റെ അഭിപ്രായത്തിൽ "മതേതരത്വം ഒരു താൽകാലിക പ്രതിഭാസമല്ല. മാനുഷിക വികാരങ്ങളോട് സഹാനുഭൂതിയും കരുണയും കാണിക്കാത്ത ഒരു വ്യക്തിക്ക് ഒരിക്കലും മ



തേതരവാദിയാകാൻ കഴിയില്ല. മതേതരത്വം മാനുഷികസമീപനമാണ്. അതൊരു രാഷ്ട്രീയതന്ത്രമല്ല. അത് നമ്മുടെ അടിസ്ഥാന തത്വമാണ്."

ഒറ്റവാക്കിൽ മതേതരത്വത്തെ നിർവചിക്കുകയാണെങ്കിൽ, മതേതരത്വമെന്നാൽ 'മാനുഷികത'യാണെന്നു പറയാം. മാനുഷികതയുടെ സവിശേഷതകൾ വ്യത്യസ്തങ്ങളാണ്. നീതിബോധം, ബലഹീനരോടുള്ള അനുഭാവം, സഹാനുഭൂതി, ജീവിതത്തോടുള്ള ആദരവ്, വിനയം, ചിന്താശീലം, സഹിഷ്ണുത, സഹകരണമനോഭാവം, എല്ലാറ്റിനുമുപരി മാനുഷിക മൂല്യങ്ങളോടുള്ള ആദരവ് എന്നിവയാണ് ഈ സവിശേഷതകൾ. മറ്റൊരർത്ഥത്തിൽ മതേതരത്വം ഭാരതീയതയുടെ പര്യായമാണ് - എല്ലാവർക്കും മാതൃകയായ നമ്മുടെ ദേശീയ ധർമ്മചിന്ത. "ദൈവത്തിൽ വിശ്വസിക്കുന്നവൻ വിഡ്ഢിയാണ്" എന്നെഴുതിവെച്ച ഇ.വി. രാമസ്വാമി നായിക്കറുടെ പ്രതിമ സ്ഥിതിചെയ്യുന്ന തമിഴ്നാട്ടിലെ കാഞ്ചീപുരത്ത് ഒരു അമ്പലവും ദർഗയും അടുത്തടുത്ത് സമാധാന സഹവർത്തിത്വത്തോടെ നിലകൊള്ളുന്നു എന്നത് മതേതരത്വത്തിന്റെ മികച്ച ഉദാഹരണമാണ്.

നമ്മുടെ മതേതരത്വത്തിന്റെ മറ്റൊരു വശം അതിന്റെ വൈവിധ്യമാർന്ന സംസ്കാരമാണ്. മൗലാനാ അബുൽ കലാം ആസാദ് 1940 മാർച്ചിൽ രാംഗർ കോൺഗ്രസിൽ നടത്തിയ അധ്യക്ഷപ്രസംഗത്തിൽ പറഞ്ഞു: "നിരവധി സാർത്ഥവാഹക സംഘങ്ങൾ ഇന്ത്യയിലേക്കു വന്നു. ഏറ്റവും ഒടുവിൽ വന്നെത്തിയത് ഇസ്ലാമാണ്. നമ്മൾ അവൾ (ഇന്ത്യ)ക്ക് ഇസ്ലാമിന്റെ ഖജനാവിൽ നിന്ന് ഏറ്റവും വിലപിടിച്ച സമ്മാനം തന്നെ നൽകി - മാനുഷിക സമത്വത്തിന്റെ സന്ദേശം! അതിനുശേഷം പതിനൊന്നു നൂറ്റാണ്ടുകൾ കടന്നുപോയി. ഇന്ന് ഇസ്ലാമിന് ഹിന്ദുമതത്തെപോലെ തന്നെ ഇന്ത്യയിൽ സ്ഥാനമുണ്ട്. ഇന്ത്യയിലെ എല്ലാ വസ്തുക്കളും നമ്മുടെ (മുസ്ലിംകളുടെ) പരിശ്രമത്തിന്റെ മുദ്ര പതിഞ്ഞവയാണ്. നമ്മുടെ ഭാഷ വ്യത്യസ്തമാണെങ്കിലും പൊതുവായ ഭാഷ തന്നെയാണ് നാം ഉപയോഗിക്കുന്നത്. നമ്മുടെ ആചാരാനുഷ്ഠാനങ്ങൾ വ്യത്യസ്തമാണെങ്കിലും അവ പുതിയൊരു സമന്വയമുണ്ടാക്കി. നമ്മുടെ പഴയ രീതിയിലുള്ള വസ്ത്രങ്ങൾ ചിത്രങ്ങളിൽ മാത്രമാണ് കാണുന്നത്." നിർഭാഗ്യകരമെന്നു പറയട്ടെ, 'ഭിന്നിപ്പിച്ചു ഭരിക്കുകയും ഭിന്നിപ്പിച്ചശേഷം നാടുവിടുക'യും ചെയ്ത ബ്രിട്ടീഷുകാരുടെ നയം ആസാദിന്റെ സ്വപ്നങ്ങൾ തകർത്തു.

"ഇന്ത്യൻ നഗരാസൂത്രണം" എന്ന പുസ്തകത്തിൽ എം.എൻ.ബുച്ച് ഇപ്രകാരം നിരീക്ഷിക്കുന്നു: "നമ്മുടെ മധ്യകാല നഗരങ്ങൾ ഹൈന്ദവ നഗരങ്ങളോ ഇസ്ലാമിക നഗരങ്ങളോ ആയിരുന്നില്ല; അവ അതുല്യമായ ഇന്ത്യൻ നഗരങ്ങളായിരുന്നു. ഹൈന്ദവ - ഇസ്ലാമിക രീതികളെ സമന്വയിപ്പിച്ചുകൊണ്ട് ഹൈന്ദവ വാസ്തുശില്പികളുടെ സഹായത്തോടെയാണ് അവർ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയത്."

ഒരു വലിയ മാതൃകയുടെ ഭാഗമായിരിക്കുമ്പോൾതന്നെ ഓരോ കഷ്ണത്തിനും അതിന്റേതായ രൂപവും നിറവും ഭംഗിയും നിലനിർത്തുന്ന മൊസൈക്കിനോടാണ് ഇന്ദിരാ ഗാന്ധി ഇന്ത്യൻ സമൂഹത്തെ താരതമ്യം ചെയ്തത്. ഇതേ ആശയം പ്രശസ്ത ഉറുദു കവി സൗക്ക് ദെഹ്ലവിതന്റെ മനോഹരമായ ഈരടികളിലൂടെ വ്യക്തമാക്കുന്നു:

"പൂന്തോട്ടത്തിന്റെ വശ്യത അതി

ലെ ബഹുവർണങ്ങളായ
റോസാപുഷ്പങ്ങളാണ്;
വൈവിധ്യത്തിലാണ് ഈ ലോകത്തിന്റെ സൗന്ദര്യം കുടികൊള്ളുന്നത്."

നാം ഐക്യത്തെക്കുറിച്ച് സംസാരിക്കുമ്പോൾ അതിന്റെ അർത്ഥം ഏകതയാണെന്നു കരുതരുത്. നാം ദേശീയോദ്ഗ്രഥനത്തെക്കുറിച്ച് സംസാരിക്കുമ്പോൾ അതിന്റെ അർത്ഥം സാത്മീകരണം എന്നല്ല. ന്യൂനപക്ഷങ്ങൾക്ക് അവരുടെ വ്യതിരക്തത (ഐഡൻറിറ്റി) നിലനിർത്താനുള്ള അവകാശം ബഹുമുഖ-ഫെഡറൽ -ജനാധിപത്യ രാഷ്ട്രീയ സംവിധാനത്തോടുള്ള നമ്മുടെ പ്രതിബദ്ധതയിൽ അന്തർലീനമായിരിക്കുന്നുവെന്ന് ബൽരാജ് പുരി അഭിപ്രായപ്പെടുന്നു. മതപരവും ഭാഷാപരവും സാംസ്കാരികവുമായ ഐഡൻറിറ്റി നിലനിർത്താനുള്ള ഒരാളുടെ അവകാശം മനസ്സിലാക്കപ്പെടേണ്ടതാണ്. മറ്റുള്ളവരിൽ അടിച്ചേൽപിക്കാൻ ശ്രമിക്കുമ്പോഴാണ് അത് അപകടകരമാവുന്നത്. ദേശീയതയും മതപരമായ ഐഡൻറിറ്റിയും തമ്മിൽ യാതൊരു ഏറ്റുമുട്ടലുമില്ല. മഹാത്മാഗാന്ധി കറകളഞ്ഞ ഹിന്ദുമത വിശ്വാസിയായിരുന്നു; ആസാദ് ഇസ്ലാം മത വിശ്വാസിയും.

ഇന്ത്യ സൂഫികളുടെയും സന്യാസിമാരുടെയും നാടാണ്. മതസൗഹാർദ്ദവും വിവിധ മതങ്ങൾ തമ്മിലുള്ള ഐക്യവും വളർത്തുന്നതിൽ ഇവർ മികച്ച സംഭാവനകളാണ് നൽകിയത്. കബീർ ഉദ്ബോധിപ്പിച്ചു; "ഹിന്ദുക്കളും മുസ്ലിംകളും ഒരേ കളിമണ്ണിൽ നിന്നുണ്ടാക്കിയ പാത്രങ്ങളാണ്." മൗലാനാ അബുൽകലാം ആസാദിന്റെ അഭിപ്രായത്തിൽ, അഭിപ്രായവ്യത്യാസങ്ങളല്ല മറിച്ച് സമാനതകളാണ് ഊന്നപ്പെടേണ്ടത്. ഒരിക്കൽ ഒരു ദിവ്യന് അദ്ദേഹത്തിന്റെ ശിഷ്യൻ ഒരു കത്രിക സമ്മാനിക്കുകയുണ്ടായി. അപ്പോൾ ദിവ്യൻ തന്റെ ശിഷ്യനോടു പറഞ്ഞു: "മകനേ, എനിക്കു വേണ്ടത് കത്രികയല്ല, സൂചിയാണ്. സൂചി യോജിപ്പിക്കുന്നു. എന്നാൽ കത്രികയാവട്ടെ വിഭജിക്കുകയാണ് ചെയ്യുന്നത്."

ജനാധിപത്യത്തിനു വേണ്ടത് മതേതരത്വമാകുന്ന ഓക്സിജനാണ്. നമ്മുടേത് ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യരാഷ്ട്രമാണ്. ജനാധിപത്യ സംവിധാനത്തിൽ നിയമവാഴ്ചയാണ് പരമപ്രധാനം. അതുപോലെതന്നെ പ്രാധാന്യമർഹിക്കുന്നതാണ് ഭരണഘടനയിൽ ഉറപ്പുനൽകപ്പെട്ടിട്ടുള്ള സാമൂഹ്യനീതി നടപ്പാക്കുന്നതിൽ നിയമത്തിന്റെ പങ്കും. തുല്യനീതി ഉറപ്പുവരുത്തുന്ന ഏക രാഷ്ട്രീയ സംവിധാനം ജനാധിപത്യമാണ്. എണ്ണത്തിന് പ്രാധാന്യം കൽപിക്കപ്പെടുന്ന ഭരണക്രമത്തിൽ ഭൂരിപക്ഷം, ന്യൂനപക്ഷത്തിനു മേൽ ആധിപത്യം പുലർത്തുന്നത് അപകടകരമാണ്. ഗാന്ധിജിയുടെ അഭിപ്രായത്തിൽ "നീതിന്യായത്തിന്റെ കാര്യത്തിൽ ഭൂരിപക്ഷത്തിന് യാതൊരു സ്ഥാനവുമില്ല." അതുകൊണ്ടാണ് നമ്മുടെ ഭരണഘടന ന്യൂനപക്ഷങ്ങൾക്ക് മതപരവും ഭാഷാപരവും സാംസ്കാരികവുമായ സംരക്ഷണം ലഭ്യമാക്കുന്നത്.




സങ്കീർണമായ ഒരു സമൂഹത്തിൽ മതേതരത്വത്തിന് വേണ്ടിയുള്ള പോരാട്ടം ത്രിമുഖങ്ങളാണ് - രാഷ്ട്രീയപരം, ആദർശപരം, ഭരണപരം.

രാഷ്ട്രീയ രംഗത്ത്, രാഷ്ട്രീയ പ്രവർത്തകരുടെ വഞ്ചനയും കാര്യങ്ങൾ നടത്തുന്നതിലെ അലംഭാവവും അവസാനിപ്പിക്കണം. രാഷ്ട്രീയത്തിന്റെ വർഗീയവൽക്കരണവും, മതത്തിന്റെ രാഷ്ട്രീയവൽക്കരണവും തടയണം. വർഗീയശക്തികളുമായുള്ള കൂട്ടുകെട്ട് അവസാനിപ്പിക്കണം. രാഷ്ട്രീയരംഗത്ത് അപ്രത്യക്ഷമാകുന്ന മൂല്യങ്ങൾ പുനഃസ്ഥാപിക്കണം. വർഗീയപ്രശ്നത്തിനും പരിഹാരം ഇല്ലാതില്ല. രാഷ്ട്രീയമായ ഇച്ഛാശക്തിയാണ് ഇതിന് വേണ്ടത്.

ആദർശപരമായ തലത്തിൽ, ധാർമ്മിക മൂല്യങ്ങൾക്ക് പുനരുജ്ജീവനം നൽകുന്ന രീതിയിൽ വിദ്യാഭ്യാസ പരിഷ്കാരങ്ങൾ നടപ്പാക്കണം. പരസ്പരമുള്ള വെറുപ്പാണ് അക്രമം വളർത്തുന്നത്. ചരിത്രത്തേയും മാധ്യമങ്ങളേയും വ്യാപകമായ രീതിയിൽ ദുരുപയോഗപ്പെടുത്തി ലോലമനസ്സുകളിൽ വെറുപ്പും വിദ്വേഷവും കുത്തിവെക്കുന്നത് അപകടകരമാണ്. ആശയ സംവാദങ്ങൾ വർഗീയത വളരുന്നത് തടയാൻ സഹായിക്കും. മാധ്യമങ്ങളുടെ സ്വാതന്ത്ര്യം ഭാരതീയ മൂല്യങ്ങളിലും ധാർമ്മികതയിലും ഒതുങ്ങി നിൽക്കണം. 'മണ്ണിന്റെ അടിമത്വത്തിൽ നിന്നുള്ള വിമോചനം ഒരിക്കലും മരത്തിന് സ്വാതന്ത്ര്യം നൽകുന്നില്ല'. പൊതുജന വികാരത്തെ ശരിയായ രീതിയിൽ തന്നെ പത്രങ്ങൾ പ്രകടിപ്പിക്കണം.

ഉദ്യോഗസ്ഥരുടെയും രാഷ്ട്രീയക്കാരുടെയും നിക്ഷിപ്ത താല്പര്യങ്ങൾ അടക്കി ഭരിക്കുന്ന നിലവിലുള്ള ഭരണരംഗം നിയമലംഘകർക്ക് പ്രോത്സാഹനം നൽകുകയാണു ചെയ്യുന്നത്. പോലീസിന്റെ 'മതേതര മുഖം' എന്നതുകൊണ്ട് അർത്ഥമാക്കുന്നത് നിക്ഷ്പക്ഷമായ നിഷ്ക്രിയത്വമല്ല; മറിച്ച് മതേതരത്വത്തിനു നേരെയുള്ള ഭീഷണികളെ ഫലപ്രദമായി നേരിടുകയാണ്. ചർച്ചിൽ പറഞ്ഞതുപോലെ 'അഗ്നിക്കും അഗ്നിശമന സേനക്കുമിടയിൽ യാതൊരു നിക്ഷ്പക്ഷതയുമില്ല'. നീതിന്യായ വ്യവസ്ഥ നിലനിൽക്കുന്നിടത്തോളം കാലം തർക്കങ്ങളിൽ തീർപ്പുകല്പിക്കേണ്ടത് മഷി കൊണ്ടാണ്; രക്തം കൊണ്ടല്ല.

ഒരു കാര്യം തീർച്ചയാണ്. ഭരണ-നീതിന്യായ പ്രക്രിയകൾക്ക് ഒരു സഹായകമായും ത്വരകമായും പ്രവർത്തിക്കാൻ സാധിക്കും. നിയമവാഴ്ച പോലെ തന്നെ മതേതരത്വവും ഉയർന്നു വരേണ്ടത് ജനഹൃദയങ്ങളിൽ നിന്നാണ്. അല്ലാത്തപക്ഷം, കോടതികൾക്കോ നിയമങ്ങൾക്കോ അതിനെ രക്ഷിക്കാനാവില്ല. ■

# മുൻവിധികളുടെ രാഷ്ട്രീയം

പ്രാകൃത കാലത്ത് 'ഗോത്ര'ത്തിനുള്ളിൽ പരിമിതമായ ഐക്യം പുലർന്നിരുന്നു. അപ്പോഴും വിവിധ ഗോത്രങ്ങൾക്കിടയിൽ ഐക്യമുണ്ടായിരുന്നില്ല. അവർക്കിടയിൽ ആഭിചാരഭീതിയുടെ ഇരുണ്ട അന്തരീക്ഷമാണ് നിലനിന്നിരുന്നത്. ഒരു ഗോത്രത്തിൽ രോഗം വന്നാൽ മറ്റൊരു ഗോത്രത്തിലെ ആരോ ദുർമ്മന്ത്രവാദം ചെയ്തു എന്നാരോപിക്കുകയായിരുന്നു പതിവ്. ചരിത്രത്തിൽ നാം എത്രത്തോളം പിറകോട്ടു പോകുന്നുവോ അത്രത്തോളം ജനവാസകേന്ദ്രങ്ങൾ തമ്മിലുള്ള അകലം കൂടുകയാണെന്ന് പുരാവസ്തു ഗവേഷകർ നിരീക്ഷിച്ചിട്ടുണ്ട്. അറിവിൻെറ പരിമിതി നിമിത്തം രൂപപ്പെട്ട പ്രാകൃതവർഗധാരണകളാണ്, അത്തരം പരിമിതികളെ പലതരത്തിൽ മറികടന്ന ഇന്നും മന്ത്രവാദത്തെയും വിവിധ ജനവിഭാഗങ്ങൾ തമ്മിലുള്ള അകൽച്ചയേയും ഭരിക്കുന്നത്. മുൻവിധി ഗോത്രബോധത്തിൻെറ ഇപ്പോഴും തുടരുന്ന അവശിഷ്ടമാണ്. അജ്ഞതയും യുദ്ധങ്ങളും സംഘർഷങ്ങളും ഭീതിയും അനിവാര്യമാക്കിയ അകൽച്ചയുടെ ഉൽപ്പന്നമാണത്. ഗോത്രകാലത്ത് തന്നെ രൂപപ്പെടുകയും പിന്നീട് മതജാതി കൊളോണിയൽ ചൂഷകസംവിധാനങ്ങൾക്ക് ശക്തിപകരുകയും അതോടൊപ്പം സ്വയം ശക്തിപ്പെട്ടുകൊണ്ടിരിക്കുകയും ചെയ്യുന്ന ഒരാധിപത്യസ്ഥാപനമാണത്. ചൂഷക മൂല്യങ്ങളെ പിന്തുണക്കുകയും പുനരുൽപാദിപ്പിക്കുകയും ചെയ്യുന്ന 'സാമാന്യബോധ'ത്തിൻെറ ഏറ്റവും ചെലവ് കുറഞ്ഞ സാമൂഹ്യ രൂപങ്ങളിലൊന്നാണ് ഇന്ന് 'മുൻവിധി'. വിമർശനാത്മകമായ അപഗ്രഥനത്തിനു പകരം അന്ധമായ അനുസരണം അടിച്ചേല്പിച്ചും സ്വയം നിർമ്മിച്ചെടുത്ത സാങ്കല്പികമായ ഉൽകൃഷ്ടത മറ്റുള്ളവരെ നികൃഷ്ടരാക്കി ഉറപ്പിച്ചും ഫാസിസം, വർഗീയത തുടങ്ങിയ പ്രാകൃതരാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ എക്കാലത്തേയും മൂലധനമായി ഇന്നത് ശക്തിപ്പെട്ടിരിക്കുന്നു. ''സ്വന്തം'' എപ്പോഴും ശരിയും ''അന്യം'' എപ്പോഴും തെറ്റുമാണെന്ന അന്ധമായ പക്ഷപാതം ഒരടഞ്ഞ ലോകത്തിൻെറ വികലമായ മനസ്സിലാക്കലിൻെറ വിളംബരമാണ്. പുതിയ സങ്കല്പങ്ങളെ ശീലങ്ങളാക്കി മാറ്റുന്നതിനുപകരം പഴയ ശീലങ്ങളെ ദൃഢപ്പെടുത്തുകയാണ് സാമാന്യബോധവും



അതിൻെറ ഭാഗമായ മുൻവിധികളും നിരന്തരം ചെയ്തുകൊണ്ടിരിക്കുന്നത്.

മുൻവിധികളോരോന്നും കൂട്ടമായും മുറിഞ്ഞുവീഴുന്നത് ആശയരംഗത്തും പ്രായോഗികരംഗത്തും നിരന്തര സമരങ്ങൾ നടക്കുമ്പോഴാണ്. പരസ്പരം അകന്നു കഴിഞ്ഞ ജാതിമതപ്പറ്റങ്ങൾ ആധുനിക ജനാധിപത്യ സമൂഹമായി രൂപപ്പെടുന്ന പ്രക്രിയക്കിടയിലാണ് മുൻവിധികളോരോന്നായി അപ്രത്യക്ഷമായത്. ജാതി ജന്മി നാടുവാഴി വ്യവസ്ഥക്കെതിരെ നടന്ന സമരങ്ങളെ വിസ്മരിച്ചുകൊണ്ട് ജനാധിപത്യത്തെക്കുറിച്ചും മതേതരത്വത്തെ ക്കുറിച്ചും ഒരു വാക്ക് പോലും ഉച്ചരിക്കാനാവില്ല. ജാതി മതബോധത്താൽ നിർണ്ണയിക്കപ്പെടുന്ന സാമൂഹ്യബോധത്തിന് മുൻവിധികളെ മുറിച്ചുകടക്കുക അസാധ്യമാണ്. പുറമേക്ക് പകിട്ടേറിയ മുദ്രാവാക്യങ്ങൾ മുഴക്കുമ്പോഴും മതരാഷ്ട്രീയത്തിൻെറ മൂലധനം മധ്യകാലം ഉത്പാദിപ്പിച്ച അധമവും പ്രാകൃതവുമായ മുൻവിധികളല്ലാതെ മറ്റൊന്നുമല്ല. സ്വന്തം മാത്രം ശ്രേഷ്ഠവും അന്യമെല്ലാം മ്ലേച്ഛവുമായി മാറുന്ന മുറക്കാണ് മുൻവിധികൾക്ക് മൂർച്ച കൂടുന്നത്. പരസ്പരം മനസ്സിലാക്കുക അസാധ്യാകും വിധം അകന്നു ജീവിച്ച ഒരു കാലത്തിൻെറ അവശിഷ്ടം അങ്ങിനെയാണ് ആധുനിക ജീവിതത്തെ കടന്നാക്രമിക്കുന്ന മാരകായുധമായി മാറുന്നത്. സമീപകാലത്ത് സംഭവിച്ചിരിക്കുംവിധം ശക്തിപ്പെട്ടുകൊണ്ടിരിക്കുന്ന ആചാരപരതയുടെ പിന്നിലും മതാഘോഷങ്ങളുടെ പിറകിലും ജനാധിപത്യത്തെ പുച്ഛിക്കുന്ന വിവാദങ്ങളിലും പതിയിരിക്കുന്നത് ഭൂതകാല പൂജയും ലജ്ജിപ്പിക്കുന്ന മുൻവിധിവിധേയത്വവുമാണ്. സാമൂഹ്യവളർച്ചയ്ക്കൊപ്പം സ്വയം വളരാനോ അല്ലെങ്കിൽ വളർന്നുകൊണ്ടിരിക്കുന്ന ജീവിതത്തിൻെറ മുമ്പിൽ നിന്നും വഴിമാറിക്കൊടുക്കാനോ കഴിയാത്ത ആചാരങ്ങൾ തന്നെയാണ് അനാചാരങ്ങളായി മാറുന്നത്. ആചാരം മനോഹരമായ ഒരാരംഭത്തിനുള്ള ആമുഖങ്ങളാകുന്നതിനു പകരം 'ചങ്ങല'കളാകുന്നത് 'സന്ദർഭങ്ങ'ളോട് തൽസമയം പ്രതികരിക്കാനുള്ള കഴിവ് അതിന് നഷ്ടപ്പെടുമ്പോഴാണ് കണ്ടോ ഞങ്ങളെത്രകേമം എന്ന് സ്ഥാപിക്കാനുള്ള സങ്കുചിത ശ്രമങ്ങൾക്ക് ഇന്ന് ഊർജ്ജം പകരുന്നത് മതതത്വശാസ്ത്രങ്ങളല്ല. മറിച്ച് മതജാതി മുൻവിധികളും അതിൻെറ ഭാഗമായ അനുഷ്ഠാനങ്ങളുമാണ്. ശാസ്ത്രീയമായ അറിവിൻെറ അഭാവത്തിൽ രൂപപ്പെടുന്ന അന്ധമായ പക്ഷപാതം മാത്രമല്ല മുൻവിധി. മറിച്ച് തങ്ങളൊഴിച്ച് മറ്റാർക്കും മോക്ഷം കിട്ടുകയില്ലെന്നും അവരൊന്നും ഗുണം പിടിക്കില്ലെന്നും അവർക്കൊന്നും യഥാർത്ഥ കഴിവുകളില്ലെന്നും കരുതുന്ന അപകടകരമായ സങ്കുചിതത്വമാണത്. ഇത്തരം സങ്കുചിതത്വത്തിൻെറ പ്രച്ഛന്നസാന്നിധ്യം നിമിത്തമാണ് നമ്മുടെ തീവ്രസൗഹൃദങ്ങൾപോലും 'എന്തൊക്കെയുണ്ട്' 'നല്ലത്' തുടങ്ങിയ ആചാരപദങ്ങളിൽ അവസാനിച്ചു പോകുന്നത്. ജനനം, വിവാഹം , മരണം തുടങ്ങിയ ജീവിതത്തിൻെറ നിർണ്ണായകമായ വഴിത്തിരിവുകളിൽ വെച്ച് നമ്മുടെ സൗഹൃദം സ്വന്തം വഴിതിരിഞ്ഞ് വേറിടുന്നു. മതേതരത്വത്തെ ആത്മാർത്ഥമായി വാഴ്ത്തിക്കൊണ്ട് തന്നെ മുൻവിധികളുടെ ലോകത്തിലൂടെ കുറ്റബോധം കൂടാതെ സഞ്ചരിക്കാൻ ഇന്നു നമുക്ക് കഴിയുന്നു. അംഗീകൃതമാമൂൽ വിവാഹത്തിനപ്പുറത്തേക്ക് നോക്കുന്ന പ്രണയം പോലും ശരാശരി സാമൂഹ്യബോധത്തിന് സഹിക്കുന്നില്ല. അതൊരു ധിക്കാരമോ, കുടുംബസ്നേഹമില്ലായ്മയോ, നന്ദികേടോ എന്തിനധികം 'മൂല്യച്യുതി' പോലുമോ ആയി മാറിയിരിക്കുന്നു. പ്രണയം നമുക്കിന്ന് പൊറുക്കാനാവാത്ത പാപമാണ്. അടിച്ചു പുറം പൊളിക്കേണ്ട ശിക്ഷയാണ്. വിവിധ ജാതി മതവിഭാഗങ്ങൾക്കിടയിലാണെങ്കിൽ വർഗീയ കലാപം പോലും സംഘടിപ്പിക്കാൻ സാധ്യത നൽകുന്ന ഒരൊന്നാന്തരം വിഷയവുമാണ്! 'നൊന്തുപെറ്റ തള്ളയെ മറന്നില്ലേ, പോറ്റി വളർത്തിയ തന്തയെ മറന്നില്ലേ' തുടങ്ങി സ്നേഹത്തിനെതിരെ എന്തുമാത്രം ശകാരങ്ങൾ! പോക്കറ്റ് മണിയുടെ പേരിൽ തന്തയെ തല്ലുന്നവരും അരസെൻറ് ഭൂമിക്കുവേണ്ടി കുടുംബത്തെ മുഴുവൻ കോടതികയറ്റുന്നവരും ഉദാത്തമായ കുടുംബസ്നേഹത്തിൻെറ തത്വശാസ്ത്രം അവതരിപ്പിക്കുന്നത് പ്രണയം ഉന്നയിക്കുന്ന ജനാധിപത്യ പ്രശ്നങ്ങളെ അഭിമുഖീകരിക്കേണ്ടി വരുമ്പോഴത്രെ! ജാതി, ജാതകം, മതം, ചൊവ്വാദോഷം, സ്ത്രീധനം, ആഭരണം, ആർഭാടം, പൊങ്ങച്ചം, പുരോഹിതസാന്നിധ്യം തുടങ്ങിയതെല്ലാം മുറക്കും ക്രമത്തിനു ചേർന്നാൽ വിവാഹം വിശുദ്ധമായി എന്ന വഷളത്തരം വലിച്ചെറിയാനുള്ള ആർജ്ജവം ഇന്നും നാം നേടിക്കഴിഞ്ഞിട്ടില്ല. എന്നാൽ അതിനേക്കാളും അന്ധാളിപ്പിക്കേണ്ട പ്രശ്നം, സാമൂഹ്യ നവോത്ഥാനത്തിൻേറയും ജനാധിപത്യത്തിൻേറയും അജണ്ടയിലെ പ്രധാന ഇനമാണ് ലളിതമായ മാനുഷിക വിവാഹം എന്ന വസ്തുതപോലും നാം വിസ്മരിച്ചുകൊണ്ടിരിക്കുന്നതാണ്! സ്വകുലവിവാഹത്തെ അപേക്ഷിച്ച് എന്തു



കൊണ്ടും മെച്ചപ്പെട്ടത് മിശ്രവിവാഹമാണെന്ന സത്യം മതജാതിമുൻവിധി നിമിത്തം സാമൂഹ്യ ജീവിതത്തിൻെറ മറ്റ് മണ്ഡലങ്ങളിൽ ഏറെ മുന്നോട്ടു പോയവർക്കും ശരിയായ വിധത്തിൽ ഉൾക്കൊള്ളാനാവുന്നില്ല. മതസൗഹാർദ്ദത്തെ ആകാശത്തോളം ഉയർത്തേണ്ട മൂല്യമാണെന്ന് വിശ്വസിക്കുന്നവർക്ക് പോലും അതിനുള്ള പ്രായോഗിക പദ്ധതികളിലൊന്നായി മിശ്രവിവാഹം നിർദ്ദേശിക്കാൻ കഴിയുന്നില്ല.



ഗാന്ധി മുതലുള്ള ഇന്ത്യയുടെ പരമ്പരാഗത നേതൃത്വത്തിൻെറ കാര്യപരിപാടികളിലാവട്ടെ ഇത് വെച്ചുപൊറുപ്പിക്കാൻ പറ്റാത്ത ഒരു പാശ്ചാത്യ ആശയമാണ്. വർഗവിശകലനത്തിൻെറ സ്ഥാനം ഭൂമിശാസ്ത്രപരമായ വേർതിരിവുകൾക്ക് വെച്ചുമാറാൻ തിടുക്കം കൊള്ളുന്ന മത-അക്കാദമിക് ലോകത്തിന് 'പാശ്ചാത്യ'മെന്നത് തെറിയുടെ മറ്റൊരു പേരാണ്! ''ദേശീയോന്നമനത്തിന് മിശ്രഭോജനവും മിശ്രവിവാഹവും വേണമെന്നുള്ള അഭിപ്രായം പാശ്ചാത്യ രാജ്യങ്ങളിൽ നിന്ന് കടമെടുത്ത ഒരന്ധവിശ്വാസമാണെന്നാണ് എൻെറ അഭിപ്രായം.'' (ഗാന്ധി) അദ്ദേഹം തുടരുന്നു. പരമാർത്ഥത്തിൽ മിശ്രവിവാഹവും മിശ്രഭോജനവും സൗഹൃദത്തിനു ആവശ്യമായ ഉപാധികളല്ല. ഹിന്ദുവിനും മുഹമ്മദീയനും മിശ്രവിവാഹം കഴിഞ്ഞിട്ട് സ്വന്തം മതം തന്നെ ഗാഢമായി സംരക്ഷിക്കാവുന്നതല്ല'' മിശ്രഭോജനത്തിൻെറ പ്രശ്നം ഒരു പരിധിവരെ ഉപരിവിപ്ലവമായിട്ടാണെങ്കിലും മുതലാളിത്ത വികാസം സാധ്യമാക്കിയ 'ഹോട്ടലുകൾ' പരിഹരിച്ചു കഴിഞ്ഞു. അതുകൊണ്ട് നമുക്ക് ഹോട്ടലുകൾ എന്ന പാശ്ചാത്യബാധക്കെതിരെ നിരാഹാരസമരം നടത്താവുന്നതാണ്! ഗാന്ധി മതസൗഹാർദ്ദത്തിൻെറ രക്തസാക്ഷിയായി മാറി. അപ്പോഴും സങ്കുചിതമായ മതബോധത്തിൻെറ ഭാരം അദ്ദേഹം ചുമക്കുന്നതായിരുന്നു! 'നാനാത്വത്തിൽ ഏകത്വം' നാട്ടിൽ പുലരുമെന്നും പുലർത്തണമെന്നും എന്നാൽ അത് ഈ വീട്ടിൽ പറ്റില്ലെന്നും എല്ലാം എപ്പോഴും വീട്ടിൽനിന്നും തുടങ്ങണമെന്ന് വാദിക്കുന്ന ഗാന്ധിക്കും വളരെ അപൂർവ്വമായിക്കൊണ്ടിരിക്കുന്ന ശിഷ്യഗണങ്ങൾക്കും ഉൾക്കൊള്ളാനാവുകയില്ലെന്നുള്ളത് എന്തുമാത്രം സഹതാപാർഹമാണ്! ഏതു കാര്യത്തെ സൂചിപ്പിക്കുമ്പോഴും മതത്തിൻെറ ഗതിയെന്താവും എന്നല്ലാതെ മനുഷ്യൻെറ സ്ഥിതിയെന്താവും എന്നെപ്പോഴെങ്കിലും ഇവരൊന്ന് ചോദിക്കുമോ? ഖുർആനും ഗീതയും ബൈബിളും ഒന്നിച്ചു വെച്ചും സർവ്വമത പ്രാർത്ഥന നിരന്തരം നിർവ്വഹിച്ചും കഴിയുന്നവർ തന്നെ വിവിധ മതത്തിൽപ്പെട്ടവർ മിശ്രവിവാഹിതരായാൽ എങ്ങിനെ അവർക്ക് സ്വന്തം മതം സംരക്ഷിക്കാൻ കഴിയും എന്ന് ഉൽക്കണ്ഠപ്പെടുന്നത് എന്തൊരു അസംബന്ധമാണ്! സാമൂഹ്യ നവോത്ഥാനത്തിൻെറ തിളങ്ങുന്ന മാനുഷിക കാഴ്ചപ്പാടുകളല്ല, മുൻവിധികളാൽ മലിനമായ പുനരുദ്ധാരണ നിലപാടുകളാണ് ഇന്ത്യയുടെ ഔദ്യോഗിക ദേശീയതയുടെ അടിസ്ഥാനം. സ്വരാജ് ഉപേക്ഷിച്ചും മതസൗഹാർദ്ദം സ്വീകരിക്കുമെന്ന് അബ്ദുൾ കലാം ആസാദ് പ്രഖ്യാപിച്ചു. ആകാശത്തിൽ നിന്നൊരു മാലാഖ ഇറങ്ങിവന്ന് കുത്തബ് മീനാറിൻെറ ഉച്ചിയിൽ കയറിനിന്ന് ഹിന്ദു - മുസ്ലീം ഐക്യമെന്ന മുദ്രാവാക്യം ഉപേക്ഷിക്കുകയാണെങ്കിൽ ഈ രാത്രി പുലരുന്നതിനു മുമ്പെ 'സ്വരാജ്' സാക്ഷാൽക്കരിക്കപ്പെടുമെന്ന് പറയുന്നുവെന്നിരിക്കട്ടെ. ഞാൻ സ്വരാജ് എന്ന ലക്ഷ്യംതന്നെ ഉപേക്ഷിക്കും. എനിക്ക് വേണ്ടത് ഹിന്ദു മുസ്ലീം ഐക്യമാണ്. സ്വരാജ് നഷ്ടപ്പെട്ടാൽ അത് ഇന്ത്യയുടെ നഷ്ടമാണെന്നത് ശരിതന്നെ. പക്ഷേ മതസൗഹാർദ്ദം നഷ്ടപ്പെട്ടാൽ അത് മാനവരാശിയുടെ വിനാശമായിരിക്കും. ഇന്ത്യ കണ്ട ഏറ്റവും വലിയ ഇസ്ലാമിക പണ്ഡിതൻകൂടിയായിരുന്നിട്ടും ഹിന്ദു മുസ്ലീം ഐക്യത്തിൽ ഇത്രയേറെ ലഹരികൊണ്ടിട്ടും വിവാഹബന്ധത്തിനിടയിൽ മതം കെട്ടിയിട്ടുള്ള മുൻവിധികളുടെ വേലികൾ പൊളിച്ചുമാറ്റുന്നതിനെക്കുറിച്ച് ചിന്തിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞില്ല. മതവിമർശനമാണ് മറ്റെല്ലാ വിമർശനങ്ങളുടെയും ഉപക്രമമെന്ന മാർക്സിൻെറ നിരീക്ഷണം ഇവിടെ വീണ്ടും പ്രസക്തമാവുന്നു.

'ഒരു വിവാഹത്തിന് ഏറിയാൽ എത്രപേർക്ക് പങ്കെടുക്കാം' എന്ന് പതിറ്റാണ്ടുകൾക്ക് മുമ്പ് ശ്രീനാരായണഗുരുവിനോട് ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞത് 'പത്ത്' എന്നാണത്രേ! കൂട്ടുകുടുംബം നിലനിന്നൊരു കാലത്തായിരുന്നു ഈ ഉത്തരം! അന്ന് ഓരോ വീട്ടിലും മുപ്പതും നാല്പതും പേരുണ്ടാകും. എന്നിട്ടും പത്തുപേർ എന്ന് ശ്രീനാരായണഗുരു പറഞ്ഞതിൻെറ പൊരുൾ ആഘോഷപൂർവ്വം നടത്തുന്ന പൗരോഹിത്യ വിവാഹം വർജിക്കൂ എന്നും ലളിതമായ നിയമാനുസൃത രീതി സ്വീകരിക്കൂ എന്നുമാണ്. പൗരോഹിത്യസ്ഥാപനങ്ങളെ വെല്ലുവിളിച്ച് നവോത്ഥാനപാരമ്പര്യവുമായി ഇന്നത്തെ വിവാഹസമ്പ്രദായങ്ങൾ പൊതുവിൽ പൊരുത്തപ്പെടുന്നില്ലെന്ന് ഒരു പൊള്ളലോടുകൂടി നമുക്കനു

ഭവപ്പെടാത്തതെന്തുകൊണ്ടാണ്? കല്യാണത്തിനു വിളിക്കലും പോകലും ഒരു ഭാരമായിത്തീർന്നിട്ടും ഏതോ പിഴച്ച പതിവ്പോലെ ഇപ്പോഴും തുടരുന്ന ഒരസംബന്ധത്തോട് നമുക്ക് വിടചോദിക്കാൻ കഴിയുന്നില്ല. 'എങ്ങിനെ വിളിക്കാതിരിക്കും' എന്നതുകൊണ്ടുമാത്രം വിളിക്കുകയും അപ്പോൾ എങ്ങിനെ പോവാതിരിക്കും എന്നതുകൊണ്ടുമാത്രം പോവുകയും ചെയ്യുന്ന അവസ്ഥ അവസാനിപ്പിക്കാനാവാത്തത് അഗാധമായ സാമൂഹ്യബോധത്തിന്റെ സ്ഥാനം ഉപരിപ്ലവമായ പതിവുകൾ കയ്യേറുന്നതുകൊണ്ടാണ്. വിവാഹങ്ങൾ 'സ്വർഗ്ഗത്തിൽ' വെച്ച് നടത്താൻ വേണ്ടി ഭൂമി നരകമാക്കുന്നതിന്റെ ഉത്തരവാദിത്തം അടിയുറച്ചുപോയ ആചാരങ്ങളിലാണ് അന്വേഷിക്കേണ്ടത്. എങ്ങിനെയെങ്കിലും 'നാട്ടുനടപ്പ്' അനുസരിച്ചില്ലെങ്കിൽ നാട്ടിൽ നിന്നും ഒറ്റപ്പെടും എന്ന അബോധഭീതിക്കടിമപ്പെടുന്നതുകൊണ്ടാണ് വിവാഹവും വിവാഹവേദിയും അതോടനുബന്ധിച്ചുള്ള ആഘോഷവും ഒരസംബന്ധമായിത്തീരുന്നത്. വീഡിയോകളുടെ എണ്ണവും തീന്മേശകളിലെ വിഭവങ്ങളുടെ ധാരാളിത്തവും അലങ്കാരത്തിന്റെ പ്രൗഢിയും പങ്കെടുത്ത പ്രമുഖരുടെ എണ്ണവുമാണ് ഇന്ന് വിവാഹത്തിന്റെ മാറ്റ് നിർണ്ണയിക്കുന്നത്! മതം, ജാതി, സമ്പത്ത്, പദവി, ആചാരം എന്നിവക്കിടയിൽവെച്ച് കുരുതി കൊടുക്കപ്പെടുന്നത് മനുഷ്യരുടെ സ്പന്ദിക്കുന്ന ജീവിതങ്ങളാണെന്ന സത്യം ആഘോഷങ്ങളുടെ പൊള്ളയായ കലപിലകൾക്കിടയിൽ വെച്ച് ആരും ഓർക്കുന്നില്ല. ശരീരങ്ങൾക്ക് വില പറയുന്ന അശ്ലീലതകളാണ് പുറത്തെ പകിട്ടു കൊണ്ട് മൂടിവെക്കപ്പെടുന്നത്. സാമൂഹ്യവികാസം സാധ്യമാക്കിയ വിവാഹമുൾപ്പെടെയുള്ള മനുഷ്യബന്ധങ്ങളുടെ ക്രമീകരണരീതികൾ ഇന്ന് സാമൂഹ്യബോധത്തിനു മുമ്പിൽ ഭീഷണിയാവുകയാണോ? സാംസ്കാരികജീർണതയെന്നത് സാമൂഹ്യബോധത്തിന്റെ സ്തംഭനമല്ലാതെ മറ്റെന്താണ്? രണ്ട് മൂന്ന് പെൺകുട്ടികളെ വിവാഹം കഴിച്ചു കൊടുക്കുന്നതോടുകൂടി കടത്തിന്റെ കുത്തുപാളയെടുക്കേണ്ടിവരുന്ന കുടുംബങ്ങളും പറഞ്ഞത്രസംഖ്യയും സ്വർണ്ണവും കണക്ക് തീർത്ത് കൊടുക്കാത്തതിന്റെ പേരിൽ ഭർത്തൃഗൃഹത്തിൽ കണ്ണീർ കുടിക്കുന്ന സ്ത്രീകളും കാരുണ്യമല്ല, നീതിയാണ് ആവശ്യപ്പെടുന്നത്. മതഗ്രന്ഥങ്ങളിലെ അക്ഷരങ്ങളിൽമാത്രം അഭിരമിച്ചുകൊണ്ട് സ്ത്രീകൾക്കൊരു പ്രശ്നമില്ലെന്നും അവർ അടങ്ങി ഒതുങ്ങിക്കഴിഞ്ഞാൽ മതി എന്നും ആക്രോശിക്കുന്നവർ നിരന്തരം ചവിട്ടേൽക്കുന്ന ഒരു ലിംഗവിഭാഗത്തിന്റെ ആർത്തനാദം കേൾക്കാൻ കഴിയാത്തത്ര ബാധിര്യം ബാധിച്ചവരാണ്. അല്ലെങ്കിൽ അങ്ങിനെ നടിക്കാൻ മാത്രം അവരേറെ വളർന്നിരിക്കുന്നു! അവർക്ക് സാക്ഷി, പിടയുന്ന ജീവിതങ്ങളല്ല പൊടിയുന്ന പുസ്തകങ്ങളാണ്. കാലഹരണപ്പെട്ട ആചാരങ്ങൾക്ക് സായുധരായി കാവൽ നിൽക്കുന്നവരൊക്കെയും കാലാകാലമായി ആവശ്യപ്പെടുന്നത് ഞങ്ങളൊഴിച്ച് മറ്റാരും പൊതുജീവിതത്തിൽ പങ്കെടുക്കരുത് എന്നാണ്! വീടിനും വിപണിക്കും ഇടയിൽ വഴി തെറ്റാതെ സഞ്ചരിക്കുന്ന വർത്തമാനകാല കേരളത്തിലെ അരാഷ്ട്രീയവൽക്കരിക്കപ്പെടുന്ന മധ്യവർഗത്തിന്റെ ശബ്ദകോശത്തിൽ 'മാന്യത' എന്നാൽ പൊതുജീവിതത്തോട് വിട ചോദിക്കലാണ്. വേണ്ടാത്ത കാര്യത്തിലൊന്നും തലയിടാതെ തീനും കുടിയും രതിയും എങ്ങിനെയെങ്കിലും പണമുണ്ടാക്കലുമായി സ്വന്തം വീട്ടിലും അൽപ്പത്തരങ്ങളിലും ഒതുങ്ങിക്കൂടലാണ്. ഇടയ്ക്ക് അഗതികൾക്ക് കഞ്ഞിപാർച്ച നടത്തിയോ വസ്ത്രം വിതരണം ചെയ്തോ ബസ്സ്സ്റ്റാൻഡ് കെട്ടിയോ പ്രമാണിത്തം പ്രകടിപ്പിക്കാനൊത്താൽ ഗംഭീരവുമായി. ചൂഷണത്തിന്റെ ചോരയിൽ കുളിർമകൊള്ളുന്ന ഇവരുടെയും ആത്മാവിന് നിത്യശാന്തി ഉറപ്പിക്കാൻ പുരോഹിതന്മാരുണ്ട്! പൊതു മണ്ഡലത്തെ ശക്തിപ്പെടുത്താതെയും വീടുകളെ ജനാധിപത്യവൽക്കരിക്കാതെയും ഔപചാരികതയുടെ കനത്തു കൊണ്ടിരിക്കുന്ന ലോകത്തിന് തീ കൊടുക്കാതെയും നമുക്ക് സ്വന്തം ജീവിതാനുഭവങ്ങളുടെ പശിമ പുരണ്ട മണ്ണിൽ കാലമർത്തി നിൽക്കാനും ആത്മബോധത്തിന്റെ ആകാശത്തിലേക്ക് തലപൊക്കി നോക്കാനും കഴിയില്ല. ചരിത്രാനുഭവങ്ങളിലൂടെ ആർജിച്ചെടുത്ത സാമൂഹ്യബോധം പൂർണ്ണമായും നഷ്ടപ്പെട്ടാൽ പിന്നെ ജന്തുവും മനുഷ്യനും തമ്മിലുള്ള സമസ്ത മനുഷ്യരുടെ സാംസ്കാരിക അപചയത്തെ സൂചിപ്പിക്കേണ്ടിവരുമ്പോൾ ഉപയോഗിക്കുന്ന 'മൃഗീയം' തുടങ്ങിയ വാക്കുകൾ അപ്പോൾ നിരർത്ഥകമായി മാറുകയും ചെയ്യും! ശബ്ദകോശങ്ങളെല്ലാം നിസ്സഹായമായി ത്തീരുന്ന അത്തരമൊരു കാലം എത്ര ഭീകരമായിരിക്കും. ■



# നൂറ്റാണ്ടിൻെറ ഉൺമ

**20**ാം നൂറ്റാണ്ട്. മാഞ്ഞിറങ്ങുന്ന നൂറ്റാണ്ട്
വന്നു പോയവർ കോടാനുകോടികൾ
പോയ്മറയും നൂറ്റാണ്ടിൽ നിറഞ്ഞ് നിൽക്കുന്നവരാര്?
വരും നൂറ്റാണ്ടുകൾക്കും പ്രകാശം പരത്തുന്നവരാര്?
മായാത്ത കാലടിപ്പാടുകൾ
ഓരോരോ മണ്ഡലങ്ങളിൽ അനന്യസംഭാവനകൾ നൽകിയവർ.
രാഷ്ട്രീയം. സാമൂഹ്യം. സർഗ്ഗ രചന. ശാസ്ത്രം
ചിന്തയിലും പ്രവർത്തിയിലും
വിസ്മയങ്ങൾ സൃഷ്ടിച്ച് ജീവിതം ധന്യമാക്കിയ മഹാരഥന്മാർ
പ്രശോഭ പരത്തുന്ന പ്രതിഭാധനന്മാർ

**ഇ**വരിൽ ആരാണ് മുൻപന്തിയിൽ ?
തിരഞ്ഞെടുപ്പ് എളുപ്പമല്ല.
തിരഞ്ഞെടുക്കനതിൽ വൈയക്തിക-ദേശീയ-വർഗ്ഗീയ
പക്ഷപാതിത്വങ്ങളുണ്ടാവും.
ഇഷ്ടാനിഷ്ടങ്ങളിൽ വ്യക്തിപരമായ അനുഭവങ്ങളുടെ
വൈകാരികതയുടെ
ഇടപെടലുകളുണ്ട്. സമ്മർദ്ദവുമുണ്ടാവാം.
പിന്തിരിഞ്ഞ് നോക്കി, ഒരു നിമിഷ വിശകലനത്തിൽ
ഒരു തിരഞ്ഞെടുപ്പ് നടത്തുമ്പോൾ
അദൃശ്യമായൊരു യുക്തിയും പിൻബലമായ്ത്തീരുന്നില്ലേ?
പൊടുന്നനെ ഗതകാലത്തിൽ നിന്നൊരു പ്രകാശകിരണം
പിടിച്ചുകൊണ്ടുവാരാനുള്ള അസംബന്ധനിർദ്ദേശത്തിൽ
ഗൗരവാന്വേഷണത്തിൻെറ തനിമയില്ലേ?
ഒരു തിരഞ്ഞെടുപ്പ്.

**ഇ**ത്തരമൊരു തിരഞ്ഞെടുപ്പിൽ
വ്യത്യസ്തതകളുണ്ടാവും.
തിരഞ്ഞെടുക്കുമ്പോൾ ചിലരുടെ പേരുകൾ
ആവർത്തിക്കപ്പെടുന്നു.
രണ്ടായാലും ജീവിതംകൊണ്ട് പരശോഭ നൽകി
മൺമറഞ്ഞിട്ടും ജീവിക്കുന്നവരാണവർ.
മനുഷ്യർക്ക് മനുഷ്യരിൽ വിശ്വാസവും അഭിമാനവും
ആഹ്ലാദവും കൊള്ളാനുള്ള മഹാവൃക്ഷങ്ങളാണവർ.
ജീവിച്ചിരിക്കുന്നവർക്ക് ഊർജ്ജവും ശക്തിയും നൽകുന്നവർ
മനുഷ്യജീവിതത്തിന് നിത്യഹരിതാഭയേകുന്നർ
വരും നൂറ്റാണ്ടുകൾക്ക് പ്രത്യാശ നൽകുന്നവർ
അവർ

***നൂറ്റാണ്ടിൻെറ ഉൺമ.***

തിരഞ്ഞെടുക്കുന്നവർ

**സാക്കിർ**

•

**എൻ. പി. മുഹമ്മദ്**
**എം. ജി. എസ്. നാരായണൻ**
**പ്രൊഫ. മുഹമ്മദ് കുട്ടശ്ശേരി**
**ഡോ. എം. എൻ. കാരശ്ശേരി**
**പ്രൊഫ. മങ്കട അബ്ദുൽ അസീസ്**
**അജിത**
**ഡോ. ആർസു**
**എൻ. പി. രാജേന്ദ്രൻ**
**എൻ. പി. ചെക്കുട്ടി**
**ബിനോയ് വിശ്വം**
**എ. സുജനപാൽ**
**യു. കെ. കുമാരൻ**
**പി. കെ. ഗോപി**
**മദനൻ**
**സുഭാഷ്ചന്ദ്രൻ**

•

എം. എ. ഒന്നാംവർഷം, ഇംഗ്ലീഷ്
സാക്കിർ

അന്വേഷണം

# നൂറ്റാണ്ടിൻെറ ഉൺമ

**നോം ചോംസ്കി ● കാൾ സാഗൻ ● കൃഷ്ണ മൂർത്തി ● ബിസ്മില്ലാഖാൻ ● ഇ.എം.എസ് ● ബഷീർ ●**

1

രണ്ടായിരാമാണ്ടിലേക്ക്
ഇനി രണ്ട് ചുവടുകൾ കൂടി!
ഒരു നൂറ്റാണ്ട് മാറ്റത്തിന് സാക്ഷികളാവുക എന്നത്
മാനവ ചരിത്രത്തിലെ ഒരു അപൂർവ്വ ഭാഗ്യം.
മനുഷ്യൻ തുടങ്ങിവെച്ച അനാദിയായ കാലഗണന.
ഇന്നലെയും
ഇന്നും
നാളെയുമില്ലാത്ത കാലത്തിന്
ആണ്ടെന്നോ
നൂറ്റാണ്ടെന്നോ
പേരിട്ട് വേർതിരിക്കുമ്പോൾ
നാമറിയുക,
മനുഷ്യൻെറ കൽപനാവിലാസത്തിൽ മാത്രമേ
അത്തരമൊരു വിവേചനത്തിന് പ്രസക്തിയുള്ളൂവെന്ന്.
ഒരു കലണ്ടർ.....
ഒരു ഘടികാരം......
മനുഷ്യബോധത്തിൽ
ആദിയിലേ സ്ഥലംപിടിച്ചു.
അങ്ങിനെ നാം
എല്ലാം കാലത്തോട് ചേർത്ത്പറയുന്നു
എല്ലാ ദർശനങ്ങളുമൊടുങ്ങുന്ന അമൂർത്തത.
കാലമാറ്റത്തിൻെറ ആധികൾക്കും
വ്യഥകൾക്കുമൊടുവിൽ ഇരുപതാം നൂറ്റാണ്ടിനെ
ഒന്ന് വിലയിരുത്തുവാൻ ഏതെങ്കിലും
മനുഷ്യസ്നേഹി തുനിയുമ്പോൾ
അവൻെറ കൈകഴക്കുന്നു.
വളർച്ചയുടെയും തളർച്ചയുടെയും
ബാലൻസ് ഒപ്പിച്ചെടുക്കുവാനുള്ള
അവൻെറ തത്രപ്പെടൽ

2

ഒരു ഹിറ്റ്ലർ, ഒരു ഫ്രോയ്ഡ്, ഒരു ഐൻസ്റ്റീൻ,
ഒരു മാർക്സ്, ഒരു ഗാന്ധി.....
ചരിത്രത്തിൻെറ വഴിമുഖങ്ങളിൽ അവരവരുടെ
ഊഴത്തിനായി പലരും കാത്തുനിന്നു.
മനുഷ്യവളർച്ചയിൽ അത്ഭുതകരമായ മാറ്റങ്ങൾക്ക്
ഈ നൂറ്റാണ്ട് സാക്ഷ്യം വഹിച്ചു.
എങ്കിലും ചന്ദ്രസ്പർശം തൊട്ട്
ഇൻഫോടെക്നോളജിയും
ക്ലോണിങ്ങും വരെ
റിലേറ്റിവിറ്റി തിയറി,
ക്വാണ്ടം ഫിസിക്സ്,
ബയോ ടെക്നോളജി.....
ഒരു ഗ്ലോബൽ കമ്പ്യൂട്ടറിലേക്കുള്ള
രാഷ്ട്രങ്ങളുടെ വളർച്ച.

ഇരുപതാം നൂറ്റാണ്ട് ശാസ്ത്രത്തിൻേറതാണ്.
രണ്ട് ലോകയുദ്ധങ്ങൾ.
നിർണ്ണായകമായ ഒരുപാട് അധിനിവേശങ്ങൾ.......
ഹിരോഷിമ, നാഗസാക്കി.
ദുർബ്ബലമാവുന്ന നേഷൻ സ്റ്റേറ്റുകൾ.
എണ്ണമില്ലാത്ത അഭ്യന്തരക്കുഴപ്പങ്ങൾ.......
ബോസ്നിയ, സയർ, റുവാണ്ട
ഒടുങ്ങാത്ത ഗോത്രവർഗ്ഗീയതകൾ
അല്ല, ഈ നൂറ്റാണ്ട് ഒരായിരം മൂട്ടിനികളുടേതാണ്.
ടോൾസ്റ്റോയ്, പിക്കാസോ, സത്യജിത്റേ,
കുറസോവ, മാർകേസ്, ബർഗ്മാൻ,
ബെൻ ഒക്‌ലി, ഊമ്പർട്ടോ എക്കോ,
ബാർത്, ദെരിദ, ഫൂക്കോ.....
അല്ല ഈ നൂറ്റാണ്ട് കലാകാരൻേറതുമാണ്.
ജനാധിപത്യത്തിൻെറയും സോഷ്യലിസത്തിൻെറയും
വളർച്ച കണ്ട ഈ നൂറ്റാണ്ട്
അതിൻെറ തളർച്ചയും കണ്ടു.
രാഷ്ട്രവ്യവഹാരം
അമേരിക്കൻ നിയോ കാപ്പിറ്റലിസത്തിന് വഴിമാറി.
സോവിയറ്റ് ബ്ലോക്കിൻെറ തകർച്ചയോടെ
ലോകത്ത് രൂപംകൊണ്ട പുതിയ ആഗോളവ്യവസ്ഥ.
മഞ്ഞുകാലത്തിലേക്ക് പെയ്തിറങ്ങുന്ന
മനുഷ്യബന്ധങ്ങൾ.
ശരികൾക്ക് വേണ്ടി ഉയരുന്ന ശബ്ദങ്ങൾ
ഈ കോലാഹലങ്ങൾക്കിടക്ക്
പ്രതിധ്വനികൾ സൃഷ്ടിക്കുന്നില്ല

3

*AD 2000*
മനുഷ്യചരിത്രത്തിൽ നിർണ്ണായകമാവുന്നു.
ലോകാവസാനവും,
ബ്രഹ്മ പ്രളയവും അവൻെറ രണ്ടാംവരവും
നോസത്രദാമസിൻെറ അഗ്നിപ്രവചനങ്ങളുമെല്ലാം
എന്തോ വലിയ മാറ്റത്തിൻെറ
സൂചികകളായി
ഇരുപത്തൊന്നാം നൂറ്റാണ്ടിനെ കണ്ടത്
യാദൃച്ഛികതയാവാം.
മനുഷ്യചരിത്രത്തിലെ
അതീവശ്രദ്ധേയമായൊരു
മുഹൂർത്തത്തിലാണീ തലമുറ ഇന്ന്.

## നോം ചോംസ്കി — 1 ലോകം

ചോംസ്കിയിലേക്ക് മനസ്സ് ചെന്നെത്തിയത്
നമ്മുടെ കാലത്തെ ഏറ്റവും വലിയ ചിന്തകനെ
അന്വേഷിച്ചപ്പോഴാണ്.
അതിലേറെ,
ഈ നൂറ്റാണ്ട് കണ്ട ഏറ്റവും വലിയ അമേരിക്കൻ റെബൽ.
ചോംസ്കി ഒരു അക്കാഡമിക് ലിംഗ്വിസ്റ്റിക്കാണ്.
മസാച്ചുസെറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ്
ആൻറ് ടെക്നോളജിയുടെ ക്ലാസ്റൂമുകളിൽ നിന്ന്
ചോംസ്കി അമേരിക്കക്ക് നേരെ,
മൾട്ടി നാഷണലുകളുടെ പൊയ്മുഖങ്ങൾക്ക് നേരെ,
അസഹ്യമായ സത്യങ്ങൾ വിളിച്ച്പറയുന്നു,
അവർക്കിടയിൽ ജീവിച്ച് കൊണ്ട് തന്നെ.
'The Black room Boys',
അമേരിക്കൻ ജനാധിപത്യത്തിൻെറ മുഖംമൂടി
വലിച്ചു ചീന്തുന്ന "Deterring Democrasy" തുടങ്ങി
എത്ര ഗ്രന്ഥങ്ങൾ.
മൂന്നാം ലോകത്തിലെ ഗതികെട്ടവനെ ദ്രോഹിപ്പിക്കുന്ന
മൾട്ടിനാഷണലുകൾക്ക് നേരെ എത്ര ശരങ്ങൾ!
ചോംസ്കി വാചാലമാവുന്നത്
അമേരിക്കയുടെ പൊള്ളത്തരങ്ങളെക്കുറിച്ചു
തന്നെയാണ്.
അമേരിക്കൻ മുതലാളിത്തത്തിൻെറ കാൽക്കീഴിലമരുന്ന
മൂന്നാം ലോകത്തിലെ പാവങ്ങളെക്കുറിച്ച്
ഒരു അമേരിക്കൻ ജൂതൻ വ്യാകുലപ്പെടുമ്പോൾ
ചോംസ്കി ഈ നൂറ്റാണ്ട് കണ്ട
ഏറ്റവും വലിയ മനുഷ്യസ്നേഹിയാവുന്നു.
ജനാധിപത്യത്തിൻെറ നിരർത്ഥകതയെ അമേരിക്കൻ
ജനാധിപത്യത്തെ ക്ലാസിക്കൽ ഉദാഹരണമായിട്ടെടുത്ത്
ചോംസ്കി പൊളിക്കുന്നു.
"ലോകസമ്പത്തിൻെറ അസന്തുലിത ഓഹരികൊണ്ടാണ്
ജനാധിപത്യം നാൾ പുലരുന്നത്"
എന്ന ചർച്ചിലിൻെറ വാക്കുകൾ തന്നെ
ചോംസ്കിയുടെ പ്രവർത്തിക്ക് കൂട്ട്.
അമേരിക്കൻ ഭരണകൂടത്തെ ചോംസ്കി വിളിക്കുന്നത്
ഏറെ രസകരം. 'Thought Police' എന്ന്.
'Thought control' അവരുടെ നയവും.
ഇന്ന് ചോംസ്കി അമേരിക്കയിൽ
'അപകടകരമായ ശാന്തജീവിതം' നയിക്കുന്നു.
അമേരിക്കൻ കോർപറേറ്റ് മീഡിയ
ചോംസ്കിയെ ശ്രദ്ധിക്കുന്നില്ല.
സുഖകരമല്ലാത്തിടത്തൊക്കെ അസുഖകരമായ
സത്യങ്ങൾ വിളിച്ചുപറയുവാൻ എന്നും ഒരാളുണ്ടാവുന്നു.
ഇന്ന് ചോംസ്കിയുണ്ട്.
മൂന്നാംലോകത്തിലെ ഗതികെട്ടവന്
ചോംസ്കി ഒരു വെളിപാടാണ്.
ഒരു ബിഗ് കോർപ്പറേറ്റ് രാഷ്ട്രത്തിൻെറ പേടിസ്വപ്നവും.

## ലോകം 2 — കാൾ സാഗന്



നൂറ്റാണ്ട് കണ്ട ഏറ്റവും വലിയ എഴുത്തുകാരന്
വേണ്ടി മനസ്സ് പരതവെ,
ഉള്ളിൽ തികട്ടി വന്നത് മറ്റൊരു ചിന്തയായിരുന്നു.
ഒരു മഹാവികാസ പ്രക്രിയയിലൂടെ
കടന്ന് പോവുകയാണ് അറിവിൻെറ ലോകമെന്ന
നൂറ്റാണ്ട് തരുന്ന തിരിച്ചറിവ്.
മനുഷ്യനെയും പ്രപഞ്ചത്തെയും കുറിച്ചുള്ള
ആരായലുകളിൽ ഫിലോസഫിയെയും
സാഹിത്യത്തെയും തള്ളിമാറ്റി ശാസ്ത്രം
അദ്ധ്യക്ഷപദം കയ്യടക്കുന്നുവെങ്കിലും,
ഉണ്മയുടെ പൊരുൾ തേടുന്നൊരു വിജ്ഞാനശാഖ.
സി.പി. സ്നോ തൻെറ 'Two Cultures'
എന്ന ഗ്രന്ഥത്തിൽ, സാഹിത്യബുദ്ധിജീവികളും
ശാസ്ത്രജ്ഞരുമെന്ന രണ്ട് വിരുദ്ധ ധ്രുവങ്ങൾക്കിടയിൽ
ഒരു പാലത്തെക്കുറിച്ച് സ്വപ്നം കണ്ടു.
നൂറ്റാണ്ടിൻെറ ഒടുക്കത്തിൽ പലരും ഈ വരിയിൽ
സ്വപ്നങ്ങൾ നെയ്തു.
ഡാനിയൽ ഡെന്നറ്റിൻെറ
കോൺഷ്യസ്നെസ് എക്സ്പ്ലയിൻസ്,
സ്റ്റീഫൻ ഹോക്കിങ്സിൻെറ
'എ ബ്രീഫ് ഹിസ്റ്ററി ഓഫ് ടൈം',
റോജർ പെൻറോസിൻെറ
'എംപറേഴ്സ് മൈൻസ്',
'ഷാഡോസ് ഓഫ് ദി മൈൻറ്',
സ്റ്റീഫൻ പിങ്കറുടെ
'The language Instinct',
തുടങ്ങിയ പുസ്തകങ്ങൾ ഈ വഴിയിൽ
പുതിയ പ്രലോഭനങ്ങളായി.
മോളിക്യുലാർ ബയോളജി,
ആർട്ടിഫിഷ്യൽ ഇൻെറലിജൻസ്,
കവോസ് തിയറി, സൂപ്പർ സ്ടീംഗ്സ്,
പംക്ചേറ്റസ് ഇക്വിലിബ്രിയം, ഫസ്സിലോജിക്,
പെർച്വൽ റിയാലിറ്റി, സൈബർ സ്പേസ്,
ഇൻഫ്ളേഷനറി യൂണിവേഴ്സ്,
മാസ്സീവ് പാറലലിസം..........
ഉണ്മയുടെ പൊരുൾ തേടുന്ന
ശാസ്ത്രദർശനങ്ങളുടെ പട്ടിക അങ്ങിനെ നീളുന്നു......
ഫ്രോയ്ഡും മാർക്സും
ചില്ലറ ക്ലാസിക്കുകളുമായാൽ ചിന്തകൻെറ
റോളിലേക്കുള്ള ടിക്കറ്റായി എന്ന ആലസ്യചിന്തയിൽ
നിന്ന് നൂറ്റാണ്ടിൻെറ അന്ത്യവർഷങ്ങൾ
നമ്മെ തൊട്ടുണർത്തുന്നു.
ബുദ്ധിജീവി തൻെറ ദുശ്ശാഠ്യങ്ങളിൽ നിന്ന്
വാസ്തവികതയുടെ ലോകത്തേക്ക്
കടന്ന് വരണമെന്ന ഉള്ളുണർത്തുന്നൊരാഹ്വാനം.
അങ്ങിനെ
കാൾസാഗനിലെത്തി നിൽക്കുന്നു.



ചോംസ്കി



കാൾസാഗൻ

കാൾസാഗൻ സാഹിത്യബുദ്ധിജീവിയായിരുന്നു.
കാൾസാഗൻ ശാസ്ത്രജ്ഞനായിരുന്നു.
ഇത് രണ്ടും ചേർന്നൊരു കഥാകാരൻ
'പ്രപഞ്ചത്തിൻെറ കഥാകാരൻ'.
ഗഹനതയുള്ള സത്യങ്ങൾ കാൾ സാഗൻ
പുസ്തകരൂപത്തിലാക്കിയപ്പോൾ
അതിന് റീഡബിലിറ്റി കിട്ടിയത്
പൈങ്കിളിച്ചിന്തകൊണ്ടായിരുന്നില്ല.
കാര്യങ്ങൾ അറിയുവാനുള്ള മനുഷ്യൻെറ ഭാവി
അതിലുപരി ഉണ്മയുടെ പൊരുൾ തേടുന്നൊരു
ദർശനസമൃദ്ധി.
ഒരു മൂന്നാം സംസ്കാരത്തിൻെറ പിറവി!
കോസ്മോസ് എന്ന ടെലിവിഷൻ പരമ്പര,
ബ്രോകാസ് ബ്രെയ്ൻ, 'ഡ്രാഗൺസ് ഓഫ് എതൻസ്,
കൊമറ്റ്, കോസ്മിക് കണക്ഷൻ,
എന്നീ പോപ്പുലർ സയൻസ് ഗ്രന്ഥങ്ങൾ
'കോൺടാക്ട്' എന്ന സയൻസ് ഫിക്ഷൻ....
പ്രപഞ്ചത്തെക്കുറിച്ചുള്ള
സാഗൻെറ അന്വേഷണങ്ങൾ ആകാംക്ഷ നിറഞ്ഞ
ദാർശനികമായ ഉത്തരം കണ്ടെത്തലുകളായിരുന്നില്ല.
ബോധപൂർവ്വവും ശാസ്ത്രീയവുമായ
അന്വേഷണങ്ങളായിരുന്നു.
പക്ഷേ,
അത്തരമൊരു കണക്ക് കൂട്ടലിലും സാഗന് എവിടെയോ
തെറ്റിയിരുന്നില്ലേ.
ഹാകിങ്സിൻെറ 'എ ബ്രീഫ് ഹിസ്റ്ററി ഓഫ് ടൈം'ന്
സാഗൻ എഴുതിയ ആമുഖത്തിൽ അയാൾ
ആ ഗ്രന്ഥത്തെ
'ദൈവമില്ലായ്മയെക്കുറിച്ചുള്ള ഗ്രന്ഥം'
എന്ന് വിശേഷിപ്പിക്കുന്നു.
എങ്കിലുമതങ്ങിനെയാണ്.
പ്രപഞ്ചത്തിൻെറ അരിത്മറ്റിക്സിൽ ആരും
നിശ്ചിതമായൊരുത്തരത്തിലെത്തുന്നില്ല.
ഒരു വഴിക്കണക്കു പോലെ വഴിയിലെവിടെയോ
പിണയുന്ന തെറ്റ്.
എല്ലാം കണ്ട് പ്രപഞ്ചം ഇന്നലെയിൽ നിന്ന്
നാളെയിലേക്ക് നിസ്സംഗതയോടെ.......

## ഇന്ത്യ 3 ജിദ്ദു കൃഷ്ണമൂർത്തി

കാലഭേദങ്ങളെച്ചൊല്ലിയുള്ള ഉദ്വേഗങ്ങൾക്കപ്പുറം
നിമിഷാർദ്ധത്തിൻെറ സ്വച്ഛന്ദതയിലേക്ക്
ചിന്തകളുടെ വേരുകളെ ആഴ്ത്തിക്കൊണ്ട്
കൃഷ്ണമൂർത്തി മന്ത്രിക്കുന്നു.
'All time is in the now."
ജിദ്ദു കൃഷ്ണമൂർത്തി എന്ന ദാർശനികൻെറ നഷ്ടം.
ഈ നൂറ്റാണ്ടിൻെറ
നഷ്ടങ്ങളെ നിസ്സാരമാക്കുകയാണോ.
ഉണ്മയുടെ ഉർവ്വരതകളിൽ മനസ്സുറപ്പിക്കുന്ന
ഒരു ദർശനസമൃദ്ധി.
മദനപ്പള്ളിയുടെ ഗ്രാമശുദ്ധിയിൽ നിന്ന്
ചിന്തയുടെ അതീതലോകത്തേക്ക്
കൃഷ്ണമൂർത്തി വളർന്നപ്പോൾ
തത്വശാസ്ത്രത്തിന് അന്യം നിന്ന
പലതും നമുക്ക് പരിചിതമായിത്തോന്നിയോ?
ലെഡ്ബിറ്ററുടെ ആഭിചാരപീഡനങ്ങളിലൂടെ
വിശ്വഗുരുവിൻെറ അൾത്താരയിലേക്കുള്ള
ഉന്തും പ്രലോഭനവും ഒരു മരണരാവിൻെറ ഉദ്വിഗ്നതയിൽ
ഹോമിച്ചെറിഞ്ഞ ജിദ്ദു കൃഷ്ണമൂർത്തി 1930കളിൽ
തൻെറ ചിന്തകളുടെ തട്ടകയറിത്തുടങ്ങി.
സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള നമ്മുടെ സകലമാന
വിപ്ലവ വായാടിത്തങ്ങളിലും
ഇടിത്തീ വീഴ്ത്തുകയായിരുന്നു അദ്ദേഹം.
"സത്യം പാതയില്ലാ ഭൂമിയാണ്.
അവിടേക്ക് വഴികളില്ല.
വഴികാട്ടിയില്ല.
ഗുരുക്കളില്ല.
ശിഷ്യരില്ല......"
നിഷേധിയുടെ ശബ്ദത്തിൽ കൃഷ്ണമൂർത്തി
തൻെറ ചിന്തയുടെ അടരുകൾ ഒന്നൊന്നായി
അടർത്തിത്തുടങ്ങി.
എട്ട് പതിറ്റാണ്ടിൻെറ ആയുസ്സിനിടക്ക്
തൻെറ സത്യാന്വേഷണപാതയിലൂടെ
ഒരു വിപ്ലവകാരിയുടെ വീറോടെ വാക്കുകളിൽ
അഗ്നി നിക്ഷേപിച്ച് കൃഷ്ണമൂർത്തി നീങ്ങിയപ്പോൾ
തിരിച്ചറിവുകൾ ഉണർത്തിവിടുന്ന കാലത്തിൻെറ
പ്രവാചകനായി അയാൾ. തെളിമാനത്ത് മേഘങ്ങൾ
കൂട്ടുകൂടുന്നത് നോക്കിനിൽക്കുന്ന
ബാല്യകൗതുകത്തോടെ അദ്ദേഹം ജീവിതത്തിൻെറ
സമൂർത്തമേഖലകളിലേക്ക് വ്യാപരിച്ചു.
സഹാനുഭൂതിയുടെ സാന്ദ്രമായ ഒഴുക്കോടെ
ആശ്വാസം തേടുന്നവരുടെ ഉള്ളിലേക്ക്
സത്യദർശനത്തെ സന്നിവേശിപ്പിച്ച്
സത്യത്തെ സ്വയം തിരിച്ചറിയാനുള്ള
പ്രലോഭനമായി അയാൾ.
മഹാത്മാഗാന്ധി മുതൽ ഡേവിഡ് ബോം വരെ,

ബട്രൻറ് റസ്സൽ തൊട്ട് ഖലീൽ ജിബ്രാൻ വരെ എത്ര
മഹാരഥന്മാർ ആ തിരിച്ചറിവ് കൊതിച്ച്
ആ സാന്നിദ്ധ്യം തേടിയെത്തിയില്ല!
സത്യത്തിൻെറ ഭൂമിക ഈ നിമിഷാർദ്ധത്തിൻെറ
ഉണർവ്വിലാണെന്ന തിരിച്ചറിവാണ്
കൃഷ്ണമൂർത്തിയുടെ ബോധപൂർണ്ണിമ.
അതിലേക്കുള്ള ആയലായിരുന്നു ആ ജീവിതം.
തത്വശാസ്ത്രത്തിൻെറ അർത്ഥതലങ്ങളെ വകഞ്ഞ് മാറ്റി
സ്വയമൊരു ദർപ്പണം കണക്കെ
ജിദ്ദു തൻെറ ചിന്തയെ ഉടച്ചെടുത്തു.
ആർക്കും ചെന്നാൽ സ്വന്തം മുഖം ദർശിക്കാവുന്നൊരു
വലിയ നീലക്കണ്ണാടിയായി ആ പ്രതിഭ.
മനസ്സിൻെറ ഉമ്മറത്ത് വെച്ച ഒരു നീലക്കണ്ണാടി.
കാഴ്ചയുടെ പ്രഗാഢഭാവങ്ങളിലേക്കാണ്
ഇത്തരമൊരു നിഗമനം ചെന്നെത്തുന്നത്.
തിരയും കടലും പോലെ ഇഴപിരിച്ചെടുക്കാനാവാത്ത
സാകല്യത.
കാലത്തിൻെറ പ്രലോഭനങ്ങൾക്ക്
നേരെ പിടിച്ച കണ്ണാടിയായി ജിദ്ദു.
എത്ര ദർശനങ്ങളുടെ, സംഘടിത ശ്രമങ്ങളുടെ,
മോഹന വാഗ്ദാനങ്ങളുടെ
നിരർത്ഥകതയുടെയും വ്യർത്ഥതയുടെയും നേര്
കാട്ടിത്തന്നു ജിദ്ദു.
ചോദ്യങ്ങൾക്കും ഉത്തരങ്ങൾക്കുമിടക്ക്
വേപഥുപൂണ്ട് കിടക്കുന്ന ജീവിതയാത്രയിൽ
പ്രശ്നോത്തരിയുടെ സർവ്വമാനങ്ങൾ തേടിയുള്ള
യാത്രയായിരുന്നു കൃഷ്ണമൂർത്തിയുടെ ജീവിതം.
"പക്ഷിയുടെ പാട്ടുതൊട്ട്, മനുഷ്യൻെറ വിളിവരെ, പുൽ
ക്കൊടിയുടെ തുമ്പ് തൊട്ട്
ആകാശത്തിൻെറ അഗാധതവരെ നിങ്ങൾക്ക്
അവസാനിക്കാത്ത അഭയമാകും."
കാരണം, "നിങ്ങളാണ് പ്രപഞ്ചം.
അയൽക്കാരനും അപരിചിതനും
ശത്രുവും മിത്രവുമെല്ലാം നിങ്ങൾതന്നെ.
ഇതറിയാൻ സ്വയമറിയണം.
കാരണം,
സർവ്വ അറിവിൻെറയും വേര് നിങ്ങളിലാണ്.
ആദിയും അന്ത്യവും നിങ്ങളിൽ തന്നെ."
ജിദ്ദു ആരായിരുന്നു?
നിരാസങ്ങളുടെ മൂർത്തതയാണ്
സന്യാസമെങ്കിൽ കൃഷ്ണമൂർത്തി
ഒരു ഉജ്ജ്വല സന്യാസിയായിരുന്നു.
ദൃഷ്ടിയുടെ സമഗ്രത ആവാഹിച്ചയാളാണ്
ഋഷിയെങ്കിൽ ഈ മനുഷ്യൻ മഹർഷിയായിരുന്നു.
സൃഷ്ടിയുടെ ഗർഭമർമ്മം തൊട്ട്
എൻട്രോപ്പിയുടെ ഉണ്മവരെ തേടിച്ചെല്ലുന്നവനാണ്
ശാസ്ത്രജ്ഞനെങ്കിൽ
ഈ മനുഷ്യൻ ശാസ്ത്രജ്ഞനായിരുന്നു.
നിത്യജീവിതത്തിൻെറ സങ്കീർണ്ണതകളെ
അപഗ്രഥിക്കുന്നവനാണ് മന:ശാസ്ത്രകാരനെങ്കിൽ
ഈ മനുഷ്യൻ അതുമായിരുന്നു.

## 4

## ഇന്ത്യ — ബസ്മില്ലാ ഖാൻ

കാശി ജനിമൃതികളുടെ
അമൂർത്തതആവാഹിച്ച നഗരമാണ്
ജനനമരണങ്ങളുടെ സമൂർത്തതയിൽ ഉൺമയും
ശൂന്യതയും കൈകോർത്ത് പൂർണ്ണതയടയുന്ന
ഒരു സത്യാനുഭവം.
ബിസ്മില്ലയെപോലെ ഒരു അബ്സ്ട്രാക്ട്
സംഗീതജ്ഞൻ
എങ്ങിനെ നൂറ്റാണ്ടിൻെറ ഉൺമയാവുമെന്ന
ചോദ്യത്തിന് നമുക്ക് ഉത്തരം മുട്ടുന്നില്ല.
ബനാറസി സംഗീതം അതിൻെറ എല്ലാ അർത്ഥത്തിലും
സ്വകീയമാണ്.
സാംരംഗിയും ഷഹനായിയും
സിത്താറും തബലയും പഖ്വാജുമൊക്കെ
കാശിസംഗീതത്തിൻെറ,
ഇന്ത്യൻ സംഗീതത്തിൻെറ,
ഉൺമയെ തിരയുന്നു.
ഇന്ത്യയുടെ ഹൃദയരേഖയിൽ കാശി ഇടം തേടുന്നത് ,
ജനിമൃതികളുടെ അമൂർത്തത തേടിയുള്ള പോക്കിൽ
കാശി സംഗീതം
വഴിയമ്പലം തീർക്കുന്നതിലൂടെയാണ്.
കാശിക്കറിയാത്ത ഒരു ഉപാസനവുമില്ല.
ശാസ്ത്രീയ രാഗങ്ങളായ ഖായലും ദ്രുപദും,
അർദ്ധശാസ്ത്രീയമായ ദാദ്രയും, കാജ്രിയും
ചൈതിയും, ജൂലയും രസിയയും.........
ബനാറസ് പട്ട് പോലെ,
ബനാറസിൻെറ കൈവിരലുകൾ
ഇന്ത്യൻ സംഗീതത്തിൻെറ ഇഴകൾ
നെയ്തെടുക്കുമ്പോൾ,
കാശി രാഗങ്ങളുടെ നഗരമാകുന്നു.
ജനിമൃതികളുടെ അമൂർത്ത രാഗങ്ങൾ
മീട്ടുന്നു കാശി.
ഗംഗയുടെയും കാശിയുടെയും സുകൃതത്തിൽ നിന്ന്
ഏഴു സുഷിരമുള്ള ഷഹനായിയിൽ ബിസ്മില്ലാഖാൻ
ആഴി തീർക്കുന്നു.
ഭാരതസംഗീതത്തിൻെറ ഉപ്പാകാൻ
ബിസ്മില്ലക്ക് കഴിയുന്നു.
നൂറ്റാണ്ടിൻെറ ഉരുണ്ട് പോക്കിൽ,
ഷെഹനായ് രാഗങ്ങൾ രോമങ്ങൾ
എഴുന്ന് നിൽക്കുന്നൊരനുഭവമാകുന്നു.
ബിസ്മില്ലക്ക് സംഗീതത്തിൻെറ ഒരു പുരാവൃത്തം
പറയാനില്ല.
എങ്കിലും മുത്തച്ഛൻെറയും അച്ഛനായ
ഉസ്താദ് അലിബക്സിൻെറയും ഗുരുത്വം
സ്വീകരിച്ച ബിസ്മില്ലാഖാൻ.
ഷെഹനായിയിൽ
പക്ഷേ,
സ്വകിയമായൊരു രീതി തീർത്തു.
ഏഴു സുഷിരങ്ങളുള്ള ഷെഹനായിയുടെ



*കൃഷ്ണമൂർത്തി*



*ബിസ്മില്ലാ ഖാൻ*

പരിമിതിക്കകത്ത് അലിബക്സിൻെറ മൃദുവായ
ഈണവും മുത്തച്ഛൻെറ ഘനവ്യാപ്തിയുള്ള രാഗങ്ങളും
ഇഴചേർത്തൊരു സ്വകീയ ഭാഷ...
പരിമിതികൾക്കകത്ത് നിന്ന്
ബിസ്മില്ലയുടെ നാദോപാസന സംഗീതത്തിൻെറ
പാരാവാരം തീർക്കുന്നു.

കാശി ക്ഷേത്രങ്ങളുടെ നഗരമാണ്.
മരണം
എവിടെയും വിലക്കപ്പെട്ട അതിഥിയാകുമ്പോൾ
അതിവിടെ ക്ഷണിച്ചിരുത്തുന്ന ഉറ്റതോഴനാണ്
അതാണ് പുണ്യനഗരങ്ങളുടെ ഉൺമ.
ആ ഉൺമയിൽ നിന്ന്
അമൂർത്ത സംഗീതത്തിൻെറ നാദോപാസനകൾ
ബിസ്മില്ല തീർക്കുമ്പോൾ,
ബിസ്മില്ലാഖാൻ എന്ന സംഗീതജ്ഞനെക്കുറിച്ച്
നാമറിയുന്നു.
തറിയിൽ ഇഴകൾ ചേർത്ത്
നെയ്തെടുക്കുന്നൊരു പട്ടുപോലെ
ഇന്ത്യൻ സംഗീതത്തിലൂടെ, ആ അമൂർത്തതയിലൂടെ
ബിസ്മില്ലാഖാൻ
ഒരു സമൂർത്തത നെയ്തെടുക്കുന്നു.
അല്ലെങ്കിൽ, ഷെഹ്നായി നാദങ്ങൾ കൊണ്ട്
ബിസ്മില്ല തീർക്കുന്നു
ഇന്ത്യയുടെ സ്വരമേളം.



*ഇ. എം. എസ്*



*ബഷീർ*

## കേരളം 5 ഇ.എം.എസ്.

ചരിത്രം തൻെറ ശരീരത്തിൽ നിന്ന്
യുഗപുരുഷന്മാർക്ക് ജന്മം നൽകുന്നുവെന്ന
പരികൽപന.
നൂറ്റാണ്ടിൻെറ ചരിത്രഗതിയുമായി
ഈ പരികൽപനയെ ചേർത്ത്വെക്കുമ്പോൾ
നാവറിയാതെ ആ വാക്കുകൾ -
ഇ.എം.എസ്.
പതിറ്റാണ്ടുകളുടെ പ്രയാണപാതയിൽ
താൻ നിലകൊള്ളുന്ന ഐഡിയോളജിയെ,
സ്വപ്നം കാണുന്ന ലോകദർശനത്തെ,
ചോദ്യങ്ങളുടെയും ഉത്തരങ്ങളുടെയും മനംമുട്ടുന്ന
ആശയസംവാദങ്ങൾക്കിടയിൽ
ആ മഹാൻ നടന്നുപോയി.
നൂറ്റാണ്ടിൻെറ തോൾ ചേർന്ന്;
കാലത്തോട് സല്ലപിച്ച്;
സുകൃതം ചെയ്ത മറ്റൊരു കാലത്തെ
സ്വപ്നം കണ്ടുകൊണ്ട്......
ദർശനങ്ങളൊന്നുമേ ഒടുങ്ങുന്നില്ല.
ഒരു ഐഡിയോളജിയും അവസാനവാക്കാവുന്നില്ല.
ഒരു സിദ്ധാന്തവും അന്ത്യത്തെ കുറിക്കുന്നില്ല.
എങ്കിലും ചരിത്രത്തിനൊരു സന്ദിഗ്ദത!
മാനവചരിത്രത്തിൻെറ കാലഗണനയിൽ
ചരിത്രം വഴിപിരിയുന്നത്
ആ ചരിത്രത്തെ സ്വയം ത്യജിച്ചുകൊണ്ടത്രെ!
ഇന്നിൽനിന്നും
ഇന്നലെയിൽ നിന്നും
നാളെയിൽ നിന്നും
പ്രത്യയശാസ്ത്രത്തിൻെറ വിഴുപ്പുഭാണ്ഡവും പേറി
എന്തേ ഇ.എം.എസ് നടന്നുപോയത്.
ഒരു നൂറ്റാണ്ടിൻെറ മുഖമുദ്രയെന്നോണം,
സജീവമായ ദർശനങ്ങളിൽ നിന്ന് അടർത്തിയെടുത്ത
കാലഗണനയിൽ
ഇ.എം.എസ്.
വഴിപിരിഞ്ഞു.
ഇ.എം.എസ്.
കാലത്തോടൊപ്പമല്ല.
കാലം ഇ.എം.എസിൻെറ കൂടെ.
അല്ലെങ്കിൽ കാലത്തിനു മുമ്പേ.........
കാലത്തിനു മുന്നിൽ നടക്കുന്നവരെ
ഏതു ചരമക്കള്ളിയിൽ നമുക്കൊതുക്കാം?
രാജത്വം,
കമ്മ്യൂണിസം,
മുതലാളിത്തം -
ഈ നൂറ്റാണ്ട് കണ്ട മൂന്ന് വ്യവസ്ഥിതികൾ.
ഇതിൽ ഏതിനാണ് മനുഷ്യരാശിയുടെ
ഉത്തരംമുട്ടിക്കുന്ന ചോദ്യങ്ങളുതിർക്കുവാൻ കഴിഞ്ഞത്?

ഇ.എം.എസ്.
എന്തായിരുന്നു എന്ന് പറയുന്നതിനപ്പുറം
എന്തായിരുന്നില്ല എന്ന് പറയുവാനാണെളുപ്പം.
വിമോചനത്തിൻെറ പാതയിൽ
സ്വയമൊരു വഴിയമ്പലം തീർത്ത്,
ചരിത്രാവബോധത്തിൻെറ നേര്
തൻെറ വിചിന്തനങ്ങളിലൂടെ കാട്ടിത്തന്ന്,
സ്വാതന്ത്ര്യത്തെക്കുറിച്ച് ധിക്കാരസ്വപ്നങ്ങൾ മെനഞ്ഞ്,
ഒരു പ്രത്യയശാസ്ത്രത്തിന് വളവും ജലവും നൽകി,
ജനിമൃതികളുടെ അളവുകോലായി ആ ജീവിതം.

കമ്മ്യൂണിസത്തിന് ഇന്നും സ്വപ്നങ്ങളുണ്ട്.
ഐറണികളുടെ രഹസ്യസങ്കേതം പോലെ ആ ദർശനം
മുതലാളിത്തത്തിൽ നിന്ന് പുതുജീവൻ കടംകൊള്ളു
മ്പോഴും ഒരു ദർശനത്തെ ചരിത്രസത്യത്തോട്
ചേർത്ത്പിടിക്കുവാൻ ഇവിടെ ഒരാളുണ്ടായി.
ഒരു നൂറ്റാണ്ടിൻെറ സകല ആകുലതകളും നെഞ്ചേറ്റി
ഇ.എം.എസ്
ആ ജോലി നിറവേറ്റുകയായിരുന്നു.
ഒടുവിൽ എല്ലാം തികച്ച് ഓർമ്മകളുടെ
പടികളിറങ്ങുമ്പോഴും
ഇ.എം.എസ്
ഉള്ളുനിറയുന്നൊരു പ്രലോഭനമാവുന്നു.
കാലത്തെക്കുറിച്ച്,
മനുഷ്യനെക്കുറിച്ച്,
അവൻെറ ചുറ്റുപാടുകളെച്ചൊല്ലി
സിനിസിസത്തിൻെറ
അസംബന്ധാവസ്ഥകളിൽ നിന്ന്
വരുംകാലങ്ങളെച്ചൊല്ലി
കിനാവ് നെയ്യുവാനുള്ള
ഉള്ളുണർത്തുന്നൊരു പ്രലോഭനം.

## വൈക്കം മുഹമ്മദ് ബഷീർ 6 കേരളം

ഇനി ബഷീറിലേക്ക്.....
"യാത്രയ്ക്കുള്ള സമയം വളരെ അടുത്ത് കഴിഞ്ഞു.
നീയും ഞാനും എന്ന യാഥാർത്ഥ്യത്തിൽ നിന്ന് അവസാ
നം നീ മാത്രമായി അവശേഷിക്കുവാൻ
പോവുകയാണ്.
നീ മാത്രം....."
അനർഘനിമിഷത്തിലെ വരികൾ.
വാക്കും സംഗീതവും ചേർത്തെടുത്ത്
ജീവിതത്തിൻെറ റിഥം പാകപ്പെടുത്തിയ ബഷീർ,
അവസാനം അക്ഷരത്തിനപ്പുറത്തെ
ഏകാന്തതയുടെ തീരംതേടി ഒറ്റയ്ക്ക്
യാത്രയായപ്പോൾ ഈ നൂറ്റാണ്ടിന്
നഷ്ടമായത് അതിൻെറ ഉറ്റതോഴനെതന്നെ.

നേട്ടമോ നമ്മുടെ സംസ്കാരത്തിനും.
സാഹിത്യത്തെ,
അനുഭവങ്ങളുടെ ധ്യാനത്തിൻെറ
സംഗീതത്തിൻെറ മൂശകളിലിട്ട്
വേവിച്ചെടുക്കുമ്പോൾ കഥകൾ പിറന്നു.
ജീവിത യാഥാർത്ഥ്യങ്ങളുടെ സ്വന്തം കഥകൾ.
അലൗകികമായ ഒരു ലോകത്ത് നിന്നുകൊണ്ട്
ബഷീർ ജീവിതത്തിൻെറ പൊയ്മുഖങ്ങൾക്ക് നേരെ,
നേരിൻെറ ഭാഷയിൽ കഥകൾ പറഞ്ഞുതന്നു.
ആരും ആർക്കുവേണ്ടിയും കാത്തിരിക്കാത്ത
ഇവിടെ ബഷീർ ആർക്കോ വേണ്ടി കാത്ത് നിന്നു.
"അനന്തതയിലേക്കുള്ള യാത്രയാണ് ജീവിതം".
"അനന്തമായ പ്രാർത്ഥനയാണ് ജീവിതം".
ബഷീറിൻെറ ജീവിതം ആർക്കോവേണ്ടിയുള്ള
പ്രാർത്ഥനയായിരുന്നുവോ?
കാത്തിരിപ്പായിരുന്നോ?
നമ്മുടെയൊക്കെ ജീവിതത്തിന് നേരെ
ബഷീർ ഏൽപ്പിച്ച മുദ്രകൾ.....
സ്നേഹത്തിൻെറ .......
നിറവിൻെറ..........
അറിവിൻെറ, എളിമയുടെ........
'വെളിച്ചത്തിനെന്തൊരു വെളിച്ചം'
എന്നു പറയുമ്പോൾ ബഷീർ
അക്ഷരങ്ങൾകൊണ്ട് സ്പെക്ട്രം മെനയുന്നു.
മഴവില്ലിൻെറ വർണ്ണരാജി വായനക്കാരൻെറ
ആത്മാവിൽ വിരിയിക്കുന്നത്
ബഷീറിൻെറ മാത്രം സിദ്ധി.
ബഷീറിൻെറ ലോകം
ബഷീറിൻെറ സ്വന്തമായിരുന്നു.
സംഗീതവും ഏകാന്തതയും മൗലികമായ ചിന്തയും
സമ്മേളിക്കുമ്പോൾ ബഷീർ നാം ജീവിക്കുന്ന
ലോകത്തിൽ നിന്നു പറന്നുയരും.
തൻേറതുമാത്രമായ നീലവെളിച്ചവും
ഏകാന്ത ഭീകര സുന്ദര ശാന്ത ഗംഭീര സാഗരവും
തിരമാലകളുടെ സംഗീതവും
മാത്രമായി പിന്നെ....

എം.ടിയുടെ ഗുരുപ്രണാമം:
ഞാൻ നന്ദിപറയുന്നു.
ഈ മനുഷ്യനോടല്ല പിന്നിട്ട
നെടുംപാതയിലെവിടെയോ
ഒരു വഴിത്തിരിവിൽ,
മുന്നിൽ വന്നുനിന്ന
ഒരനർഘനിമിഷത്തിന്.
എൻെറ മരുപ്പറമ്പിൽ
തണലും തണുപ്പും സുഗന്ധവും
ഇത്തിരിവട്ടത്തിൽ തരുന്ന ഈ പൂമരം
മുളപ്പിച്ച കാലത്തിൻെറ
ഉർവ്വരതക്ക്. ■

എൻ. പി. ഹാഫിസ് മുഹമ്മദ്

# നൂറ്റാണ്ടിൻെറ ഉൺമ

''ഗുഡ് മോണിങ്ങ്''

''ഗുഡ് മോണിങ്ങ്''

''എന്താ ശബ്ദത്തിനൊരു മാറ്റം?''

''ഉറക്കത്തിൽ നിന്നെണീറ്റതാണ്. രാവിലെ നാല് മണിക്കാ എത്തിയത്''

''ക്ഷമിക്കണം, പിന്നെ വിളിക്കാം''

''കുഴപ്പമില്ല, എന്താ കാര്യം?''

''ഉറക്കത്തിൽ നിന്ന് വിളിച്ചെണീപ്പിച്ച് ചോദിക്കേണ്ട കാര്യമല്ല. ഞങ്ങളുടെ ഒരു വിദ്യാർത്ഥി ഈനൂറ്റാണ്ടിലെ മഹാപ്രതിഭകളായി ആറുപേരെ തിരഞ്ഞെടുത്തിരിക്കുന്നു. ലോകം, ഇന്ത്യ, കേരളം എന്നീ പരിധികൾക്കുള്ളിൽ നിന്ന് രണ്ടാളെ വീതം. കാൾ സാഗൻ, ചോംസ്കി, കൃഷ്ണമൂർത്തി, ബിസ്മില്ലാഖാൻ, ഇ.എം.എസ്, ബഷീർ.''

''ഇത് അയാളിൻെറ തിരഞ്ഞെടുപ്പ്''

''അതെ, ഇങ്ങനെയൊരു തിരഞ്ഞെടുപ്പ് നടത്തുകയാണെങ്കിൽ ആരൊക്കെയായിരിക്കും?''

''മൈ ഗോഡ്, ഒരു നൂറ്റാണ്ടിലെ നൂറുകണക്കിന് മഹാന്മാരിൽനിന്ന് ആറ് പേരോ?''

''രാഷ്ട്രീയം, കല, സാഹിത്യം, ശാസ്ത്രം, വ്യവസായം ഏത് മേഖലയിൽ നിന്നുമാവാം.''

''വലഞ്ഞു. പല മേഖലകളിൽ പ്രവർത്തിച്ചവരെ എങ്ങിനെ താരതമ്യപ്പെടുത്തും?''

''നിങ്ങളുടെ ഇഷ്ടാനിഷ്ടങ്ങൾക്കും പ്രവർത്തനമേഖലയ്ക്കുമനുസരിച്ച ഒരു തിരഞ്ഞെടുപ്പായിരിക്കുമല്ലോ അതുമതി.''

''എന്നേക്ക് വേണം!''

''ക്ഷമിക്കണം, ഇപ്പോ വേണം''

''ഈ ഫോണിൽ''

''ഫോണിലൂടെ തന്നെ. നേരിട്ടു കാണാനാവുന്നവരിൽ നിന്നുപോലും ഇങ്ങിനെ ശേഖരിക്കുന്നു. നൂറ് ശതമാനം ടെലിഫോൺ ഇൻെറർവ്യു''

''എന്തിനാണീ സാഹസം?''

''ഒരു സിംപ്ൾ എക്സൈസ്. പോയ്മറഞ്ഞ കാലത്തെ ദ്രുതഗതിയിലൊരു പരിശോധന.''

''കടുപ്പം തന്നെ''

''ഉറക്കം പമ്പ കടന്നില്ലേ''

''പരിപാടി കൊള്ളാം.''

''ഞങ്ങൾ മേഖല തിരിച്ച് കുറേപ്പേരുകൾ എഴുതി വെച്ചിട്ടുണ്ട് വായിക്കാം.''

''ആവശ്യമില്ല. ലോകം കണ്ട ഈ നൂറ്റാണ്ടിൻെറ പ്രതിഭകൾ, എഴുതിയെടുത്തോളു.....''

ബിനോയ് വിശ്വം പറയുന്നു. കേൾക്കുന്നത് വലതു കൈ കുറിച്ചുവെക്കുന്നു.

*എന്തിനാണീ സാഹസം?*

കാലം കടന്നുപോയ കുറേപ്പേരിൽ നിന്ന് കുറച്ചാളുകളെ കണ്ടെത്തിയതുകൊണ്ടെന്തു കാര്യം?

ഉത്തരമുണ്ടായിരുന്നു. ജീവിതം കൊണ്ട് അനശ്വര മുദ്രയായിത്തീർന്നവർ അപൂർവ്വം. യുഗയുഗാന്തരങ്ങളായി ഈ ഭൂമുഖത്ത് വന്നുപോകുന്ന കോടാനുകോടികളിൽ, അവരവർക്ക് വേണ്ടി ജീവിച്ചവർ. മറ്റുള്ളവർക്കായി ജീവിതം ഹോമിച്ചവർ. വരാനിരിക്കുന്നവർക്കു കൂടി ചിന്തയും പ്രവർത്തനവും സുവർണ്ണമുദ്രയാക്കി,

വരുംകാലത്തേക്ക് നടന്നുവന്നവരാര്? അവരിലേറ്റവും കൂടുതലാളുകളെ സ്വാധീനിച്ച വ്യക്തികളാര്?

ഈ തിരഞ്ഞെടുപ്പ് ഒരു കൗതുക വേല മാത്രമല്ല. മഹാപ്രതിഭകളുടെ നിത്യസ്വാധീനത്തെക്കുറിച്ചറിയാനുള്ള ഒരു ശ്രമം. നമ്മുടെ ജീവിതം താരതമ്യപ്പെടുത്താനും മഹൽ സന്നിധിയിൽ വിനയത്തോടെ തലകുനിക്കാനുമുള്ള ഒരവസരം. നിസ്സാരമായ മനുഷ്യജീവിതത്തിൽ അപൂർവ്വതയും അനശ്വരതയും പണിതവരുടെ മുന്നിൽ പ്രണാമമർപ്പിക്കാനൊരു സന്ദർഭം. ജീവിതത്തിന് ശക്തി നേടാൻ തിന്മകളിലേക്ക് ഒരു യാത്ര...

എം.ജി.എസ്. ചോദിച്ചു: "എന്തിനാ ധൃതിപിടിച്ചിങ്ങനെയൊരു തിരഞ്ഞെടുപ്പ്?"

ഉത്തരമുണ്ടായിരുന്നു. "എമ്പാടും നേരം ആലോചിച്ച്, കൂട്ടലും കിഴിക്കലും നടത്തി, തുലാസിൽ വെച്ച് തൂക്കിക്കൊണ്ട് തിരഞ്ഞെടുപ്പ് നടത്താം. അതല്ലാതെ ഞൊടിയിടകൊണ്ട് ഒരു തിരഞ്ഞെടുപ്പ് നടത്തുമ്പോൾ ആരൊക്കെ മനസ്സിൽ തെളിയുന്നു. അതിനൊരു നിഷ്കളങ്കതയുടെ ചാരുതയുണ്ടാവില്ലേ?"

"ഇഷ്ടാനിഷ്ടങ്ങൾ സ്വാധീനിക്കും."

"തീർച്ചയായും തിരഞ്ഞെടുക്കുന്ന ആളിൻെറ പരിചിതമേഖലകളും അനുഭവങ്ങളും സ്വാധീനിക്കാതിരിക്കില്ല. അതിപ്പോ ഒരു മാസം ആലോചിച്ച് തിരഞ്ഞെടുക്കുമ്പോഴും കുറേയൊക്കെ ഉണ്ടാവില്ലേ. ആരെ തെരഞ്ഞെടുത്താലും ന്യായീകരിക്കാവുന്ന ഒരു പക്ഷപാതിത്വമായാൽ മതി. ജസ്റ്റിഫയബ്ൾ പ്രെജ്ഡ്യൂസ്"

"ഐഡിയ കൊള്ളാം."

എം.എൻ. കാരശ്ശേരി: "ഒന്നാം തരം ആശയം തന്നെ. ഇതെനിക്ക് കൂടി ആത്മപരിശോധന മിന്നൽപോലെ നടത്താൻ ഒരു മാർഗ്ഗമായി."

ഒരാൾ പറഞ്ഞു: "ഇപ്പോൾ ഈ പേരുകൾ തോന്നുന്നു. ചിലപ്പോൾ കുറേ കഴിഞ്ഞാലോചിക്കുമ്പോൾ വേറൊരാളിൻെറ പേര് മനസ്സിൽ വന്നേക്കാം."

"ഇപ്പോൾ ആര് മനസ്സിൽ തെളിയുന്നു എന്നതാണ് പ്രധാനം."

ഒരു മാരത്തോൺ ഓട്ടത്തിൻെറ രസം. അതിലുള്ള സത്യസന്ധത.



# 'ലോകം കണ്ട അപൂർവ്വപ്രതിഭ'

## ഗാന്ധി

എം. ജി. എസ്
എൻ. പി. മുഹമ്മദ്
യു. കെ. കുമാരൻ
പി. കെ. ഗോപി
ബിനോയ് വിശ്വം
എം. പി. രാജേന്ദ്രൻ
എൻ. പി. ചെക്കുട്ടി
മുഹമ്മദ് കുട്ടശ്ശേരി
മങ്കട അബ്ദുൽ അസീസ്

**ആഗോളം**

**ഈ** നൂറ്റാണ്ട് കണ്ട മഹത് പ്രതിഭകളിൽ ഏറെപ്പേർ തിരഞ്ഞെടുത്തിരിക്കുന്നത് ഗാന്ധിയെ. ലോകത്തെ ഏറ്റവും സ്വാധീനിച്ച വ്യക്തിയാണ് ഗാന്ധിയെന്ന് പതിനഞ്ചിൽ ഒമ്പത് പേർ. ഇന്ത്യൻ നേതൃത്വനിരയിൽ ഗാന്ധിയെ മുൻപന്തിയിൽ കാണുന്നത് ഇവരെകൂടാതെ നാല്പേർ. ആറ് പേർ ഈ നൂറ്റാണ്ടിൻെറ ഏറ്റവുമേറെ സ്വാധീനിച്ച മഹാശയനായി മാർക്സിനെ കാണുന്നു. ആധുനിക ഇന്ത്യയെ മാറ്റി



# ‘നൂറ്റാണ്ടിന്റെ ചൈതന്യം മാർക്സ്’

**എം. ജി. എസ്**
**യു. കെ. കുമാരൻ**
**പി. കെ. ഗോപി**

**സുജനപാൽ**
**ബിനോയ് വിശ്വം**
**മദനൻ**

മറിച്ചതിൽ മുഖ്യപങ്ക് നെഹ്രുവിനാണെന്ന് മൂന്നിൽ ഒന്ന് പേർ കരുതുന്നു. ശ്രീനാരായണ ഗുരുവിന്റെ ചൈതന്യം നവകേരളത്തിന്റെ ശക്തിയാണെന്ന് എട്ട്പേർ. ആധുനിക കേരളത്തിന്റെ രാജശില്പിയായി ഇ.എം.എസ്സിനെ അഞ്ച് പേർ തിരഞ്ഞെടുക്കുന്നു. ഹിറ്റ്ലറേയും യേശുദാസിനേയും നൂറ്റാണ്ടിന്റെ ഉൺമയായ് കാണുന്നവരുണ്ട്. വ്യക്തികൾക്കപ്പുറവും മൾട്ടിനാഷനൽ കോർപ്പറേഷനെ സ്വാധീനശക്തിയായി കാണുന്ന ഒരാളുമുണ്ട്.

ഗാന്ധിയെ എൻ.പി. മുഹമ്മദ് തെരഞ്ഞെടുക്കുന്നു.

''എന്നെ ഗാന്ധി ആകർഷിക്കുന്നത് അപൂർവ്വമായ ഒരു സവിശേഷതകാരണം. നമ്മുടെ സാധാരണ ഗതിയിലുള്ള സമഗ്രാപഗ്രഥനങ്ങൾക്കും സാരാത്ഥ്യത്തിനും വിപരീതദിശയിൽ സഞ്ചരിച്ച് വ്യക്തിമുദ്ര ചാർത്തിയ അസാധാരണ വ്യക്തിത്വം.''

എം.ജി.എസ്. നാരായണനും സംശയമില്ല. ലോകപ്രതിഭ ഗാന്ധി. അങ്ങിനെ കണക്കാക്കുന്നവർ, യു.കെ. കുമാരൻ, പി.കെ. ഗോപി , ബിനോയ് വിശ്വം, എൻ.പി. രാജേന്ദ്രൻ, എൻ.പി. ചെക്കുട്ടി പ്രൊഫ. മങ്കട അബ്ദുൽ അസീസ്, പ്രൊഫ. മുഹമ്മദ് കുട്ടശ്ശേരി. ഗാന്ധിയെ ഇന്ത്യൻ സാഹചര്യങ്ങളിലെ അപൂർവ വ്യക്തിത്വമായി തിരഞ്ഞെടുക്കുന്നവർ, മദനൻ, ഡോ. ആർ. സുരേന്ദ്രൻ, എം.എൻ. കാരശ്ശേരി, എ. സുജനപാൽ എന്നിവർ.

എം.ജി.എസ്സ് പറയുന്നു: ''ഗാന്ധി ആധുനികലോകത്തിനുള്ള വെളിച്ചമാണ്. ഈ പുതിയ ലോകത്തിന്റെ എല്ലാ പ്രതിസന്ധികളെക്കുറിച്ചും സാരവത്തായ വിചിന്തനം നടത്തി ലളിത പരിഹാരമാർഗ്ഗം കണ്ടെത്തിയ മഹാൻ. പ്രവാചകൻ. പ്രോഫറ്റ് ഫോർ മോഡേണിറ്റി''

ചന്ദ്രിക പത്രാധിപർ പ്രൊഫ. അബ്ദുൽ അസീസ്, ഗാന്ധിയെ തന്നെ ലോകചൈതന്യമായ് കാണുന്നു. ജീവിതവും ചിന്തയും ഒന്നാക്കി മാറ്റിയ മഹാൻ. ഹൃദയ പരിവർത്തനത്തിലൂടെ സാമൂഹികമാറ്റം കണ്ടെത്തിയ അപൂർവ്വ പ്രതിഭ. ഒരു ജനതയുടെ സ്വാതന്ത്ര്യത്തിന് ആവിഷ്കാരം നൽകിയെന്നതു കൊണ്ടു മാത്രമല്ല, സാമ്രാജ്യത്വത്തിനെതിരെ ലോകത്തിലാകമാനം വഴികാട്ടിയായി എന്നതുകൊണ്ടു കൂടി ബിനോയ് വിശ്വം മഹാത്മാ ഗാന്ധിയെ തിരഞ്ഞെടുക്കുന്നു. പി.കെ. ഗോപി പറഞ്ഞു: ''പ്രകൃതിയുടെ ആത്മസത്ത സ്വരൂപിച്ച മഹാനാണ് ഗാന്ധി. വിവേകപൂർണ്ണമായ ആത്മസംയമനത്തിന്റെയും ജ്ഞാനത്തിന്റെയും കാണപ്പെട്ട രൂപം''. നന്മയിലൂടെ ലോകത്തിന് എക്കാലത്തേക്കും വെളിച്ചം നൽകിയ മഹാനാണ് ഗാന്ധിയെന്ന് യു.കെ കുമാരൻ കരുതുന്നു. മാതൃഭൂമി പത്രാധിപസമിതിയംഗം എൻ.പി. രാജേന്ദ്രൻ, ഈ നൂറ്റാണ്ടിൽ കോളനികളുടെ മോചനത്തിന്റെ അടിസ്ഥാനം ഗാന്ധിയിൽ നിന്നാണെന്ന് കരുതുന്നു. ''മൂന്നാം ലോകങ്ങൾക്ക് രാഷ്ട്രീയ പ്രചോദനമായ് മാറിയ ശക്തി. വരും കാലത്തേക്കും പടരുന്ന വെളിച്ചം.'' രാജേന്ദ്രൻ പറഞ്ഞു. ഇന്ത്യൻ എക്സ്പ്രസ് ചീഫ് റിപ്പോർട്ടർ എൻ.പി. ചെക്കുട്ടി പറയുന്നു: ''മുതലാളിത്വത്തിന്റെ കൊടും യാതനയിലൊരു നിയന്ത്രണ ശക്തിയാണ് ഗാന്ധി. ലോകസമാധാന വിചാരത്തിൽ ഗാന്ധിയുടെ പങ്ക് അനന്യം.'' സഹിഷ്ണതയും, ക്ഷമയും നിരായുധീകരണത്തിന്റെ മാർഗ്ഗവും ഒരു രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിന് ഉപയോഗിച്ച മഹാനാണ് ഗാന്ധിയെന്ന് മുഹമ്മദ് കുട്ടശ്ശേരി കരുതുന്നു.

ഇന്ത്യൻ സാമൂഹ്യ ഘടനയെ ഏറ്റവുമേറെ സ്വാധീനിച്ച ശക്തിയായി ഗാന്ധിയെ തിരഞ്ഞെടുത്തവർ, മദനൻ, ഡോ.ആർ. സുരേന്ദ്രൻ, എം.എൻ. കാരശ്ശേരി, എ. സുജനപാൽ എന്നിവരാണ്. ഇന്ത്യയ്ക്കും ലോകത്തിനും സമാധാനത്തിൻെറയും നിരായുധീകരണത്തിൻെറയും പ്രകൃതിയുടേയും ഒരു പ്രത്യയശാസ്ത്രം നൽകിയ വ്യക്തിയാണ് ഗാന്ധിയെന്ന് സുജനപാൽ കണക്കാക്കുന്നു. ഇന്ത്യയെ സ്വാധീനിച്ച മഹാപ്രതിഭ ആദ്യത്തേത് കാരശ്ശേരിയെ സംബന്ധിച്ച് മറ്റാരുമല്ല. ഗാന്ധി. ''രണ്ടാമത്തേയാൾ?'' ''സംശയമില്ല, ഗാന്ധിതന്നെ'' ഗാന്ധിയെ ഇന്ത്യക്കാരനാക്കുകയെന്ന ഉടമസ്ഥാവകാശ പക്ഷപാതിത്വമാണ് ആരേക്കാളും മീതെയുള്ള ഗാന്ധിയെ കാരശ്ശേരി, മഹാനായ ഇന്ത്യക്കാരനാക്കിയതെന്ന് പറയുന്നു. ''എന്നത്തേക്കുമുള്ള അപൂർവ്വമായ ഒരു ജീവസാന്നിദ്ധ്യമാണ് ഗാന്ധി.'' മദനൻ പറഞ്ഞു: ''ഗാന്ധി എല്ലാ അർത്ഥത്തിലും വെജിറ്റേറിയൻ ലീഡറാണ്. എന്നാൽ ഇന്ത്യൻ ജനതയെ ഇത്രത്തോളം മനസ്സിലാക്കിയ വേറൊരു മനുഷ്യസ്നേഹിയില്ല. ഡോ. ആർ സുരേന്ദ്രൻ പറഞ്ഞത്, ലളിത ജീവിതവും ഉയർന്ന ചിന്തയും കൊണ്ട് ലോകത്തിന് നിത്യപ്രകാശം നല്കിയ ഇന്ത്യക്കാരനാണ് ഗാന്ധി എന്നാണ്.

മാർക്സാണ് ഈ നൂറ്റാണ്ടിനെ സ്വാധീനിച്ച അപൂർവ്വ ശക്തിയെന്ന് ആറ് പേർ കരുതുന്നു. മാർക്സ് ഏത് നൂറ്റാണ്ടിൽ ജീവിച്ചു എന്നത് പ്രധാനമല്ല. ഈ നൂറ്റാണ്ടിനെ മാറ്റി മറിക്കാനൊരു ശക്തിയായി. എം.ജി.എസ്, യു.കെ. കുമാരൻ, എ. സുജനപാൽ, പി.കെ. ഗോപി, ബിനോയ് വിശ്വം, മദനൻ എന്നിവർ കണക്കാക്കുന്നു. എം.ജി.എസ്സ് പറയുന്നു: ''എല്ലാ സാമൂഹ്യ ശാസ്ത്രങ്ങളേയും അതിക്രമിച്ച് കീഴടക്കിയ ഒരു താത്വിക പദ്ധതിയുടെ പ്രണേതാവാണ് മാർക്സ്. ദ മോസ്റ്റ് ഇൻഫ്ളുവൻഷ്യൽ സോഷ്യൽ സയൻറിസ്റ്റ്.'' ലോകത്തെയാകമാനം ബാധിച്ച താത്വികാചാര്യനായി മാർക്സിനെ മദനൻ കാണുന്നു. നൂറ്റാണ്ടുകളെ കീഴടക്കിയ മനുഷ്യമോചന ശക്തിയായി മാർക്സിനെ ബിനോയ് വിശ്വം കണക്കാക്കുന്നു. ''നവവിമോചനത്തിൻെറ വഴികാട്ടിയും സ്രഷ്ടാവും'' മനുഷ്യൻ മനുഷ്യനെ ചൂഷണം ചെയ്യുന്ന പീഢനത്തിന് ശാസ്ത്രീയമായ വിമോചനമാർഗ്ഗം സംഭാവന ചെയ്ത മഹാനാണ് മാർക്സെന്നു പി.കെ. ഗോപി. ''ലോകത്തെങ്ങും സാംഗത്യമുള്ള ഒരു വിമോചന മന്ത്രത്തിൻെറ പ്രോദ്ഘാടകൻ''. ചൂഷണം ചെയ്യപ്പെടുന്ന കീഴാളർക്ക് വിമോചന മാർഗ്ഗം നിർദ്ദേശിച്ച പ്രവാചകനായി യു.കെ. കുമാരൻ മാർക്സിനെ വിലയിരുത്തുന്നു. കാലം തിരസ്കരിച്ചെങ്കിലും ചരിത്രത്തിന് നല്കിയ നവവ്യാഖ്യാനവും രാഷ്ട്രീയ പ്രത്യയശാസ്ത്രവും മാർക്സിനെ മഹാനാക്കുന്നുവെന്ന് സുജനപാൽ പറയുന്നു.

മാർക്സിനും ഗാന്ധിയ്ക്കുമപ്പുറം ലോകപ്രതിഭയായി രണ്ടുപേർ ഐൻസ്റ്റീനെ തിരഞ്ഞെടുക്കുന്നു. ശാസ്ത്രത്തിനും മാനവികതക്കും നൽകിയ സംഭാവനകളാണ് സുജനപാൽ ഐൻസ്റ്റീനെ തിരഞ്ഞെടുക്കാനുള്ള കാരണം. ''ശാസ്ത്രീയാവബോധത്തിന് ഐൻസ്റ്റീൻ പുതിയ ഒരുണർവ്വ് നൽകി.'' പ്രൊഫ മുഹമ്മദ് കുട്ടശ്ശേരി ഐൻസ്റ്റീൻ ശാസ്ത്രീയമായ പ്രവർത്തനങ്ങൾ ലോകതലത്തിൽ അംഗീകാരം പുത്തൻ മാർഗ്ഗത്തിലൂടെ നേടിയെടുത്തു എന്ന് വിശ്വസിക്കുന്നു. ഐൻസ്റ്റീൻ ശാസ്ത്രത്തിനപ്പുറം വിവിധ മേഖലകളെ സ്വാധീനിച്ച കാര്യം രണ്ടുപേരും അടിവരയിട്ട് പറയുന്നു.

ഡോ. ആർസുവും, എം.എൻ. കാരശ്ശേരിയും ടോൾസ്റ്റോയിയെയാണ് തിരഞ്ഞെടുത്തത്. ടോൾസ്റ്റോയിയോളം മനുഷ്യഹൃദയജ്ഞാനം ഉൾക്കാഴ്ചയിലൂടെ സിദ്ധിച്ച വേറൊരാൾ ഈ നൂറ്റാണ്ടിൽ ജീവിച്ചിട്ടില്ലെന്ന് കാരശ്ശേരി ''ദൈവസാന്നിദ്ധ്യമാണ് ടോൾസ്റ്റോയി.'' ഡോ. ആർസു പറയുന്നു; ''മാനവികതയുടെ മഹത്വവും ഔന്നത്യവും ലോകത്തിന് പകുത്തു കൊടുത്ത ഉത്തമ കലാകാരനാണ് ടോൾസ്റ്റോയി''

എഴുത്തുകാരനായ എൻ. പി. എന്തുകൊണ്ട് ടോൾസ്റ്റോയിയേയോ മറ്റൊരെഴുത്തുകാരനേയോ തിരഞ്ഞെടുത്തില്ല? തിരഞ്ഞെടുത്തത് പിക്കാസോവിനെ. എൻ.പി. പറയുന്നു: ''ഈ നൂറ്റാണ്ടിനെ വർണ്ണങ്ങൾ ഏറെ ബാധിക്കുന്നു. സ്വാധീനിക്കുന്നു. അക്ഷരങ്ങളേക്കാളേറെ. അത്യപൂർവ്വമായ വർണവിന്യാസം കൊണ്ടും നി

# 'ക്രൂരതയ്ക്ക് മീതെ മൃദുലത ഹിറ്റ്ലർ'

**മദനൻ**

യതരൂപങ്ങളുടെ രേഖാനിരാസം കൊണ്ടും പിക്കാസോ സർവ്വമേഖലകളേയും സ്വാധീനിച്ചിരിക്കുന്നു. വാസ്തുശില്പകലയേയും, സാഹിത്യത്തെപ്പോലും.''

ഡെസ്റ്റോവ്സ്കിയെ കഥാകൃത്തായ സുഭാഷ് ചന്ദ്രനും ആർസുവും തിരഞ്ഞെടുക്കുന്നു. രാഷ്ട്രീയക്കാർക്ക് പോലും ഡെസ്റ്റോവ്സ്കി വഴികാട്ടിയാണെന്ന് ആർസു. സാഹിത്യത്തിനും സാഹിത്യേതര മേഖലകൾക്കും ഡെസ്റ്റോവ്സ്കി നൽകിയ സംഭാവനകൾ അനന്യമെന്ന് സുഭാഷ് ചന്ദ്രൻ. ടി. അബ്ദുൽ അസീസ്, മാർട്ടിൻ ലൂതർ കിങ്ങിനെ അപൂർവ്വ ശക്തിയായി കാണുന്നു: ''ആഫ്രിക്കൻ-അമേരിക്കൻ അധഃസ്ഥിതർക്ക് അന്തർദേശീയ തലങ്ങളിൽ അഭിമാനബോധം കെട്ടിപ്പടുത്തത് കിങ്ങാണ്. പിൻബലത്തോടെ അവകാശം നേടാൻ കരുത്തേകി. കിങ്ങ് ഫോർ ദ ഒപ്രസ്ഡ്''

കാരശ്ശേരിയുടെ വോട്ട് ഫ്രോയിഡിന്''മനുഷ്യജീവിതത്തെക്കുറിച്ചുള്ള സങ്കൽപ്പനത്തെ അടിമുടി മാറ്റിയ വ്യക്തി. ഫ്രോയ്ഡ് ശാസ്ത്രകാരൻ മാത്രമല്ല, മഹാനായ എഴുത്തുകാരൻ കൂടി. ചിത്രകലയെപ്പോലും ഫ്രോയ്ഡ് സ്വാധീനിച്ചിരിക്കുന്നു.''

അജിതയുടെ തിരഞ്ഞെടുപ്പിൽ ഇവരാരും വരുന്നില്ല. രാഷ്ട്രീയനേതാവ് മാവോ, ചലച്ചിത്രകാരൻ ഐസൻസ്റ്റീൻ. ''ചെറുപ്പകാലം തൊട്ടേ മാവോ സൂക്തങ്ങൾ വായിച്ചു പഠിച്ചതു കൊണ്ടാവാം എല്ലാ പ്രവർത്തനങ്ങളിലും വെളിച്ചം നൽകുന്ന ശക്തിയാണ് മാവോ എന്ന് തോന്നുന്നു. അസാ

ഇന്ത്യൻ സാമൂഹ്യ ഘടനയെ ഏറ്റവുമേറെ സ്വാധീനിച്ച ശക്തിയായി ഗാന്ധിയെ തിരഞ്ഞെടുത്തവർ, മദനൻ, ഡോ.ആർ. സുരേന്ദ്രൻ, എം.എൻ. കാരശ്ശേരി, എ. സുജനപാൽ എന്നിവരാണ്. ഇന്ത്യയ്ക്കും ലോകത്തിനും സമാധാനത്തിൻെറയും നിരായുധീകരണത്തിൻെറയും പ്രകൃതിയുടേയും ഒരു പ്രത്യയശാസ്ത്രം നൽകിയ വ്യക്തിയാണ് ഗാന്ധിയെന്ന് സുജനപാൽ കണക്കാക്കുന്നു. ഇന്ത്യയെ സ്വാധീനിച്ച മഹാപ്രതിഭ ആദ്യത്തേത് കാരശ്ശേരിയെ സംബന്ധിച്ച് മറ്റാരുമല്ല. ഗാന്ധി. ''രണ്ടാമത്തേയാൾ?'' ''സംശയമില്ല, ഗാന്ധിതന്നെ'' ഗാന്ധിയെ ഇന്ത്യക്കാരനാക്കുകയെന്ന ഉടമസ്ഥാവകാശ പക്ഷപാതിത്വമാണ് ആരേക്കാളും മീതെയുള്ള ഗാന്ധിയെ കാരശ്ശേരി, മഹാനായ ഇന്ത്യക്കാരനാക്കിയതെന്ന് പറയുന്നു. ''എന്നത്തേക്കുമുള്ള അപൂർവ്വമായ ഒരു ജീവസാന്നിദ്ധ്യമാണ് ഗാന്ധി.'' മദനൻ പറഞ്ഞു: ''ഗാന്ധി എല്ലാ അർത്ഥത്തിലും വെജിറ്റേറിയൻ ലീഡറാണ്. എന്നാൽ ഇന്ത്യൻ ജനതയെ ഇത്രത്തോളം മനസ്സിലാക്കിയ വേറൊരു മനുഷ്യസ്നേഹിയില്ല. ഡോ. ആർ സുരേന്ദ്രൻ പറഞ്ഞത്, ലളിത ജീവിതവും ഉയർന്ന ചിന്തയും കൊണ്ട് ലോകത്തിന് നിത്യപ്രകാശം നല്കിയ ഇന്ത്യക്കാരനാണ് ഗാന്ധി എന്നാണ്.

മാർക്സാണ് ഈ നൂറ്റാണ്ടിനെ സ്വാധീനിച്ച അപൂർവ്വ ശക്തിയെന്ന് ആറ് പേർ കരുതുന്നു. മാർക്സ് ഏത് നൂറ്റാണ്ടിൽ ജീവിച്ചു എന്നത് പ്രധാനമല്ല. ഈ നൂറ്റാണ്ടിനെ മാറ്റി മറിക്കാനൊരു ശക്തിയായി. എം.ജി.എസ്, യു.കെ. കുമാരൻ, എ. സുജനപാൽ, പി.കെ. ഗോപി, ബിനോയ് വിശ്വം, മദനൻ എന്നിവർ കണക്കാക്കുന്നു. എം.ജി.എസ്സ് പറയുന്നു: ''എല്ലാ സാമൂഹ്യ ശാസ്ത്രങ്ങളേയും അതിക്രമിച്ച് കീഴടക്കിയ ഒരു താത്വിക പദ്ധതിയുടെ പ്രണേതാവാണ് മാർക്സ്. ദ മോസ്റ്റ് ഇൻഫ്ളുവൻഷ്യൽ സോഷ്യൽ സയൻറിസ്റ്റ്.'' ലോകത്തെയാകമാനം ബാധിച്ച താത്വികാചാര്യനായി മാർക്സിനെ മദനൻ കാണുന്നു. നൂറ്റാണ്ടുകളെ കീഴടക്കിയ മനുഷ്യമോചന ശക്തിയായി മാർക്സിനെ ബിനോയ് വിശ്വം കണക്കാക്കുന്നു. ''നവവിമോചനത്തിൻെറ വഴികാട്ടിയും സ്രഷ്ടാവും'' മനുഷ്യൻ മനുഷ്യനെ ചൂഷണം ചെയ്യുന്ന പീഢനത്തിന് ശാസ്ത്രീയമായ വിമോചനമാർഗ്ഗം സംഭാവന ചെയ്ത മഹാനാണ് മാർക്സെന്നു പി.കെ. ഗോപി. ''ലോകത്തെങ്ങും സാംഗത്യമുള്ള ഒരു വിമോചന മന്ത്രത്തിൻെറ പ്രോദ്ഘാടകൻ''. ചൂഷണം ചെയ്യപ്പെടുന്ന കീഴാളർക്ക് വിമോചന മാർഗ്ഗം നിർദ്ദേശിച്ച പ്രവാചകനായി യു.കെ. കുമാരൻ മാർക്സിനെ വിലയിരുത്തുന്നു. കാലം തിരസ്കരിച്ചെങ്കിലും ചരിത്രത്തിന് നല്കിയ നവവ്യാഖ്യാനവും രാഷ്ട്രീയ പ്രത്യയശാസ്ത്രവും മാർക്സിനെ മഹാനാക്കുന്നുവെന്ന് സുജനപാൽ പറയുന്നു.

മാർക്സിനും ഗാന്ധിയ്ക്കുമപ്പുറം ലോകപ്രതിഭയായി രണ്ടുപേർ ഐൻസ്റ്റീനെ തിരഞ്ഞെടുക്കുന്നു. ശാസ്ത്രത്തിനും മാനവികതക്കും നൽകിയ സംഭാവനകളാണ് സുജനപാൽ ഐൻസ്റ്റീനെ തിരഞ്ഞെടുക്കാനുള്ള കാരണം. ''ശാസ്ത്രീയാവബോധത്തിന് ഐൻസ്റ്റീൻ പുതിയ ഒരുണർവ്വ് നൽകി.'' പ്രൊഫ മുഹമ്മദ് കുട്ടശ്ശേരി ഐൻസ്റ്റീൻ ശാസ്ത്രീയമായ പ്രവർത്തനങ്ങൾ ലോകതലത്തിൽ അംഗീകാരം പുത്തൻ മാർഗ്ഗത്തിലൂടെ നേടിയെടുത്തു എന്ന് വിശ്വസിക്കുന്നു. ഐൻസ്റ്റീൻ ശാസ്ത്രത്തിനപ്പുറം വിവിധ മേഖലകളെ സ്വാധീനിച്ച കാര്യം രണ്ടുപേരും അടിവരയിട്ട് പറയുന്നു.

ഡോ. ആർസുവും, എം.എൻ. കാരശ്ശേരിയും ടോൾസ്റ്റോയിയെയാണ് തിരഞ്ഞെടുത്തത്. ടോൾസ്റ്റോയിയോളം മനുഷ്യഹൃദയജ്ഞാനം ഉൾക്കാഴ്ചയിലൂടെ സിദ്ധിച്ച വേറൊരാൾ ഈ നൂറ്റാണ്ടിൽ ജീവിച്ചിട്ടില്ലെന്ന് കാരശ്ശേരി ''ദൈവസാന്നിദ്ധ്യമാണ് ടോൾസ്റ്റോയി.'' ഡോ. ആർസു പറയുന്നു; ''മാനവികതയുടെ മഹത്വവും ഔന്നത്യവും ലോകത്തിന് പകുത്തുകൊടുത്ത ഉത്തമ കലാകാരനാണ് ടോൾസ്റ്റോയി''

എഴുത്തുകാരനായ എൻ. പി. എന്തുകൊണ്ട് ടോൾസ്റ്റോയിയേയോ മറ്റൊരെഴുത്തുകാരനേയോ തിരഞ്ഞെടുത്തില്ല? തിരഞ്ഞെടുത്തത് പിക്കാസോവിനെ. എൻ.പി. പറയുന്നു: ''ഈ നൂറ്റാണ്ടിനെ വർണ്ണങ്ങൾ ഏറെ ബാധിക്കുന്നു. സ്വാധീനിക്കുന്നു. അക്ഷരങ്ങളേക്കാളേറെ. അത്യപൂർവ്വമായ വർണവിന്യാസം കൊണ്ടും നി

# ക്രൂരതയ്ക്ക് മീതെ മൃദുലത ഹിറ്റ്ലർ

**മദനൻ**

യതരൂപങ്ങളുടെ രേഖാനിരാസം കൊണ്ടും പിക്കാസോ സർവ്വമേഖലകളേയും സ്വാധീനിച്ചിരിക്കുന്നു. വാസ്തുശിൽപകലയേയും, സാഹിത്യത്തെപ്പോലും.''

ഡെസ്റ്റോവ്സ്കിയെ കഥാകൃത്തായ സുഭാഷ് ചന്ദ്രനും ആർസുവും തിരഞ്ഞെടുക്കുന്നു. രാഷ്ട്രീയക്കാർക്ക് പോലും ഡെസ്റ്റോവ്സ്കി വഴികാട്ടിയാണെന്ന് ആർസു. സാഹിത്യത്തിനും സാഹിത്യേതര മേഖലകൾക്കും ഡെസ്റ്റോവ്സ്കി നൽകിയ സംഭാവനകൾ അനന്യമെന്ന് സുഭാഷ് ചന്ദ്രൻ. ടി. അബ്ദുൽ അസീസ്, മാർട്ടിൻ ലൂതർ കിങ്ങിനെ അപൂർവ്വ ശക്തിയായി കാണുന്നു: ''ആഫ്രിക്കൻ-അമേരിക്കൻ അധഃസ്ഥിതർക്ക് അന്തർദേശീയ തലങ്ങളിൽ അഭിമാനബോധം കെട്ടിപ്പടുത്തത് കിങ്ങാണ്. പിൻബലത്തോടെ അവകാശം നേടാൻ കരുത്തേകി. കിങ്ങ് ഫോർ ദ ഒപ്രസ്ഡ്'' കാരശ്ശേരിയുടെ വോട്ട് ഫ്രോയിഡിന് ''മനുഷ്യജീവിതത്തെക്കുറിച്ചുള്ള സങ്കൽപ്പനത്തെ അടിമുടി മാറ്റിയ വ്യക്തി. ഫ്രോയ്ഡ് ശാസ്ത്രകാരൻ മാത്രമല്ല, മഹാനായ എഴുത്തുകാരൻ കൂടി. ചിത്രകലയെപ്പോലും ഫ്രോയ്ഡ് സ്വാധീനിച്ചിരിക്കുന്നു.''

അജിതയുടെ തിരഞ്ഞെടുപ്പിൽ ഇവരാരും വരുന്നില്ല. രാഷ്ട്രീയനേതാവ് മാവോ, ചലച്ചിത്രകാരൻ ഐസൻസ്റ്റീൻ. ''ചെറുപ്പകാലം തൊട്ടേ മാവോ സൂക്തങ്ങൾ വായിച്ചു പഠിച്ചതു കൊണ്ടാവാം എല്ലാ പ്രവർത്തനങ്ങളിലും വെളിച്ചം നൽകുന്ന ശക്തിയാണ് മാവോ എന്ന് തോന്നുന്നു. അസാ

ധ്യമായത് ജനപിന്തുണയോടെ എളുപ്പമാക്കുന്ന മാവോ. ഐൻസ്റ്റീൻ ചലച്ചിത്രകാരൻ മാത്രമല്ല , രാഷ്ട്രീയക്കാരൻ കൂടി. ചലച്ചിത്രത്തിൻെറ രാഷ്ട്രീയവ്യാകരണം ഐൻസ്റ്റീനിൽ നിന്ന് തുടങ്ങുന്നു.'' എൻ.പി. ചെക്കുട്ടി ലോകസാഹിത്യത്തിന് മിലൻ കുന്ദേര നല്കിയ സംഭാവനകൾ വിലമതിക്കുന്നു: ''സ്ഥാപനവൽക്കരിക്കപ്പെട്ട കമ്മ്യൂണിസത്തിൻെറ പാളിച്ചകളെ ലോകത്തിന് ശക്തമായ് കാണിക്കുന്നത് കുന്ദേരയാണ്'' സുഭാഷ് ചന്ദന് ചെഗുവേര: ''ചെഗുവേരയെ ഇസത്തിൻെറ പേരിലല്ല തിരഞ്ഞെടുക്കുന്നത്. രാഷ്ട്രീയത്തിൽ കയറിവന്ന ധാർഷ്ട്യം എങ്ങിനെ സഫലമാക്കാമെന്ന് അദ്ദേഹം കാണിച്ചുതന്നതാണ്. അംഗീകാരത്തിൻെറ അടിസ്ഥാനം,, എൻ.പി. രാജേന്ദ്രൻ രണ്ടാമത്തേതായി തിരഞ്ഞെടുക്കുന്നത് വ്യക്തിയെയല്ല. മർഡോക്കും ബിൽഗേറ്റുമൊക്കെ ഉൾക്കൊള്ളുന്ന കോർപ്പറേഷൻ സംസ്കാരത്തേയാണ്. മാധ്യമങ്ങളേയും സാംസ്കാരികതയെ തന്നെയും സ്വാധീനിക്കുന്ന മൾട്ടിനാഷനൽ കോർപ്പറേഷൻ . ലോകപ്രതിഭകളിൽ രണ്ടാം സ്ഥാനം മദനൻ കൊടുക്കുന്നത് അഡോൾഫ് ഹിറ്റ്ലർക്ക്. മദനൻ ആലോചിക്കാതെയെടുത്ത തീരുമാനമല്ല: "ശരിയാണ്. ക്രൂരനായ ഭരണാധികാരിയായിരുന്നു ഹിറ്റ്ലർ. പക്ഷേ ആ മനുഷ്യഹൃദയത്തിലെ ലോലമായ തലം എന്നെ ആകർഷിക്കുന്നു. അത്ഭുതപ്പെടുത്തുന്ന ഒരു ചിത്രകാരൻ കൂടിയായിരുന്നു ഹിറ്റ്ലർ. ക്രൂരതയ്ക്കപ്പുറം ഈ മൃദുലതയെ ഞാൻ ആദരിക്കുന്നു.''



## ഇന്ത്യയെ സ്വാധീനിച്ച അസാധാരണ ശക്തി

## *ഗാന്ധി*

എം. എൻ. കാരശ്ശേരി
മദനൻ

സുജനപാൽ
ആർസു

**ഭാരതം**

## സർവ്വ മേഖലകളേയും സ്വാധീനിച്ച കലാകാരൻ

## *പിക്കാസോ*

എൻ. പി. മുഹമ്മദ്

''ഇന്ത്യൻ ചുറ്റുപാടിൽ നിന്നാര്?''

മൗനം.

''ഇന്ത്യൻ സമൂഹത്തെ മാറ്റിമറിക്കാൻ കാരണമായ രണ്ട് പേര്?''

മൗനം.

''സൂചന നൽകാൻ ഒരു പട്ടികയുണ്ടാക്കിയിട്ടുണ്ട്. വായിക്കാം.''

''വായിക്കേണ്ടതില്ല''

''ആര് പിന്നെ?''

''ഒരു നൂറ്റാണ്ടിന് സംഭാവന നൽകിയ ഒരാളുമില്ല.''

''ഒരാളും?''

''ഒരാളുമില്ല എന്നാണെൻെറ പക്ഷം.''

ഇത് പറഞ്ഞത് എൻ.പി. മുഹമ്മദ്. എന്നാൽ നെഹ്രുവിനെ അഞ്ച്പേർ ഈ നൂറ്റാണ്ടിലെ നേതാവായി

## ‘നവഭാരത ശിൽപി നെഹ്റു’

എം. ജി. എസ്
ബിനോയ് വിശ്വം
യു. കെ. കുമാരൻ
മങ്കട അബ്ദുൽ അസീസ്
സുജനപാൽ



വിനെ സ്വാതന്ത്ര്യസമരത്തിൻെറ പോരാളിയായതുകൊണ്ട് മാത്രമല്ല ആദരിക്കുന്നത്: ''ആധുനിക ഇന്ത്യയുടെ നിർമ്മാണ പ്രക്രിയയിലെ ശക്തമായ കണ്ണിയാണ് നെഹ്റു'' അബ്ദുൽ അസീസിന് നെഹ്റു നവഭാരതശിൽപ്പി, യു.കെയ്ക്ക് ഇന്ത്യൻ ജനാധിപത്യത്തിൻെറയും മതേതരത്വത്തിൻെറയും അടിത്തറ പാകിയ മഹാനാണ് നെഹ്റു. നെഹ്റുവില്ലായിരുന്നെങ്കിൽ ഇന്ത്യ മറ്റൊന്നാകുമായിരുന്നുവെന്ന് യു.കെ. കരുതുന്നു. ഇന്ത്യക്കുള്ള ആധുനിക രാഷ്ട്രീയ ചിന്തയുടെ ആദ്യ പ്രണേതാവാണ് നെഹ്റുവെന്ന് ബിനോയ് വിശ്വം കണക്കാക്കുന്നു: ''ലോകവുമായി ഇന്ത്യയെ കൂട്ടിയിണക്കിയ മഹാൻ.'' ഇന്നത്തെ ലോക സാഹചര്യങ്ങളിലുള്ള നെഹ്റുവിൻെറ കൂടിയ പ്രസക്തിയാണ് സുജനപാൽ നെഹ്റുവിനെ പിന്തുണക്കാൻ കാരണം.

അംബേദ്കർക്ക് കിട്ടിയ വോട്ട് മൂന്ന്. പി.കെ. ഗോപി: ''അടിയാളന്മാർക്ക് ആത്മവിശ്വാസം നേടിക്കൊടുത്ത മഹാൻ. കാര്യകാരണസഹിതമായ ഒരു ബോധ്യപ്പെടുത്തലായിരുന്നു അദ്ദേഹത്തിൻെറ ജീവിതം.'' പത്രപ്രവർത്തകരായ എൻ.പി. രാജേന്ദ്രനും, എൻ.പി. ചെക്കുട്ടിയും അംബേദ്കറെ പിന്തുണക്കുന്നു. ഗാന്ധിയുമായി അംബേദ്കർ പ്രതിപ്രവർത്തനം നടത്തിയുണ്ടാക്കിയ വ്യക്തിത്വത്തിൻെറ പ്രഭാവം ചെക്കുട്ടി ചൂണ്ടിക്കാണിക്കുന്നു: ''ഇന്ത്യക്കകത്ത് ഊർജ്ജം നൽകി ഒരു നവീന ശക്തിയെ പണിത മഹാൻ അംബേദ്കർ.'' രാജേന്ദ്രൻ ഇന്ത്യയിൽ നിന്ന് തിരഞ്ഞെടുക്കുന്ന ഏകവ്യക്തിത്വം അംബേദ്കറുടേതാണ്. ''ജീവിച്ചകാലത്തേക്കാളും അംബേദ്കർക്കിന്ന് പ്രസക്തിയുണ്ട്. പിന്നോക്ക വിഭാഗങ്ങൾക്ക് വിമോചനത്തിൻെറ പുതിയ തത്വശാസ്ത്രം നൽകിയ വ്യക്തി.''

എം.ജി.എസ്സും യു.കെയും ടാഗോറിനെ അംഗീകരിക്കുന്നു: ''ടാഗോർ എഴുത്തുകാരൻ മാത്രമല്ല. അത്യപൂർവ്വമായ ഒരു വിദ്യാഭ്യാസ സങ്കൽപ്പം, സമഗ്ര മേഖലകളെയും ബന്ധിപ്പിക്കുന്ന ഒരു മഹാസങ്കൽപ്പം ടാഗോറിനുണ്ട്. പഴയ ശാന്തിനികേതൻ ഒരു സൗഭാഗ്യമായിരുന്നു.'' ധൈഷണികരംഗത്ത് ടാഗോർ ഉണ്ടാക്കിയ അസാധാരണ നേട്ടങ്ങളെ യു.കെ. വിലമതിക്കുന്നു.

പ്രേംചന്ദ്, രാജേശ്വരറാവു, ആസാദ്, ഇക്ബാൽ, കൊസാംബി, ആർ.കെ. നാരായണൻ, മദർ തെരേസ, സത്യജിത് റായ്, താരാശങ്കർ വന്ദ്യോപാദ്ധ്യായ, മുഹമ്മദാലി ജിന്ന, ഇന്ദിരാഗാന്ധി എന്നിവരെ ഓരോ ആൾ വീതം ഇന്ത്യൻ സാഹചര്യങ്ങളിലെ ശ്രേഷ്ടം വ്യക്തിത്വങ്ങളായി തിരഞ്ഞെടുക്കുന്നു.

ടി. അബ്ദുൽ അസീസ്: ''ഇന്ത്യയിലെ അവഗണിക്കപ്പെട്ട വിഭാഗത്തി

## ‘അടിയാളരുടെ ആത്മവിശ്വാസം’ അംബേദ്കർ

പി. കെ. ഗോപി
എൻ. പി. രാജേന്ദ്രൻ
എൻ. പി. ചെക്കുട്ടി



ന് അഭിമാനബോധം നൽകിയ നേതാവാണ് ജിന്ന. അവകാശം നേടിയെടുക്കുന്നതിനൊരവസരവും ലക്ഷ്യബോധവും വ്യവസ്ഥാപിത മാർഗ്ഗങ്ങളിലൂടെ ഉണ്ടാക്കിയെടുത്തു അദ്ദേഹം.'' സുഭഷ് ചന്ദ്രനാണ് മദർ തെരേസയേയും സത്യജിത് റായിയേയും തിരഞ്ഞെടുക്കുന്നത്: ''ഇനിയൊരിക്കലും മദറിനെപ്പോലൊരു സ്ത്രീയെ കാണാനാവില്ലല്ലോ. റായി ഇന്ത്യൻ ചലച്ചിത്ര സംസ്കാരത്തിന്റെ കുലഗുരു. ലോകത്തെങ്ങുമുള്ള കലാകാരന്മാരിൽ പ്രമുഖൻ'' കുട്ടശ്ശേരി ആസാദിനേയും ഇക്ബാലിനേയും ഇന്ത്യൻ പ്രതിഭകളായി കാണുന്നു. പി.കെ ഗോപി: ''അടിസ്ഥാന വിഭാഗങ്ങളുടെ പ്രാകൃത താള സമന്വയത്തിലൂടെ പുരോഗമന സാഹിത്യത്തിന് നവഭാഷ്യം നൽകിയ പ്രതിഭയാണ് പ്രേംചന്ദ്. അദ്ദേഹം മനുഷ്യരുടെ ഉത്ഥാനത്തിന് സാഹിത്യത്തെ ഒരു പ്രേരക ശക്തിയാക്കി.'' ബിനോയ് വിശ്വം: ''ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ കരുത്തനായ സാരഥി. ഇന്ത്യൻ സമൂഹത്തെ രൂപപ്പെടുത്തിയെടുക്കുന്നതിൽ രാജേശ്വരറാവുവിന്റെ സൂര്യശോഭയാർന്ന വ്യക്തിത്വം കാരണമാക്കിയിട്ടുണ്ട്.'' എൻ.പി. ചെക്കുട്ടി കൊസാംബിയെ വലത് ആദർശങ്ങളെ വിപ്ലവകരമായ രീതിയിൽ മാറ്റി മറിച്ച വ്യക്തിയായ് കാണുന്നു: ''ഇന്ത്യൻ പാരമ്പര്യത്തെ വളരെ നൈസർഗ്ഗികമായ രീതിയിൽ അദ്ദേഹം പുനർനിർവ്വചനം നടത്തി.'' ആർസു തിരഞ്ഞെടുക്കുന്നത് താരാശങ്കറിനെ: ''ഇന്ത്യൻ ഗ്രാമങ്ങളെ ചൂഷണത്തിൽ നിന്നും അന്ധവിശ്വാസങ്ങളിൽ നിന്നും ചങ്ങല പൊട്ടിച്ച് രക്ഷപ്പെടാൻ താരാശങ്കർ കാരണമാക്കി. കലാതീതമായ സാഹിത്യത്തിന്റെ ആധുനിക മുഖമാണ് താരാശങ്കർ'' ആർ. കെ നാരായണിനേയും ലതാമങ്കേഷ്കറേയുമാണ് അജിത തിരഞ്ഞെടുക്കുന്നത്: ''ലളിതമായ രചനകൾ നാരായണിന്റെ സവിശേഷതയാണ്. ലതയാവട്ടെ സംഗീതം ജനഹൃദയങ്ങളിലെത്തിച്ച വ്യക്തിയും.'' ഇന്ദിരാഗാന്ധിയെ ഈ നൂറ്റാണ്ടിന്റെ രാഷ്ട്രീയ പ്രതിഭയായി കണക്കാക്കുന്നത് മദനൻ: ''എല്ലാവരും ഇന്ദിരയെ പ്രകടമായി അംഗീകരിക്കാനിടയില്ല. പക്ഷേ ഉള്ളാലെ അവരുടെ ധൈര്യത്തെ എല്ലാവരും അംഗീകരിക്കുന്നു.''



# കേരളത്തെ മാറ്റിമറിച്ച അനന്യപ്രതിഭ നാരായണ ഗുരു

**എൻ. പി. മുഹമ്മദ് എം. ജി. എസ്**
**ബിനോയ് വിശ്വം എൻ. പി. ചെക്കുട്ടി**
**സുജനപാൽ മുഹമ്മദ് കുട്ടശ്ശേരി**
**മങ്കട അബ്ദുൽ അസീസ്**

**മലയാളം**

നവകേരളത്തിന്റെ തേജസ്സായി ശ്രീ നാരായണഗുരുവിനെ എട്ടുപേർ അംഗീകരിക്കുന്നു. എൻ.പി. ചെക്കുട്ടി: ''ആധുനിക കേരളത്തിന്റെ സാമൂഹ്യഘടനയെ ഏറ്റവുമേറെ സ്വാധീനിച്ച വ്യക്തി. ഇന്നത്തെ കേരളത്തിന് അടിത്തറ പാകിയ മഹാപ്രതിഭ.'' ഡോ. ആർസു: ''ഗുരു അദ്വൈതത്തിന് നൽകിയ ഭാഷ്യം എന്നും പ്രസക്തം. വിശുദ്ധിയുടെ വിദ്യകൊണ്ട് പിന്നോക്കക്കാർക്ക് പ്രബുദ്ധതയേകാൻ കഴിഞ്ഞ മഹാൻ.'' സാഹോദര്യത്തിന് നാരായണഗുരു നൽകിയ സന്ദേശം അദ്ദേഹത്തെ ആദരണീയനാക്കുന്നുവെന്ന് കുട്ടശ്ശേരി. ബിനോയ് വിശ്വം: ''ലോകദാർശനികനാണ് നാരായണഗുരു. രാജ്യത്തിന്റെ വളർച്ചയ്ക്ക് വിലങ്ങ് തടിയായ് നില്ക്കുന്ന ജാതിക്കെതിരെ പൊരുതിയ മഹനായ നേതാവ്''. അധഃസ്ഥി

തിയിൽ കഴിഞ്ഞ ജനതയ്ക്ക് ആത്മാഭിമാനവും ആത്മപ്രേരണയും നൽകി കേരള സാമൂഹ്യഘടനയെ മാറ്റിമറിച്ച വ്യക്തിയാണ് നാരായണഗുരുവെന്ന് എൻ.പി. മുഹമ്മദ്. എം.ജി.എസ്സ് പറയുന്നു: ''ശ്രീനാരായണഗുരുവിൻെറ നേട്ടം അനന്യം. ഇറ്റ് വാസ് എ ഫൈറ്റ് എഗൈൻസ്റ്റ് ഓഡ്സ് വിത്തൗട്ട് ഹേറ്ററഡ്. വിജയകരമായ ഒരു സദുദ്ദേശ്യസമരമായിരുന്നു ഗുരുവിൻേറത്'' ആദ്ധ്യാത്മികരംഗത്തും സാമൂഹ്യപരിഷ്കരണരംഗത്തും ഗുരു നൽകിയ സംഭാവനകളെ സുജനപാൽ ആദരിക്കുന്നു. ടി. അബ്ദുൽ അസീസ്, നാരായണഗുരു പിന്നോക്ക വിഭാഗത്തിന് നൽകിയ ആത്മാഭിമാനത്തെ വിലമതിക്കുന്നു.

# 'ചരിത്രത്തിനൊപ്പം നടന്ന് ചരിത്രമായ് മാറിയ വ്യക്തി'

## ഇ. എം. എസ്.



എം. എൻ. കാരശ്ശേരി
യു. കെ. കുമാരൻ
ബിനോയ് വിശ്വം
മദനൻ എൻ. പി. രാജേന്ദ്രൻ
സുഭാഷ്ചന്ദ്രൻ പി. കെ. ഗോപി

യു.കെ., ബിനോയ് വിശ്വം, മദനൻ, എൻ.പി. രാജേന്ദ്രൻ, സുഭാഷ് ചന്ദൻ, എം.എൻ. കാരശ്ശേരി എന്നിവർ ഈ നൂറ്റാണ്ടിൽ കേരളം കണ്ട ആചാര്യനായി കണക്കാക്കുന്നത് ഇ.എം.എസ്സിനെയാണ്. യു.കെ.പറയുന്നു: ''സ്വന്തം ജീവിതത്തിലൂടെ കമ്മ്യൂണിസ്റ്റാണെന്ന് കാണിച്ച ഇ.എം.എസ് കേരള രാഷ്ട്രീയത്തിന് ലോകഭൂപടത്തിൽ സ്ഥാനം പിടിച്ചെടുക്കുകയും ചെയ്തിരിക്കുന്നു.' നേരിൽ കണ്ടപ്പോൾ കൈകൂപ്പി തൊഴാൻ തോന്നിയ വ്യക്തിയാണ് ഇ.എം.എസ് എന്ന് മദനൻ. ചിന്തയും പ്രവർത്തിയും ഇത്രത്തോളം സമന്വയിപ്പിച്ച മറ്റൊരു മാതൃക കേരളീയ ജീവിതത്തിലില്ലെന്ന് മദനൻ കരുതുന്നു. കാരശ്ശേരി പറയുന്നു: ''ചരിത്രത്തിനൊപ്പം ജീവിക്കുകയും ചരിത്രം സൃഷ്ടിക്കുകയും ചെയ്ത് അമ്പരപ്പിച്ച വ്യക്തിത്വമാണ് ഇ.എം.എസ്സിൻേറത്. ഇന്നത്തെ കേരളീയ ജീവിതത്തിലെ ഒരു വിധം നന്മകൾക്കെല്ലാം ഇ.എം.എസ്സിനോട് ശരാശരി മലയാളി കടപ്പെട്ടിരിക്കുന്നു.'' ഈ നൂറ്റാണ്ടിലെ ഏക കേരളീയ പ്രതിഭയായി എം.പി. രാജേന്ദ്രൻ ഇ.എം.എസ്സിനെ തിരഞ്ഞെടുക്കുന്നു: ''സ്വാതന്ത്ര്യാനന്തരം കേരളത്തിൽ ഏറ്റവും കൂടുതൽ പേരെ അനുകൂലികളാക്കുകയും എതിരാളികളാക്കുകയും ചെയ്ത അപൂർവ്വ സാന്നിദ്ധ്യമായിരുന്നു ഇ.എം.എസ്.'' കേരളത്തിൻെറ സാമൂഹ്യ പ്രശ്നങ്ങളെ മനസ്സിലാക്കാനും വിശകലനം ചെയ്യാനും ഇ.എം. എസ്സിനോളം മറ്റാർക്കും സാധിച്ചിട്ടില്ലെന്ന് ബിനോയ് വിശ്വം വിശ്വസിക്കുന്നു. സുഭാഷ് ചന്ദ്രൻ: ''ബുദ്ധി, ധിഷണ എന്നിവയിൽ മറ്റൊരാളെ ആരാധിക്കാൻ എനിക്കൊരാളേയുള്ളൂ -ഇ.എം.എസ്സ്. സ്നേഹത്തിനപ്പുറം ധിഷണയുടെ തലത്തിൽ ഇ.എം.എസ്സിനോളം മഹാനായ മറ്റൊരാൾ കേരളം ഈ നൂറ്റാണ്ടിൽ കണ്ടിട്ടില്ല.''

# 'നാട്ടുവെളിച്ചത്തിൻെറ ഏകാന്ത ശോഭ'

## ബഷീർ



പി. കെ. ഗോപി
മങ്കട അബ്ദുൽ അസീസ്
മുഹമ്മദ് കുട്ടശ്ശേരി
അജിത

ഈ നൂറ്റാണ്ട് കണ്ട കേരളീയ പ്രതിഭകളിൽ വൈക്കം മുഹമ്മദ് ബഷീറിന് സ്ഥാനം നൽകിയവർ പി. കെ. ഗോപി, അബ്ദുൽ അസീസ്, കുട്ടശ്ശേരി, അജിത എന്നിവർ. പി.കെ. ഗോപി പറഞ്ഞു: ''ചുറ്റുമുള്ള സൂക്ഷ്മവും സ്ഥൂലവുമായ പലതിനേയും ഹൃദയത്തിൻെറ കണ്ണുകൊണ്ട് കണ്ട മനുഷ്യനാണ് ബഷീർ. ബഷീർ സാഹിത്യത്തിന് പാട്ടവിളക്കിൻെറ വെളിച്ചം. പക്ഷേ നാട്ടുവെളിച്ചത്തിൻെറ ഏകാന്തശോഭ'' അജിതയെ ബഷീർ സാഹിത്യത്തിൻെറ ലാളിത്യം ആകർഷിക്കുന്നു. അസീസും കുട്ടശ്ശേരിയും ബഷീർ മലയാളത്തിൻെറ വിശേഷപ്പെട്ട ഉൺമയായ് കണക്കാക്കുന്നു.

# ‘നിർഭയ മനസ്സ് ഉന്നത ശീർഷൻ’

## *മുഹമ്മദ് അബ്ദുറഹിമാൻ*

ആർസു
എം. എൻ. കാരശ്ശേരി
എ. സുജനപാൽ

കാരശ്ശേരിയും സുജനാപാലും ആർസുവും മുഹമ്മദ് അബ്ദുറഹിമാനെ കേരളത്തിന്റെ പ്രകാശ ഗോപുരമായി വിലയിരുത്തുന്നു. കാരശ്ശേരി: ''ഒരു മനുഷ്യൻ എങ്ങിനെയായിരിക്കാമെന്നതിന്റെ ഉദാത്തമായ ഉദാഹരണമാണ് അബ്ദുറഹിമാൻ. എനിക്ക് തൊടാൻ കഴിയുന്ന ഒരു കാലത്തിൽ അദ്ദേഹം ജീവിച്ചുപോയി. ധീരൻ, ഇതിഹാസ പുരുഷൻ: ആർസു: "രാഷ്ട്രീയത്തിൽ സത്യത്തിന്റെ മാർഗ്ഗം മറ്റെന്തിനുമപ്പുറം മുറുകെപ്പിടിച്ച വ്യക്തിയാണ് അബ്ദുറഹിമാൻ. നിർഭയമായ മനസ്സും ഉന്നതമായ ശിരസ്സും ഇത്രത്തോളം കേരളത്തിൽ മറ്റൊരാളും കാണിച്ചിട്ടില്ല'' അബ്ദുറഹിമാൻ സാഹിബിന്റെ രാഷ്ട്രീയമായ നിലപാടുകൾ ഐതിഹാസിക സമരങ്ങളായിരുന്നു. ആ ജീവിതം അതുകൊണ്ടുതന്നെ സുജനപാലിനെ ആകർഷിക്കുന്നു. യേശുദാസിനെ ഈ നൂറ്റാണ്ടിന്റെ സംഗീതമായി സുഭാഷ് ചന്ദ്രനും മദനനും കാണുന്നു. സംഗീതത്തെ ജനകീയമാക്കിയതിൽ യേശുദാസിനുള്ള പങ്ക് മദനൻ വിലമതിക്കുന്നു. ക്രൂരതകളിൽ നിന്നും പ്രതികൂല സാഹചര്യങ്ങളിൽ നിന്നുമുള്ള മോചനം നൽകാൻ ഉണ്ടായ ഒരു ജന്മമായി യേശുദാസിനെ സുഭാഷ് ചന്ദ്രൻ കാണുന്നു. എം.ജി.എസ്. വള്ളത്തോളിനെ തിരഞ്ഞെടുക്കുന്നത് ദേശീയതയുടെ അമൂർത്ത രൂപമായ് വിലമതിക്കുന്നതുകൊണ്ടാണ്: ''മലയാളക്കരയിൽ ദേശീയതയുടെ അഗാധത വേര് പിടിപ്പിക്കാനായ മഹാൻ. സംസ്കാരത്തെ കുറിച്ചുള്ള വള്ളത്തോൾ സങ്കല്പം യാഥാസ്ഥിതികമായ ഒന്നല്ല. പ്രാദേശികതയ്ക്ക് ദേശീയതയിൽ സ്ഥാനം കൊടുത്ത് അദ്ദേഹമത് വ്യക്തമാക്കി. വേദത്തിന് പ്രാദേശിക ഭാഷ്യം നൽകിയതും ഈ കാഴ്ചപ്പാട് കൊണ്ടുതന്നെ.'' യു.കെ. എ.കെ. ആൻറണിയെ ആദരിക്കുന്നു: ''ജനാധിപത്യത്തിന് നേരെയുയരുന്ന ഭീഷണികൾക്ക് ജനാധിപത്യത്തിന്റെ മാർഗ്ഗം തന്നെ ശക്തമായി പ്രയോഗിക്കുന്നു ആൻറണി.'' അജിത ജോൺ എബ്രഹാം ഉണ്ടാക്കിയ സ്വാധീനത്തെ വിലമതിക്കുന്നു: ''വ്യത്യസ്തമായ ഒരു ചലച്ചിത്രകാരനാണദ്ദേഹം.'' പി.കെ. ഗോപി അച്യുതമേനോനെ തിരഞ്ഞെടുക്കുന്നു: '' നിശ്ചയ ദാർഢ്യം, മറ്റുള്ളവരുടെ അംഗീകാരം പിടിച്ചുപറ്റാനുള്ള വിശാലമനസ്സ്, ആഴത്തിൽ പഠിച്ചറിയാനുള്ള കഴിവ്. കാര്യനിർവ്വഹണ ശേഷി-ഇവ ഒരുമിച്ചൊരു നേതാവിലും കാണാനാവില്ല, അച്യുതമേനോനില്ലാതെ.'' ചേക്കുട്ടി കേരളത്തിലെ ഉന്നതശീർഷനായ എഴുത്തുകാരനായി കാണുന്നത് വിജയനെയാണ്: ‘ ‘അഗാധതയുൾക്കൊണ്ട രചനകളാണ് വിജയന്റേത്. ഇന്ത്യൻ മനസ്സിന് വിജയൻ പുതുതായൊരു ഭാഷ്യം നൽകിയിരിക്കുന്നു.''

# ‘നൂറ്റാണ്ടിന്റെ സംഗീതം’

## *യേശുദാസ്*

മദനൻ
സുഭാഷ്ചന്ദ്രൻ

ഈ കണ്ടെത്തൽ ഒരവസാനവാക്കല്ല. കാലത്തിന്റെ കണ്ണാടിയിൽ മായാതെ കിടക്കുന്ന ചില ചിഹ്നങ്ങൾ ഒരു നിമിഷം കാഴ്ചയായ് മാറുന്നു. അസ്തമയാകാശത്ത് ബാക്കിയാവുന്ന സൂര്യതേജസ്സ്. വരും നൂറ്റാണ്ടിലേക്ക് കാലുറപ്പിക്കാവുന്ന ചിലർ. കോടാനുകോടി മനുഷ്യരിൽ വിചാരം കൊണ്ടും കർമ്മം കൊണ്ടും നൂറ്റാണ്ടിന്റെ ഉണ്മയായ് തീർന്നവർ.

ഈ മഹത് വ്യക്തിത്വങ്ങളാരും നിമിഷത്തിന്റെ നിർമ്മിതിയല്ല. തീവ്രസ്വപ്നങ്ങളുടെ സഫലീകരണമാവുന്ന ജീവിതം നിദാന്തപരിശ്രമങ്ങളുടെ ധന്യതയാണ്. കഴിഞ്ഞ കാലത്തിന്റെ ഊർജ്ജവും പ്രകാശവും നേടിയെടുത്ത ഒരു ജൈവവികാസം കൂടിയാണ് മഹത് ജീവിതങ്ങൾ. കാലത്തിന്റെ കൈത്തിരി. ഒരായുസ്സിന്റെ ശ്രമങ്ങളെ നിമിഷങ്ങളുടെ കണ്ണടച്ചു തുറക്കലിനിടയിൽ തിരഞ്ഞെടുക്കുകയെന്നത് നന്മകളിലേക്കുള്ള സഞ്ചാരം തന്നെ.

കാലത്തിന്റെ അടരുകളോർക്കാനായ് ചികഞ്ഞ് ഇഷ്ടാനിഷ്ടങ്ങൾക്കനുസരിച്ച് നൂറ്റാണ്ടിന്റെ ഉൺമ നിങ്ങളും കണ്ടെത്തിയാട്ടേ, ഏറ്റുവാങ്ങിയാട്ടേ അതൊരു സ്വയം കണ്ടെത്തലാ

dept. of economics
M. USMAN


# POVERTY AND HUMAN DEVELOPMENT IN THE INTERNATIONAL PERSPECTIVE.

Poverty anywhere is a threat to prosperity everywhere, thus goes the old saying. The traditional approach to the problem reduces poverty to an Arithmomorphic concept by explaining it in terms of growth rate, percapita income, calorie intake in food etc. However, advances has been made in reducing poverty in recent years. It has fallen in last fifty years than in the previous five hundred years. Poverty reduction started in the 19th century in North America and Europe with Industrial Revolution. By the fifties they completed the process. The less developed countries like India started the programmes of poverty eradication in the same period. But the advances made by these countries is far from satisfactory. Progress in not only uneven but also marked by setbacks.

## I. THE HUMAN DEVELOPMENT APPROACH TO POVERTY

The Human Development Report 1997, by united Nations Development Programme (U.N.D.P) adopt the Human Development Approach to poverty. Viewed in this perspective poverty is the denial of choices and opportunities for a tolerable life. It is more than a lack of what is required for material wellbeing. It is the denial of opportunities and choices most basic to human development-to lead a long, healthy, creative life and to enjoy a decent standard of living, freedom, dignity, self esteem and the respect for others. This is more relevant to policy makers than income as it touches the basic roots of poverty.



There are four dimensions of human depreviation. They are the following:

1. Short life,
2. Illiteracy;
3. Lack of Material Means; and
4. Social and Political Exclusion.

The overlapping of the above phenomena determine the state of object human poverty and depreviation. It has some limitation in data and concept. However, it adds to the methods of measuring poverty.

## Section II: HUMAN POVERTY INDEX: INTERNATIONAL COMPARISON.

More than a quarter of the population in the developing world still live in poverty. In these countries 1/3 of population, that is 1.3 billion people live below the income poverty of per day. South Asia is the highest poverty effected area in the world. 515 million people live in poverty in these countries. Sub Saharan Africa has fastest growth in poverty, where 220 million people live in poverty. It is estimated that by 2000 A.D 50% of the population in this area will be in poverty. In Latin America and Carribean Income Poverty is more than Human Poverty. 110 million people are living in poverty here. Eastern Europe and countries of Commonwealth

of Independant Nations has the greatest of human deterioration in the present decade. In these countries Income Poverty spread from a small part to 1/3 of the population. At present 120 million people live below the income poverty line of 4 per day. Within these some are more adversely affected than others. 160 million are hit by malnutrition and illness at the time of body and mind formation. 110 million are out of School. Women and aged are disproportionately poor.

Table I. in the appendix shows the international comparison of Human Poverty Index among 78 countries. The following are some interesting results of this comparison:

Among the 78 developing countries ranked by H.P.I Trinidad and Tobago comes out on the top, followed by Cuba, Chile, Singapore and Costa Rica. Poverty affects less than 10% of population here.

H.P.I exceeds 50% in seven countries, namely, Niger, Sierra, Burkino Faso, Ethiopia, Mali, Combodia and Mosambique.

Comparing H.P.I with income measures of poverty reveal that both income poverty and human poverty are high in developing countries. Sub Saharan Africa and South Asia has the highest of both. It is 40% here.



The Arab states were able to reduce Income Poverty to 4%, but Human Poverty in these countries is 32%.

In Latin America Human Poverty is 15%, while Income Poverty is 24%.

The transition form Socialism to Market Economy has proved to be costly and difficult than imagined. There has been steady economic decline in these economies in terms of G.D.P growth rate, falling wages, growing crime and the loss of social protection. Life expectancy has fallen in some of these countries by nearly five years.

The Case of India

In India between 1951 and 1995 food production increased four fold. But even now 63% of the children are under nourished. Half of the population is still illiterate. Table II in the appendix shows the poverty in India in post Reform period. After 1991, poverty first rose and then fell. In 1989-90 incidence of income poverty in rural areas was 34%, in 1992 it was 43%, in 1993 it was 39%. In urban areas it was 33%, 34% and 30% respectively. There exist wide variations among the states. Andra Pradesh, Hariyana, Punjab and Kerala reduced income poverty by 50%. Other states were less sucessfull in this regard. At present 50% of India's poor population live in three states namely, Bihar, Madhya Pradesh and Uttar Pradesh. In the post reform period there has been wide variations in the [percapita net availability of foodgrains. Table III in the appendix shows the All India Trend in this respect. Kerala has attained tremendous progress in the reduction of income poverty despite it's slow economic growth rate. It was through political activism and rapid and equitable expansion of opportunities. It has human poverty of only 15%.

The Nineth plan aims at the reduction of income poverty to 5% over the 10 years. But this likely to be unattained during the era of minimalisation of state functions. The failure of the Government in meeting the constitutional obligation of free and compulsory primary education, prevention of child labour, provision of social and economic security poor and marginalised gorups, providing employment oportunities, abolision of slums and safeguard against market failures are to be viewed with concern. Public action should turn attention to these issues.

Section III: Emerging Policy Imperatives.

The following are the important policy issues emerging from the above discussion.

Measures are needed for empowering men and women to ensure their participation in decision making that affect their lives.

Gender equality is to be promoted.

The growth process has to be made more pro poor so as to ensure inter group and intra group equality.

The human face of globalisation has to be strengthened for attaining more global equity.

The role of the state is to be continued for implementing pro poor economic policies.

Special international support measures are to be adopted for the benefit of poor nations.

Conclusions

Human poverty has to be eradicated at least by the end of the first decade of the 21st century. Priority must be given for the eradication of absolute poverty all through out the world. It is the moral imperative of the mankind. Poverty must be relegated to history along with slavery, colonialism, exploitation and nuclear warfare.

Select References

1. Human Development Report, 1997 by the United Nations Development Programme (Oxford University Press).
2. India Development Report, 1997, Ed. by S. Parikh, Indhira Gandhi Institute of Development and Research, New Delhi.
3. Economic Survey, Various Issues. Govt. of India, New Delhi. ■

# ശാസ്ത്ര സാങ്കേതിക ഗവേഷണം കേരളീയ പരിപ്രേക്ഷ്യം



ശാസ്ത്രസാങ്കേതിക രംഗം അവിശ്വസനീയമായ വേഗത്തിലാണ് മുന്നോട്ട് കുതിച്ച് കൊണ്ടിരിക്കുന്നത്. രൂപം കൊടുത്ത സ്വതന്ത്ര ശാസ്ത്ര-സാങ്കേതിക ഗവേഷണ സ്ഥാപനങ്ങളും, ചില വ്യവസായ സ്ഥാപനങ്ങളുമായി ഏതാണ്ട് ഇരുനൂറോളം ശാസ്ത്ര-സാങ്കേതിക ഗവേഷണ സ്ഥാപനങ്ങൾ കേരളത്തിലുണ്ട്.

**അഭിമാനകരമായ പാരമ്പര്യം:**

ഗണിതം, ജ്യോതിശാസ്ത്രം, തച്ചുശാസ്ത്രം, ആയുർവേദം, കൃഷിശാസ്ത്രം എന്നീ മേഖലകളിലും അഭിമാനിക്കാവുന്ന ഗവേഷണ പാരമ്പര്യം കേരളത്തിനുണ്ട്. തദ്ദേശീയ വസ്തുക്കൾ കൗശലപൂർവം ഉപയോഗിച്ച് കൊണ്ടുള്ള മനോഹരമായ വാസ്തുശില്പ മാതൃക, ആയുർവേദ ചികിത്സാപദ്ധതിയിൽ തനിമയാർന്ന ഒരു കേരളീയശൈലി, ഹസ്തായുർവേദം, വൃക്ഷായുർവേദം തുടങ്ങിയ സൂപ്പർ സ്പെഷ്യാലിറ്റികൾ കേരളത്തിന്റെ വൈവിധ്യമാർന്ന കാലദേശാവസ്ഥകൾക്കനുയോജ്യമായ ആയിരക്കണക്കിന് സസ്യ ഇനങ്ങൾ നിരീക്ഷിച്ചു പരീക്ഷിച്ചു തെരഞ്ഞെടുത്ത് പരിപോഷിപ്പിക്കൽ........ ഇവയൊക്കെ ആ മഹത്തായ പാരമ്പര്യത്തിന്റെ ഉദാഹരണങ്ങളത്രെ!

ബ്രിട്ടീഷ് വിദ്യാഭ്യാസത്തിന്റെ യുഗം ആരംഭിച്ചപ്പോൾ അതുവരെയുണ്ടായിരുന്ന ധൈഷണിക പാരമ്പര്യത്തെ നാം പുച്ഛിച്ചു തള്ളി. AD1800ൽ യൂറോപ്പിൽ നിലനിന്നിരുന്നതിനേക്കാൾ ജനകീയവും വികസിതവും ചിലവ് കുറഞ്ഞതുമായിരുന്നു അന്നത്തെ ഭാരതീയ വിദ്യാഭ്യാസമെന്ന് ചരിത്രകാരന്മാർ രേഖപ്പെടുത്തിയിട്ടുണ്ട്. ഇത്ര സമ്പന്നമായ ഒരു പാരമ്പര്യത്തെ ആധുനിക വിജ്ഞാനവുമായി സമന്വയിപ്പിച്ച് വളർത്തിയെടുക്കുന്നതിന് പകരം നിർഭാഗ്യവശാൽ ഇതിനെ പാടെ നിഷേധിച്ചും 'ഇംഗ്ലീഷിലുള്ള അറിവ് മാത്രമെ ശാസ്ത്രമാകൂ' എന്ന അബദ്ധ ധാരണയുടെ പിന്നാലെ പോയത് ബുദ്ധിമോശമായിപ്പോയി.

**ആധുനികഘട്ടം:**

പഴമയെ തള്ളിക്കളഞ്ഞ് A B C D യിൽ നിന്ന് വീണ്ടും തുടങ്ങുന്ന ശാസ്ത്രപഠനം ഗവേഷണ ഘട്ടത്തിലെത്തുന്നത് 1937ൽ തിരുവിതാംകൂർ സർവ്വകലാശാലയുടെ സ്ഥാപനത്തോടെയാണ് എന്ന് ആലങ്കാരികമായി പറയാം. കേരളത്തിലെ ധാതുസമ്പത്തിനെ കുറിച്ചും കാർഷികവിളകളെ കുറിച്ചും എന്നത് പോലെതന്നെ കെമിസ്ട്രി, ബയോളജി തുടങ്ങിയ മേഖലകളിലും ഗവേഷണം വീണ്ടും പച്ച പിടിക്കുന്നത് നാം കാണുന്നു. ഇന്നാകട്ടെ ഈ പുതിയ നാമ്പ് വളർന്ന് പന്തലിച്ച് ശാസ്ത്രത്തിന്റെ സമസ്ത മേഖലകളെയും ആശ്ലേഷിച്ച് നൂറോളം അക്കാദമിക് ഡിപ്പാർട്ടുമെന്റുകളിലും അമ്പതിലേറെ സ്വയം ഭരണസ്ഥാപനങ്ങളിലും അതിലുമേറെ വ്യാവസായിക ലാബോറട്ടറികളിലുമായി അഭിവൃദ്ധി പ്രാപിച്ചിരിക്കുന്നു.

എഞ്ചിനീയറിംഗ് മേഖലയിൽ കേരളത്തിൽ നടക്കുന്ന ഗവേഷണ ശ്രമങ്ങൾ ക്രോഡീകരിക്കുന്നത് ശ്രമകരമാണ്. അക്കാദമിക് ഗവേഷണം

കൊച്ചി സർവ്വകലാശാലയുടെ ചില ഡിപ്പാർട്ടുമെൻറുകളിലും ബിരുദാനന്തര പഠനം നടക്കുന്ന മൂന്നോ നാലോ എഞ്ചിനീയറിംഗ് കോളേജിലുമായി ഒതുങ്ങുന്നു. വ്യവസായങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കാനായി അവർ ആവശ്യപ്പെട്ട് അവരുടെ ചിലവിൽ നടത്തുന്ന ഗവേഷണം താരതമ്യേന അപൂർവ്വം. എന്നാൽ റീജണൽ റിസേർച്ച് ലാബോറട്ടറി(RRL), സെൻട്രൽ കയർ റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ട്(CCRL), ഇലക്ട്രോണിക് റിസേർച്ച് & ഡവലപ്മെൻറ് സെൻറർ(ER & DC), സെൻറർ ഫോർ ഡവലപ്പ്മെൻറ് ഓഫ് ഇമേജിങ്ങ് ടെക്നോളജി(C-DIT), ഭാരതീയ റബർ ഗവേഷണ കേന്ദ്രം(RRII) എന്നീ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട എഞ്ചിനീയറിംഗ് ഉൽപന്ന വികസന പ്രശ്ന നിർധാരണ ഗവേഷണങ്ങൾ നടക്കുന്നുണ്ട്. കോട്ടയത്തും കൊച്ചിയിലും ഉള്ള സർവ്വകലാശാല വകുപ്പുകളിൽ പോളിമർ ടെക്നോളജിയിൽ നടക്കുന്ന ഗവേഷണവും വ്യവസായ സാധ്യതയുള്ള ഉൽപന്നങ്ങളുമായി ബന്ധപ്പെട്ടവയത്രെ! ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് & ടെക്നോളജിയിലും ആധുനിക വൈദ്യശാസ്ത്ര സാങ്കേതിക വിദ്യക്കാവശ്യമുള്ള ഉപകരണങ്ങളും വസ്തുക്കളും വികസിപ്പിച്ചെടുക്കാനുള്ള ഗവേഷണം നടക്കുന്നു. ചില ഗവേഷണ ഫലങ്ങൾ വ്യവസായരംഗത്ത് വിജയകരമായി അരങ്ങേറിയിട്ടുണ്ട്. ഭൗമശാസ്ത്ര പഠനകേന്ദ്രം (CESS), RRL, ജലവിഭവ വിനിയോഗ ഗവേഷണ കേന്ദ്രം(CWRDM), RRII, CCRI, കേരള വന ഗവേഷണ കേന്ദ്രം (KFRI) മുതലായ സ്ഥാപനങ്ങളിൽ നടക്കുന്ന ഗവേഷണം നമ്മുടെ ഭൗതീക വിഭവങ്ങൾ ഫലപ്രദമായി വിനിയോഗിക്കുന്ന സാങ്കേതിക വിദ്യകൾ വികസിപ്പിച്ച് എടുക്കുന്നതിനും ആ രംഗത്തുള്ള പ്രശ്നങ്ങൾ പരിരിക്കുന്നതിനും ഉദ്ദേശിച്ചുള്ളതാണ്.



അമ്പത് വർഷം മുമ്പ് പവർഗ്യാസ് കോർപ്പറേഷൻെറ ടെക്നോളജി കടം കൊണ്ട് ആരംഭിച്ച ഫാക്ട്രാസവള നിർമ്മാണ രംഗത്ത് ഏറെ മുന്നോട്ട് പോയിട്ടുണ്ട്. ഫാക്ടിൻെറ സൃഷ്ടിയായ 'FEDO' വിദേശ സഹകരണത്തോടെ കൈവന്ന സാങ്കേതിക വിദ്യ സ്വാംശീകരിച്ച് സ്വകീയമാക്കി തനതായി വികസിപ്പിച്ചെടുക്കാനുള്ള കരുത്ത് നേടിയിട്ടുണ്ട്. H.M.T യുടെ ഗവേഷണ വിഭാഗവും ഇത്പോലുള്ള സാങ്കേതിക വിദ്യാ സ്വാംശീകരണത്തിലൂടെ നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്. അമ്പത് വർഷം മുമ്പ് ബ്രിട്ടീഷുകാരിൽ നിന്ന് കിട്ടിയ ടെക്നോളജി തന്നെയാണ് ട്രാവൻകൂർ ടൈറ്റാനിയം ഇന്നും ഉപയോഗിക്കുന്നത്. ടൈറ്റാനിയം ഡയോക്സൈഡ് ഉൽപാദനത്തിൽ പുറംതള്ളപ്പെടുന്ന സൾഫ്യൂറിക് ആസിഡ് ഏതാണ്ട് പൂർണമായിതന്നെ വീണ്ടെടുക്കാനുള്ള സങ്കേതം ലോകമെങ്ങും നിർബന്ധമാണെങ്കിലും നാം ഇനിയും അതിന് മെനക്കെട്ടിട്ടില്ല. വളപട്ടണത്തെ(കണ്ണൂർ) വെസ്റ്റേൺ ഇന്ത്യാ പ്ലൈവുഡ് ഇൻഡസ്ട്രീസ് ആണ് തനതായ ഉൽപന്ന വികസനത്തിൽ ശ്രദ്ധേയമായ നേട്ടം കൈവരിച്ച ഒരു സ്വകാര്യ സ്ഥാപനം. ഹിന്ദുസ്ഥാൻ ലാറ്റക്സ്, അപ്പോളോ ടയേഴ്സ്, ഇന്ത്യൻ അലുമിനിയം കമ്പനി എന്നീ സ്ഥാപനങ്ങൾക്ക് ഊർജ്ജ സംരക്ഷണത്തിലൂടെ ഗണ്യമായ ലാഭം ഉണ്ടാക്കാൻ കഴിഞ്ഞതും ഗവേഷണ ശ്രമങ്ങളുടെ വിജയമാണ്.

റബറിൻെറ കാര്യത്തിൽ ഏതാണ്ട് കുത്തകയാണ് കേരളത്തിനെങ്കിലും റബർ സംസ്കരണത്തിൻെറ ഭൂരിഭാഗവും വെളിയിലാണ്. RRII, CUSAT, MG University എന്നിവിടങ്ങളിൽ മൂല്യം കൂടിയ റബർ ഉൽപ്പന്നങ്ങൾ വികസിപ്പിച്ചെടുക്കാനുള്ള ഗവേഷണങ്ങൾ നടക്കുന്നുണ്ട്. ഏതായാലും റബർകൃഷിയിൽ ഏറ്റവും കൂടുതൽ ഉൽപാദനക്ഷമത കേരളത്തിലാണന്നത് അഭിമാനർഹമാണ്. പക്ഷേ അടുത്തകാലത്തുണ്ടായ വിലയിടിവ് മൂലം റബർ കൃഷിമേഖലയിൽ ആശങ്ക ജനിച്ചിട്ടുണ്ട്. റബർ സബ്സിഡി നിരക്കിൽ ശേഖരിച്ചത് കൊണ്ട് പ്രശ്നം അവസാനിക്കുമെന്ന് തോന്നുന്നില്ല. ഈ സാഹചര്യത്തിൽ കൂടുതൽ റബറധിഷ്ടിത വ്യവസായങ്ങൾ ഇവിടെ തുടങ്ങുകയും റബർ കർഷകർക്ക് ന്യായമായ വില ഉറപ്പ് വരുത്തുകയും ചെയ്തില്ലെങ്കിൽ റബർ കൃഷി മേഖലയിൽ മുരടിപ്പ് സംഭവിച്ചേക്കാം! ഭാരതീയ കയർ ഗവേഷണ കേന്ദ്രം (CCRI) തൊണ്ട് തല്ലുന്നതിനും കയർ പിരിക്കുന്നതിനും കയറ്റുപായ നെയ്യുന്നതിനുമുള്ള ചിലയന്ത്രങ്ങൾ വികസിപ്പിച്ചെടുത്തിട്ടുണ്ട്. തൊഴിൽ രംഗത്തെ മാറിയ പരിതസ്ഥിതിയിൽ യന്ത്രവൽക്കരണത്തോടുള്ള എതിർപ്പ് കുറഞ്ഞ് വരുന്ന സാഹചര്യത്തിൽ ഇനി ചില സുപ്രധാന പരിവർത്തനങ്ങൾ പ്രതീക്ഷിക്കാം.

കേരവൃക്ഷവുമായി അഭേദ്യബന്ധമുള്ള കേരളത്തിൽ കല്പവൃക്ഷത്തിൻെറ സമഗ്രമായ മുതൽകൂട്ടലിനുതകുന്ന ഗവേഷണം വിജയകരമായിട്ടില്ല. മലേഷ്യ, ഫിലിപ്പീൻസ് തുടങ്ങിയ സ്ഥലങ്ങളിലെ നാളികേര പലഹാരങ്ങളെപ്പറ്റി പറഞ്ഞു കേൾക്കുന്നതല്ലാതെ ഇതുവരെ ഒന്നും കേരളത്തിൽ ഫലപ്രദമായി പരീക്ഷിച്ചിട്ടില്ല. കുപ്പിക്ക് 15രൂപ വെച്ച് പച്ചവെള്ളവും അതിലും കൂടിയ വിലക്ക് ബഹുരാഷ്ട്ര കുത്തകകളുടെ നിറം ചേർത്ത മധുരപാനീയങ്ങളും വിറ്റ് പോരുന്ന കേരളത്തിൽ ഹിമാചൽ പ്രദേശിൽ നിന്നുള്ള ആപ്പിൾ ജ്യൂസ് എല്ലാ റയിൽവേ സ്റ്റേഷനിലും, ബസ്സ്റ്റാൻഡിലും സുലഭമായി വാങ്ങാവുന്ന കേരളത്തിൽ ഇളനീർവെള്ളം നേരാവണ്ണം പായ്ക്ക് ചെയ്ത് വിൽക്കാൻ പോലും നമ്മുക്ക് കഴിയുന്നില്ല. ഇതിനുള്ള സാങ്കേതിക വിദ്യ RRL(Regional Research Lab) എന്നേ വികസിപ്പിച്ചു കൈമാറി എന്നാണ് അവകാശപ്പെടുന്നത്. പിന്നെ എവിടെയാണ് പ്രശ്നം എന്ന് അന്വേഷിക്കാൻ ആളില്ല എന്നതാണ് നമ്മുടെ വ്യാവസായിക ഗവേഷണരംഗത്തെ യഥാർത്ഥ പോരായ്മ.

ഇതേകുറവ് നമ്മുടെ സുഗന്ധദ്രവ്യ സംസ്കരണ രംഗത്തും കാണാം. എസെൻഷ്യൽ ഓയിൽ (Essential Oil) വേർതിരിച്ചെടുക്കാനും അതിൽ നിന്ന് ഉന്നതമൂല്യമുള്ള ഉൽപന്നങ്ങൾ ഉണ്ടാക്കികയറ്റി അയക്കാനും നമുക്ക് കഴിയാത്തതും അതിൻെറ ശാസ്ത്രം അറിയാഞ്ഞിട്ടല്ല; മറിച്ച് ലഭ്യമായ സാങ്കേതി

ക വിദ്യപോലും പ്രയോജനപ്പെടുത്തി വിപണി പിടിച്ചെടുക്കാൻ വെമ്പുന്ന പടക്കുതിരകൾ സംരഭക രംഗത്ത് ഇല്ലാത്തത് കൊണ്ടാണ്. നമ്മുടെ സുഗന്ധദ്രവ്യങ്ങൾ മിക്കവാറും അസംസ്കൃതമായിട്ട് തന്നെയാണ് കടൽ കടക്കുന്നത്.

കേരളവ്യവസായവൽക്കരണ രംഗത്തെ പുതിയ വാഗ്ദാനങ്ങളായ ഇലക്ട്രോണിക്സിലും കമ്പ്യൂട്ടറിലും നാം വളരെയധികം മുമ്പോട്ട് പോകേണ്ടിയിരിക്കുന്നു. കെൽട്രോണിൻെറ ആവേശകരമായ ആദ്യകാല വളർച്ച നിലനിർത്താനായില്ലെങ്കിലും അനേകം ചെറുകിട സംരഭകർ ഈ രണ്ട് രംഗത്തും മുന്നോട്ട് വന്നിട്ടുണ്ട്. സോഫ്ട് വേർ സൃഷ്ടിയിലും ഉൽപന്ന വികസനത്തിലും അനൽപമായ സർഗ്ഗശേഷിയും സാങ്കേതിക വിദ്യയും ഗവേഷണ പടുതയും ഈ രംഗത്തെ നവാഗതർ പ്രകടിപ്പിക്കുന്നുണ്ട്. ഈ രംഗത്തെ വ്യാവസായിക വികസനത്തിലൂടെ നമ്മുടെ മനുഷ്യവിഭവ ശേഷി വേണ്ടവിധം പ്രയോജനപ്പെടുത്തുകയും അതു വഴി വർധിച്ചു വരുന്ന തൊഴിലില്ലായ്മ പ്രശ്നത്തിനും പരിഹാരം കാണാം (ഒരു പരിധിവരെ).

**കാർഷിക ഗവേഷണം:**

“മണ്ണിൻെറ മണമുള്ള ഗവേഷണം” അക്ഷരാർത്ഥത്തിൽ നടക്കേണ്ടതും നടക്കുന്നതും കാർഷിക സർവ്വകലാശാലയിലും കാർഷിക ഗവേഷണ സ്ഥാപനങ്ങളിലും ആണ് എന്നത് സ്വാഭാവികം മാത്രം. നൂറ്റാണ്ടുകളായി കർഷകർ ഉരുത്തിരിച്ചെടുത്ത മണ്ണിനിണങ്ങിയ വിത്തിനങ്ങളെ കണ്ടെത്തി ഉൽപാദനക്ഷമത കൂടിയവയെ തെരെഞ്ഞെടുത്ത് പ്രചരിപ്പിക്കുന്നു. അതോടൊപ്പം തന്നെ സങ്കരയിനങ്ങൾക്ക് രൂപം കൊടുക്കുകയും വ്യാപകമായി നടക്കുന്നുണ്ട്. പഴയതും പുതിയതുമായ രോഗങ്ങൾക്ക് പ്രതിവിധി കണ്ടെത്തുക, ഏറ്റവും മെച്ചപ്പെട്ട കൃഷിരീതികൾ ചിട്ടപ്പെടുത്തി പ്രചരിപ്പിക്കുക എന്നിവയും ഗവേഷണ ലക്ഷ്യങ്ങളാണ്. റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ വളരെ യുക്തവും ശ്ലാഖ്യവുമായ പ്രവർത്തനങ്ങളാണ് നടക്കുന്നത്.

ഒരു പക്ഷേ ഏറ്റവും കൂടുതൽ ശാസ്ത്രജ്ഞരും ഗവേഷകരും പണിയെടുക്കുന്ന മേഖലയാണ് കൃഷിയും അനുബന്ധ വിഷയങ്ങളും. എന്നിട്ടും



റബർ ഒഴികെയുള്ള മറ്റെല്ലാ കാർഷികരംഗങ്ങളിലും മുരടിപ്പാണ് അനുഭവം എന്ന വൈരുദ്ധ്യം അവഗണിക്കാനാവില്ല. ഉൽപാദന ക്ഷമത കാര്യമായി വർധിക്കുന്നില്ല. നെല്ല്, നാളികേരം എന്നീ മേഖലകളിൽ അന്താരാഷ്ട നിലവാരമില്ല. അന്യ സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തിയാലും നമ്മുടെ നില മോശമാണ്. മത്സ്യകൃഷിയുടെ കാര്യത്തിലും ഇത് ബാധകമാണ്. കേരളതീരക്കടലിലെ മത്സ്യങ്ങളെപറ്റിയും മത്സ്യബന്ധന രീതികളെപറ്റിയും നാമേറെ പഠിച്ചിട്ടുണ്ട്. സാങ്കേതിക വിദ്യയും മെച്ചപ്പെട്ടിട്ടുണ്ട്. പക്ഷേ, കടലിൽ നിന്നുള്ള മത്സ്യവിളവ് ഓരോ വർഷവും കുറഞ്ഞു വരുന്നു എന്നതാണ് അനുഭവം. അശാസ്ത്രീയമായ ചൂഷണ രീതികളാകാം ഇതിന് കാരണം.

**അടിസ്ഥാന ശാസ്ത്ര ഗവേഷണം**

പ്രയുക്ത ശാസ്ത്ര ഗവേഷണത്തിൻെറയും ടെക്നോളജീയ ഗവേഷണത്തിൻെറയും ആധാരം അടിസ്ഥാനശാസ്ത്ര വിജ്ഞാനവും ഗവേഷണവും തന്നെയാണ്. സർവ്വകലാശാലകളിലാണ് ഇവ പ്രധാനമായും നടക്കേണ്ടത്. എല്ലാ യൂണിവേഴ്സിറ്റികളിലും എല്ലാ ശാഖകളും ഒരുപോലെ പരിപോഷിപ്പിക്കാനാവില്ല. അതുകൊണ്ട് ഓരോ സർവ്വകലാശാലയും അവിടവിടെ ലഭ്യമായ മനുഷ്യശേഷിയും വിഭവങ്ങളും കണക്കിലെടുത്ത് ചില മേഖലകളിൽ കേന്ദ്രീകരിക്കുകയാവും അഭികാമ്യം. അവിടെ അന്താരാഷ്ട അംഗീകാരമല്ലാതെ മറ്റൊരു അളവു കോലും സ്വീകരിക്കുവാൻ പാടില്ല. അങ്ങനെ നോക്കുമ്പോൾ കേരള സർവ്വകലാശാലയുടെ ഗണിതഭൗതീക വിഭാഗങ്ങൾ, എം.ജി. യിലെ കെമിസ്ട്രി, കൊച്ചിയിലെ ഫിസിക്സ്, കാലിക്കറ്റിലെ ബോട്ടണി-സുവോളജി വിഭാഗങ്ങൾ എന്നിവ നേട്ടങ്ങളിലൂടെ ശ്രദ്ധ ആകർഷിച്ചിട്ടുണ്ട് എന്ന് കാണാം.

**പ്രശ്നങ്ങളും പ്രതിബന്ധങ്ങളും:**

ഗവേഷണരംഗത്ത് തങ്ങൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെപറ്റി ഗവേഷണ വിദ്യാർത്ഥികളുടെയും ശാസ്ത്രജ്ഞൻമാരുടെയും വിലയിരുത്തലുകൾ ഉൽണ്ഠ ഉളവാക്കുന്നതാണ്. വ്യവസായശാലാ ഗവേഷണ വിഭാഗങ്ങളുടെ പരാതി സർക്കാരിൽ നിന്നും വേണ്ടത്ര പ്രോത്സാഹനം ഗവേഷണത്തിന്ന് കിട്ടുന്നില്ല എന്നതാണ്. കഷ്ടപ്പെട്ട് സ്വന്തമായി വികസിപ്പിച്ചെടുത്ത നാടൻ ഉൽപന്നത്തേക്കാൾ ഇറക്കുമതി ചെയ്യപ്പെട്ട നാടൻ ഉൽപന്നത്തിൻെറ ബ്രാൻഡ് നെയിമും ഗ്ലാമറും ജനങ്ങൾ വിലമതിക്കുന്നു എന്നതും പരാതിയാണ്.

സർവ്വകലാശാ2ലാ ഗവേഷണരംഗത്താണ് പരാതികളും പരിഭവങ്ങളും കൂടുതൽ.സർവ്വകലാശാലകളുടെ മുഖ്യ കർത്തവ്യമാകേണ്ട ഗവേഷണപോഷണം താരതമ്യേന മുൻഗണന കുറഞ്ഞ ഒരുപരിപാടിയായിട്ടാണ് മിക്കവാറും അനുഭവം.

വകുപ്പുകൾക്ക് കൂടുതൽ സ്വയംഭരണം നൽകുക, ഗവേഷണ ഫണ്ടുകൾ ഉപയോഗിക്കുന്നതിൽ പൂർണസ്വാതന്ത്ര്യം നൽകുക ഗവേഷകരുടെ പുരോഗതി വിലയിരുത്തുന്നതിന് നടപടി ക്രമങ്ങളിൽ അയവുള്ളതും എന്നാൽ ഗുണമേന്മയുടെ കാര്യത്തിൽ കർശനവുമായ രീതികൾ നടപ്പാക്കുക, മികവിന് മാത്രം അംഗീകാരം നൽകികൊണ്ടുള്ള മാനവശേഷി വികസനനയം പിന്തുടരുക, സർവ്വകലാശാല അധികൃതർക്ക് ഗവേഷണത്തിൻെറ കാര്യത്തിലുള്ള അനാസ്ഥയും ബ്യൂറോക്രസിയുടെ ദ്രോഹങ്ങളും അവസാനിപ്പിക്കുക.........തുടങ്ങിയവ മാത്രമെ ഇതിന് പരിഹാരമുള്ളൂ.

ഒന്നുകിൽ ശാസ്ത്രസാങ്കേതികരംഗത്തെ സംഭാവനകൾ നമ്മുടെ ജീവിത തുറകളിൽ പ്രത്യക്ഷമായി തന്നെ ഗുണപരമായ മെച്ചപ്പെടുത്തലുകൾ ഉണ്ടാക്കണം. അല്ലെങ്കിൽ ദേശീയരംഗത്തും അന്തർദേശീയ രംഗത്തും അവർ പിടിച്ചു പറ്റുന്ന അംഗീകാരവും ആദരവും നമുക്ക് അഭിമാനിക്കാവുന്ന വക നൽകണം. ഇത് രണ്ടും ഇല്ലാതെ പരീക്ഷയിൽ മിടുക്ക് കാട്ടുന്ന കുറേ പേർക്ക് ആശ്രയം നൽകുന്ന ഒരു തൊഴിൽ മേഖലയായി മാത്രം ഗവേഷണരംഗം ചുരുങ്ങികൂടാ. ■

ബി. എസ്. സി. ഒന്നാം വർഷം, ബോട്ടണി
രാജേഷ് പി. പി.

ലേഖനം

ശാസ്ത്രം

# ശാസ്ത്രജ്ഞൻെറ സാമൂഹ്യ പ്രതിബദ്ധത ഭാരതീയ പശ്ചാത്തലത്തിൽ



ഒരു ശാസ്ത്രജ്ഞൻെറ കടമയും ധർമ്മവും ഓരോരുത്തർക്കും വിഭിന്ന രീതിയിൽ നിർവചിക്കാം. ഭാരതീയ പശ്ചാ ത്തലത്തിൽ പടുത്തുയർത്തപ്പെടേണ്ട ശാസ്ത്രസമൂഹം എങ്ങനെയുള്ളതായിരിക്കണമെന്നു വിശകലനം ചെയ്യുവാനുള്ള ശ്രമം നടത്തേണ്ടതുണ്ട്. ഓരോ ഭാരതീയ ശാസ്ത്രജ്ഞനും തൻെറ ഗവേഷണചര്യയിൽ മുന്നോട്ടു നയിക്കപ്പെടുന്നത് സ്വന്തം അടിസ്ഥാനാവശ്യങ്ങൾ പോലും നേടാൻ കഴിയാത്ത ജനങ്ങളുടെ കൂടി സംഭാവനകൊണ്ടാണ്. ഒരു ദരിദ്ര കുടുംബം തങ്ങളുടെ ഒരംഗത്തിന് വിദ്യാഭ്യാസം നൽകാൻ പണം സൂക്ഷിക്കുന്നതിന് സമാനമായ പ്രവൃത്തിയാണിത്. അതുകൊണ്ട് തന്നെ ഇതിനെല്ലാം പകരമായി സമൂഹത്തിന് എന്ത് കിട്ടുന്നു എന്ന ചോദ്യം സ്വാഭാവികം മാത്രം. ഗവേഷ ണഫലങ്ങൾ ഇതിനു സുവ്യക്തമായ ഉത്തരം നൽകുന്നു എന്നു കരുതാനും കഴിയില്ല. അങ്ങേയറ്റം സംരക്ഷിക്കപ്പെടേണ്ടതും മെച്ചപ്പെടുത്തി ഭാവി തലമുറകളിലേക്ക് പകർന്നു കൊടുക്കേണ്ടതുമായ വിജ്ഞാന ശേഖരത്തിൻെറ സൂക്ഷിപ്പുകാരാവാൻ ശാസ്ത്രജ്ഞന്മാരുടെ ഒരു സമൂഹത്തിന് കഴിഞ്ഞേക്കാം.

സാംസ്കാരിക വിപ്ലവത്തിന്റെ പേരിൽ കുറച്ച് കാലം മുമ്പ് നിലവിലുണ്ടായിരുന്ന പഠന-ഗവേഷണ വ്യവസ്ഥയാകെ തല്ലിതകർക്കപ്പെട്ടപ്പോൾ ചൈനയിൽ ഈ സംരക്ഷക ദൗത്യം അരങ്ങേറുകയുണ്ടായി. നശിപ്പിച്ചതൊന്നാകെ വേദനയോടെ വീണ്ടും പടുത്തുയർത്തേണ്ടി വന്നു അവർക്ക്. നമ്മുടെ സ്കൂളുകളിലും, കോളേജുകളിലും, യൂണിവേഴ്സിറ്റികളിലും എന്തു സംഭവിക്കുന്നു എന്നറിയാനും സഹായിക്കുവാനും (നിയന്ത്രണങ്ങളും ബുദ്ധിമുട്ടുകളും ധാരാളമുണ്ടെങ്കിൽപോലും) ശാസ്ത്രജ്ഞർ ശ്രമിക്കേണ്ടതാണ്.

മറ്റൊരു പ്രധാന ധർമ്മം, ആരോഗ്യപൂർണ്ണമായ അവിശ്വാസവാദം, ചിട്ടയായ അന്വേഷണം, യുക്തിയുക്തമായ സംവാദം എന്നിവക്ക് ഉത്തമോദാഹരണമായിത്തീരുക എന്നതാണ്. ഈ അവസ്ഥയെ ആയിരിക്കാം ചിലർ ശാസ്ത്രീയ സമചിത്തത എന്നു വിളിക്കുന്നത്. ശാസ്ത്രീയ നേട്ടങ്ങൾ ആത്മവിശ്വാസവും സ്വാശ്രയത്വവും വളർത്താനുള്ള പ്രചോദനം നൽകണം. രാജ്യത്തിനെന്ന പോലെ വ്യക്തികൾക്കും ഇത് അത്യന്താപേക്ഷിതമാണ്. കായികരംഗത്തെ പ്രഗത്ഭമതികൾ ഇത്തരത്തിൽ പ്രചോദനമാവുന്നത് കാണാറുണ്ട്. എന്നാൽ ഇതിനു വിപരീതമായ ഉദാഹരണങ്ങൾക്കും നമ്മൾ സാക്ഷിയായിട്ടുണ്ട്. ഐ.ഐ.ടികൾ പോലുള്ള നമ്മുടെ സാങ്കേതികസ്ഥാപനങ്ങളിലെ ബുദ്ധിമാന്മാരായ ചെറുപ്പക്കാർ പെസിമിസ്റ്റുകളും, ആത്മനിന്ദ പുലർത്തുന്നവരുമാകുമ്പോൾ നമ്മുടെ സ്ഥാപനങ്ങൾ അമേരിക്കൻ സർവ്വകലാശാലകളെ പോഷിപ്പിക്കാനുള്ള 'പാരലൽ കോളേജു'കളായി പ്രവർത്തിക്കുന്നതിൽ അതിശയിക്കാനില്ല.

ശാസ്ത്രജ്ഞർ എന്ന നിലയിൽ സമൂഹത്തിനു നൽകുന്ന ഏതു സംഭാവനയും തങ്ങളുടെ പ്രയത്നത്തിന് ആനുപാതികമായിരിക്കണം. എല്ലാ മേഖലകളിലും നവീനങ്ങളായ വികസനത്തിന്റെ ചുവടുകൾ അരങ്ങേറിക്കൊണ്ടിരിക്കുകയാണ്. ലഞ്ചസ് കാരഡുപയോഗിക്കുന്ന കമ്പ്യൂട്ടറോ വാക്വം ടൂബുപയോഗിക്കുന്ന റേഡിയോയോ ഇന്നാർക്കും ആവശ്യമില്ലെന്ന്



നമുക്കറിയാം. 25 വർഷം മുമ്പ് വ്യാപകമായി സ്വീകരിക്കപ്പെട്ടിരുന്നവയാണ് ഇവ. നമ്മുടെ ഗവേഷണ പ്രയത്നങ്ങളുടെ നല്ലൊരംശം കാലത്തിന് നിരക്കാത്തതാണെന്ന് സമ്മതിക്കാതെ വയ്യ. നവീന സ്ജ്ജീകരണങ്ങളുടെ പ്പോരായ്മകളെണ്ടല്ലിത്. ഒരു ഡോക്ടർ ബിരുദം, അല്ലെങ്കിൽ ഗവേഷണം, അതുമല്ലെങ്കിൽ അധ്യാപനം ഇവയിലേതെങ്കിലുമൊന്ന് നേടുന്നത് തുടർന്നുള്ള ജീവിതം സന്തോഷപ്രദമാക്കാൻ വേണ്ടി മാത്രമാണെന്നു കരുതിയിരുന്നനാളുകൾ ഇനി തുടരാൻ അനുവദിച്ചു കൂടാ.

പുതിയ ഉല്പന്നങ്ങൾക്കും പ്രക്രിയകൾക്കും വേണ്ടി വ്യവസായ സ്ഥാപനങ്ങൾ വളരെയധികം പ്രയത്നിക്കാറുണ്ട്. കാലത്തിന്റെ മാറ്റത്തിനോട് പ്ലാസ്റ്റിക്ക് ഉൽപ്പന്ന നിർമ്മാതാക്കൾപ്പോലും ശാസ്ത്രസമൂഹത്തേക്കാൾ വേഗത്തിൽ പ്രതികരിക്കാറുണ്ട് എന്നത് അപായകരമായ വസ്തുതയാണ്. വ്യവസായങ്ങളും ശാസ്ത്രലോകവും തമ്മിൽ ഒരു സമാന്തര നിരീക്ഷണം നടത്തിയാൽ പീഢിത വ്യവസായങ്ങളെ രോഗനിർണ്ണയം നടത്തി പുനരുജ്ജീവിപ്പിച്ച് ഉല്പാദന പ്രവർത്തനങ്ങൾക്കുവേണ്ടി വീണ്ടും സജ്ജമാക്കുകയോ അടച്ചുപൂട്ടുകയോ ചെയ്യാറുണ്ടെന്ന് കാണാം. സത്യസന്ധമായ വിലയിരുത്തലിൽ നമ്മുടെ പല യൂണിവേഴ്സിറ്റികളും, പരീക്ഷണ ശാലകളും ശാസ്ത്രസ്ഥാപനങ്ങളും പീഢിത വിഭാഗത്തിൽപ്പെടുന്നു എന്നതൊരു അപ്രിയ സത്യമാണ്. ഇത്തരത്തിൽ വളർച്ച മുരടിച്ച ഒരു ശാസ്ത്രസ്ഥാപനത്തെ അടച്ചുപൂട്ടാൻ ധൈര്യം കാണിക്കുന്ന ആദ്യത്തെ വ്യക്തി ഒരർത്ഥത്തിൽ സ്വതന്ത്രഭാരതം ഹോമിഭാഭക്കു നൽകിയ പോലുള്ള ബഹുമതിക്കർഹനാണെന്നു പറയാം. സൃഷ്ടി, സംരക്ഷണം, സംഹാരം എന്നിവയ്ക്ക് തുല്ല്യ പ്രാധാന്യം നല്കാനുള്ള വിവേകം നമ്മുടെ മുൻഗാമികൾക്കുണ്ടായിരുന്നു.

ശാസ്ത്രജ്ഞർ കാലത്തിന്റെ മാറ്റത്തിനൊപ്പം നീങ്ങണമെന്നാണല്ലോ പറഞ്ഞു വന്നത്. ഒപ്പം ഉചിതമായ സമയത്ത് ഈ ലോകത്ത് വ്യത്യസ്തനായി നില്ക്കാനുമാവണം. ആരോഗ്യമേഖലയിലെ ഗവേഷണങ്ങൾ നോക്കുക. പടിഞ്ഞാറൻ രാജ്യങ്ങളുടേതിൽ നിന്ന് വ്യത്യസ്തമായ മുൻഗണനാക്രമങ്ങളാണ് ഈ രംഗത്ത് നമ്മൾ നൽകിവരുന്നത്. കൈകാര്യം ചെയ്യുന്ന വിഷയത്തിൽ ഏകതാനതയുണ്ടെങ്കിലും വിഷയത്തോടുള്ള സാഹചര്യങ്ങളും ആവശ്യങ്ങളും ഈ ഘട്ടത്തിൽ കണക്കിലെടുക്കേണ്ടതുണ്ടല്ലോ. ഇത്തരത്തിൽ വൈവിധ്യം കാത്തുസൂക്ഷിക്കുമ്പോഴാണ് ശാസ്ത്രലോകത്തിനുള്ള സംഭാവനകൾ മൂല്യവത്താവുന്നത്.

നമ്മുടെ ശാസ്ത്രം അന്തിമമായി വിലയിരുത്തപ്പെടുക അതിന്റെ വൈശിഷ്ട്യത്തിന്റെ, ശ്രേഷ്ഠതയുടെ പേരിലായിരിക്കും. അതായത്, ഈ നാട്ടുകാർ ഒറ്റക്കും കൂട്ടായും കീഴടക്കിയ കൊടുമുടികളുടെ പേരിൽ. എല്ലാവർക്കും ഒരേസമയം ഈ ഉയരങ്ങൾ താണ്ടാൻ കഴിഞ്ഞെന്ന് വരില്ല. പർവ്വതാരോഹണത്തിലെന്ന പോലെ നിരവധി പേരുടെ പ്രയത്നമാണ് ഒന്നോ, രണ്ടോ പേരെ കൊടുമുടിയിലെത്താൻ സഹായിക്കുന്നത്. എവറസ്റ്റിന്റെ നിറുകയിൽ ആദ്യം കാലുകുത്തിയ വ്യക്തിക്ക് അതിനു കഴിഞ്ഞത് സ്വപ്രയത്നത്താൽ മാത്രമല്ല ഏതാനും പേരുടെ കൂട്ടായ തീരുമാനത്തിന്റെയും അദ്ധ്വാ

നത്തിൻെറയും പരിണിതഫലമായിട്ടു കൂടിയാണ്.ശാസ്ത്രലോകത്ത് ഇത്തരമൊരു തീരുമാനമുണ്ടാവുക എളുപ്പമല്ല. കാരണം സ്വതന്ത്രരും, മത്സരബുദ്ധിയുള്ളവരും, അവനവനുവേണ്ടി യത്നിക്കുന്നവരുമായ വ്യക്തികളാണ് ശാസ്ത്രസമൂഹത്തിലുള്ളത്. എന്നിരുന്നാലും അന്തിമമായി ചിലരെങ്കിലും ഔന്നത്യത്തിലെത്തുക തന്നെ ചെയ്യും. കാരണം അത് സമൂഹത്തിൻെറ (കാലത്തിൻെറയും) ആവശ്യമാണ്. ഇത് ആർജ്ജിക്കുന്നതാവട്ടെ ശാസ്ത്രജ്ഞർക്കിടയിലെ തുറന്ന മത്സരങ്ങളിലൂടെയായിരിക്കും.

ഓരോ ശാസ്ത്രജ്ഞനും വ്യവസ്ഥ സമയങ്ങളിൽ വിഭിന്നങ്ങളായ ഉത്തരവാദിത്വങ്ങൾ നിറവേറ്റാൻ സ്വയം സജ്ജരായിരിക്കണം. 'ഇന്നലെ' മഹത്തരമായിരുന്ന ഒന്ന് നാളെ അങ്ങനെ ആയിക്കൊള്ളണമെന്നില്ലല്ലോ. ഇന്ന് നിലനിൽക്കുന്ന വ്യവസ്ഥാപിത രീതി സൂചിപ്പിക്കുന്നത് ഒരാളുടെ കഴിവുകൾ (abilities) അറുപത് വയസ്സുവരെ (അതിലധികമോ) വികസിച്ചുകൊണ്ടിരിക്കുന്നു എന്നതാണ്. ഇനി വരാൻ പോകുന്ന വർഷങ്ങളിൽ ഈ പ്രസ്താവം സത്യമായിരിക്കണമെന്നില്ല. ഒരാളുടെ പ്രായമോ ഭൂതകാലമോ പരിഗണിക്കപ്പെടാതെ അപ്പപ്പോഴുള്ള വൈദഗ്ധ്യത്തിൻെറ മാത്രം അടിസ്ഥാനത്തിൽ ശാസ്ത്രജ്ഞൻെറ പങ്ക് അല്ലെങ്കിൽ അർഹത നിർണ്ണയിക്കുന്ന രീതി രൂപപ്പെട്ടു വരണം. ഈയൊരു രീതിക്കടിസ്ഥാനമായി കാലങ്ങൾക്കു മുമ്പുണ്ടായ ഒരു സംഭവം ഓർമ്മിച്ചുകൊള്ളട്ടെ. പ്രസിദ്ധമായ കേംബ്രിഡ്ജ് സർവകലാശാലയിലെ ഗണിത ശാസ്ത്രാദ്ധ്യാപകനായിരുന്ന ഐസ്ക് ബാരോ തൻെറ 39-ാം വയസ്സിൽ പ്രൊഫസർ സ്ഥാനം രാജിവച്ചു. പ്രതിഭാശാലിയായ ഒരു ഇരുപത്തേഴ്കാരന് അവസരം നൽകാനായിരുന്നു ഈ ത്യാഗം. ഐസക് ന്യൂട്ടൺ ആയിരുന്നു ആ പ്രതിഭാശാലി എന്നതിനാൽ ഇതൊരു ഒറ്റപ്പെട്ട സംഭവമാണെന്ന് സമ്മതിക്കുന്നു. എന്നാൽ നമ്മുടെ നാട്ടിൽ അധികാരങ്ങളിൽ നിന്ന് മാറിനിൽക്കുന്ന ഒരു കാലം ശാസ്ത്രസ്ഥാപനങ്ങളിൽ സ്വമേധയാ ഉണ്ടാവാറില്ലെന്നത് സത്യമാണ്.



വിപുലവും ചെലവേറിയതുമായ സജ്ജീകരണങ്ങൾ ഇടക്കിടെ ആവശ്യമായി വരുമ്പോൾ അവ പരമാവധി പ്രയോജനപ്പെടുത്തുന്നുണ്ടെന്നും ഉറപ്പുവരുത്തണം. ഈ പ്രശ്നം ലോകത്തെല്ലായിടത്തും ഉള്ളതാണെങ്കിലും നമ്മുടെ നാട്ടിൽ അതു കുറച്ചു കൂടെ തീവ്രമാണ്. ഈ സാഹചര്യം കൈകാര്യം ചെയ്യുന്നതിൽ ജ്യോതിശാസ്ത്രജ്ഞർ മുൻപന്തിയിൽ നില്ക്കുന്നു. ഉദാഹരണത്തിന് അമേരിക്കയുടെ കാര്യമെടുക്കാം. ലോകത്തിലെ ശക്തിയേറിയ റേഡിയോ ടെലസ്കോപ്പുകളിലൊന്ന് സ്ഥാപിച്ചിട്ടുള്ളത് അവിടെയാണ്. എന്നിട്ടും അവർ ലോകത്തെല്ലായിടത്തുനിന്നുമുള്ള നിരീക്ഷണ നിർദ്ദേശങ്ങൾ സ്വീകരിക്കുകയും ശാസ്ത്രീയ ഗുണമേന്മമാത്രം അടിസ്ഥാനപ്പെടുത്തി അവ തിരഞ്ഞെടുക്കുകയും ചെയ്യുന്നു. ഇത്തരത്തിൽ മികച്ച ഒരു സംവിധാനം കെട്ടിപ്പടുക്കുന്നതിനും നിരീക്ഷണ നിർദ്ദേശങ്ങളുടെ മേന്മ തിട്ടപ്പെടുത്തൽ അചഞ്ചലമായി തുടരുന്നതിനും വലിയൊരളവ് കഠിനാധ്വാനക്രമം തന്നെ ഇതിനായി വികസിപ്പിച്ചെടുക്കേണ്ടി വന്നിട്ടുണ്ട്. എന്നാൽ ദീർഘകാല പരിഗണനയിൽ ആശയങ്ങളുടെയും വിഭവങ്ങളുടെയും ഇത്തരത്തിലുള്ള സമാഹരണം ശാസ്ത്രത്തെ അഭിവൃദ്ധിപ്പെടുത്തും എന്നതിൽ തർക്കമില്ല. ഒറ്റപ്പെട്ട ചില പ്രഭുക്കന്മാരിൽ നിന്നു പൊതുവായതും പങ്കാളിത്തമുള്ളതുമായ സജ്ജീകരണങ്ങളുടെ തുറന്ന ഒരു ലോകത്തേക്ക് നമ്മുടെ ശാസ്ത്രസമൂഹവും മാറേണ്ടിയിരിക്കുന്നു.

ഓരോ ഇന്ത്യൻ ശാസ്ത്രജ്ഞൻെറയും സുപ്രധാന ധർമ്മവും കടമയും വെല്ലുവിളികളെ സ്വീകരിക്കുക എന്നതാവണം. ബാഹ്യമായ കിടമത്സരം, പരിശീലനം, ആന്തരികമായ വികാസരാഹിത്യം, ആവശ്യ വർദ്ധനവ് മുൻനിർത്തി അപൂർവ്വവിഭവങ്ങളുടെ ഫലവത്തായ സമാഹരണം എന്ന രീതിയിലെല്ലാം ഈ വെല്ലുവിളികൾ നിലനില്ക്കുന്നു. ചിലമേഖലകളിലെങ്കിലും മാറ്റങ്ങളുടെ നാമ്പുകൾ സൂക്ഷ്മനിരീക്ഷണം നടത്തുന്ന ഒരാൾക്ക് കാണാനാവും. അധികാര ശ്രേണിയുടെ ഉന്നതങ്ങളിലെവിടെയും സ്ഥാനം ലഭിക്കാത്ത യുവഗവേഷകർ സ്വന്തമായ അന്വേഷണങ്ങളിലേക്കും, സമാഹരണങ്ങളിലേക്കും തിരിഞ്ഞിരിക്കുന്നു. ഒരിക്കൽ വകുപ്പുമേധാവി ആയാൽ അദ്ദേഹം മരണംവരെയോ, റിട്ടയർമെൻറ് വരെയോ (ഏതാണാദ്യമെങ്കിൽ) ആ സ്ഥാനം മുറുകെപ്പിടിച്ചിരിക്കുന്നതായിരുന്നു നമ്മുടെ നാട്ടിലെ സ്ഥിതി. നിരവധി സ്ഥാപനങ്ങളിൽ ഇന്നാ രീതിക്ക് ഇളക്കം തട്ടിക്കഴിഞ്ഞു. ഗുണമേന്മയുള്ള ഗവേഷണങ്ങൾ ഒന്നിലേറെ കേന്ദ്രങ്ങളിൽ നടത്തുകവഴി രാജ്യത്തിനകത്തു തന്നെ അർത്ഥവത്തായ വിമർശനങ്ങളും കൂട്ടായ പ്രവർത്തനവും സാധ്യമാകും. ഈ പ്രവണത വ്യാപകമായി തുടർന്നാൽ കൂടുതൽ മികച്ചതും ദീർഘകാല നിലനില്പ്പുള്ളതുമായ ഒരു സമൂഹത്തിനും പ്രസ്ഥാനത്തിനും വേണ്ടി നമുക്ക് നമ്മുടെ ശാസ്ത്രജ്ഞരിലെ പ്രതീക്ഷ അർപ്പിക്കാനാകും.

ഒരിന്ത്യൻ ശാസ്ത്രജ്ഞൻെറ ഉത്തരവാദിത്വങ്ങൾ ക്ലേശകരവും ഭാരിച്ചവയുമാണെന്ന് തോന്നുന്നുണ്ടാവാം. പക്ഷേ താല്പര്യജനകങ്ങളായ പ്രശ്നങ്ങളെ അതാസ്വദിച്ചുകൊണ്ടും അതിനായി സ്വയം സമർപ്പിച്ചു കൊണ്ടും പരിഹരിക്കുമ്പോൾ അദ്ധ്വാനം ക്ലേശകരമെന്നോ ചെലവ് പാഴാകുന്നുവെന്നോ തീർച്ചയായും തോന്നുകയില്ല. ■

THOUGHT

dept. of english
YASIN ASHRAF

# THE EFFICIENCY SYNDROM

As we turn the century it is the mouse that calls the shots. As you browse and surf, you suppose you are in full control of the computer and in charge of your trip through the website, but in actual fact it is the other way round. You have been pre-programmed by the computer. It is the machine that has you in its power. As the other mouse (the zoological kind) said to its friend about the scientist who was conducting experiments with it. "I have the man fully under my control. Whenever I get hungry, he comes and rings the bell and I get my food."

Alvin Toffler speaks about the death of the Second Wave and the birthpangs of a new civilization. W.B Yeats had earlier spoken of a new "beast", with the head of a man and the body of a lion, about to get born after the decay of the present order.

That change is visible on the campus too. There is a subtle shift in the attitude of the students and the education process. The process has started targeting individual achievers rather than mass education. Each student is involved not in a cooperative effort of popular education but in the competitive promotion of individual interests. The friend sitting next to you is actually your enemy whom you have to defeat at the Entrance test.

All this in the name of efficiency. Efficiency is the mouse in the cage that rules the experimenter. It is the mouse in the computer operator's hand that influences his behaviour. It is the beast with a lion's body and head of a man that is getting born to rule the world. Efficiency has become the criterion we use to deny reservation to the downtrodden, and to justify all institutionalized suppression.

King Lear long ago wanted to divide his kingdom among his three daughters. But they had to hear them declare how much each loved her father. Our institutions today offer their services on condition that the beneficiaries declare their commitment in the form of money.

Mistakes, both. Just as love is immeasurable, so is commitment. Efficiency reduces every unquantifiable value to a quantity. Efficiency is in fact the worship of quantity. Shorn of finer emotions, it makes the man work the machine faster. The more like a machine you are, the more efficient you are supposed to be. Indeed, by this yardstick Hitler was the most efficient leader of the century that is now wrapping itself up.

The worship of Efficiency demands the new form of the jungle law called "survival of the fittest". As the new century takes charge, rank-holders get pampered while the failures get left out by the wayside. Surely there is going to be a reaction against this inhuman overemphasis an Efficiency. Today the earnest student has lost the enjoyment of learning. His smile has vanished, just as he himself has vanished into the stomach of that beast called Efficiency. Ever heard of the young lady?

There was a young lady of Niger,
Who smiled as she rode on a tiger.
They returned from the ride
With the lady inside-
And the smile on the face of the tiger!

Education will certainly get tired of glorifying Efficiency as an absolute value. It will certainly like to get the young ladies from inside the tiger, and to get that smile back on her face.

Efficiency would be all right-with a human face. But as of now it doesn't have it. ■